T 61
A 42

T61
A42

# Malayalam Text Series

## Intermediate Examination

1397.

അദ്ധ്യാത്മരാമായണം

# സുന്ദരകാണ്ഡം

ശ്രീ: കെ. ശങ്കരപ്പിള്ള അവർകൾ ബി. ഏ.

എഴുതിയ

നിരൂപണവും വ്യാഖ്യാനവും കൂടിയുള്ളതു്.

DHARMARAJA COLLEGE LIBRARY
11765

കേരളകേസരി പ്രസ്സ്, തിരുവനന്തപുരം.

Price 12 As

VI D
200
... COLLEGE LIBRARY, BANGALORE. 11765
12247

# അവതാരിക

## i എഴുത്തച്ഛൻ.

കൊല്ലവർഷം 700 മുതൽ 870 വരെയുള്ള കാലഘട്ടത്തിനു
ള്ളിലായിരിക്കണം എഴുത്തച്ഛന്റെ ജീവിതമെന്നു പരക്കെയു
മ്മതമായുള്ള അഭിപ്രായം തന്നെയാണ്, ഇപ്പോഴത്തെ ഗവേഷക
ന്മാരുടെ നോട്ടത്തിലും തെളിഞ്ഞു കാണുന്നത്. ഈ സംഗതി തെ
ളിയിക്കാൻ, പണ്ഡിതവരേണ്യനായ മിസ്റ്റർ പി. കെ. പറഞ്ഞിരി
ക്കുന്ന രണ്ടു പുതിയ ലക്ഷ്യങ്ങൾ പ്രത്യേകം ശ്രദ്ധാർഹമാകുന്നു.

1. തിരുവനന്തപുരം കൊട്ടാരം വക ഗ്രന്ഥശാലയിൽ, അദ്ദേ
ഹം കാണുവാനിടയായ 'അദ്ധ്യാത്മരാമായണം' താളിയോല ഗ്രന്ഥ
ത്തിലെ യുദ്ധകാണ്ഡത്തിന്റെ അവസാനം, കൊല്ലവർഷം 870
വൃശ്ചികമാസത്തിൽ പകർത്തിത്തീർത്തതായ് കുറിച്ചു കാണുന്നു. കേര
ളത്തിന്റെ ഒരററത്തുനിന്നു മറെറാരററംവരെ ഒരു സാഹിത്യ കൃതി
ക്കു നല്ല പ്രചാരം കിട്ടണമെങ്കിൽ അന്നത്തെ കാലസ്ഥിതിക്ക് കുറ
ഞ്ഞപക്ഷം നൂറു നൂററിയമ്പതു വർഷമെങ്കിലും കൂടാതെ കഴിയി
ല്ലെന്നോക്കുമ്പോൾ, എഴുത്തച്ഛന്റെ ജീവിതകാലം 700 നും
00 നും മദ്ധ്യേ തന്നെയായിരിക്കാൻ ന്യായമുണ്ടെന്നു വരുന്നു.

. കൊല്ലവർഷം 700_ാമാണ്ടു് എഴുതിത്തീർന്നതെന്നു കലിസംഖ്യാ
നം കുറിച്ചു കാണുന്ന "തന്ത്രസംഗ്രഹം" ഗ്രന്ഥത്തിന്റെ നിർമ്മാ
ാവും, തൃക്കണ്ടിയൂർ ഗ്രാമക്കാരനും, ആഴ്‌വാഞ്ചേരിത്തമ്പ്രാക്കളുടെ
പദേഷ്ടാവും ആയ നീലകണ്ഠസോമയാജിയെത്തന്നെയായിരിക്ക
ം, എഴുത്തച്ഛൻ തന്റെ പ്രസിദ്ധകൃതിയായ "ഹരിനാമകീ
ത്തന"ത്തിൽ "ശ്രീനീലകണ്ഠ ഗുരുവായ്" വാഴ്ത്തിയിരിക്കുന്നതെ
ന്നും ഊഹിക്കണം. ഈ അഭ്യൂഹം, എഴുത്തച്ഛന്റെ ജീവിത

കാലം ഇപ്പാറഞ്ഞതു തന്നെയെന്നു തെളിയിക്കുവാൻ ഉത്തേജകമായ്ത്തീരുന്ന മററൊരു സംഗതിയാണെല്ലൊ.

എഴുത്തച്ഛന്റെ ജന്മദേശത്തേപ്പററി യാതൊരഭിപ്രായവ്യത്യാസവും വന്നു ചേൎന്നിട്ടില്ലാത്തതു് വളരെ ആശ്വാസപ്രദമെന്നേ പറയേണ്ടതൊള്ളു. മുൻ കാലങ്ങളിൽ വെട്ടത്തുനാട്ടു്, എന്നറിഞ്ഞു വന്ന പൊന്നാനിത്താലൂക്കിൽ, തൃക്കണ്ടിയൂർ ശിവക്ഷേത്രത്തിന്റെ സമീപം, ഇപ്പോഴും 'തുഞ്ചൻ പറമ്പു്' എന്നു പേരു് പറയുന്ന സ്ഥലമാണു് എഴുത്തച്ഛന്റെ ജന്മഭൂമി.

എഴുത്തച്ഛന്റെ സാക്ഷാത്തായ പേരു, എന്തായിരുന്നുവെന്നുള്ളതിനേപ്പററി, ഈയിടയ്ക്കു് അഭിപ്രായന്തരങ്ങളും ഉണ്ടായിട്ടുണ്ടു്. ഏതായാലും, മുൻകാലം മുതൽ ഈ എഴുത്തച്ഛനേ, മലയാളികൾ നിൎദ്ദേശിച്ചു വരാറുള്ളതു്, "രാമാനുജൻ എഴുത്തച്ഛൻ" എന്ന പേരിൽ തന്നെയാണു്. അതിന്നവൎക്കുള്ള നിദാനം, അദ്ധ്യാത്മരാമായണ പ്രാരംഭത്തിൽ കാണുന്ന

അഗ്രജൻ മമ സതാം വിദുഷാമഗ്രേസരൻ
മൽഗ്ഗുരു നാഥനനേകാന്തേ വാസികളോടും
ഉൾക്കരുന്നിങ്കൽ വാഴ്ക രാമനാമാചാൎയ്യനും

എന്നീ വരികൾ തന്നെയാണെന്നുള്ളതിനും തൎക്കമുണ്ടെന്നു തോന്നുന്നില്ല. ഈ വരികൾക്കു ഇപ്പോൾ ചില പണ്ഡിതന്മാർ വ്യാഖ്യാനാന്തരം പുറപ്പെടുവിക്കുന്നുണ്ടെങ്കിലും, കേരളീയർ ഇതുവരെ ധരിച്ചു വന്നിട്ടുള്ളതും ഇപ്പോഴും സാധാരണ നിലയ്ക്കു ധരിക്കുവാൻ ന്യായമുള്ളതും ആയ ആശയമനുസരിച്ചു്, എഴുത്തച്ഛൻ ഈ വരികളിൽ, തന്റെ ജ്യേഷ്ഠനും വിദ്വച്ഛിരോമണിയും ആയ 'രാമനേ' ആദരപൂൎവ്വം തന്റെ ആചാൎയ്യനായ് അനുസ്മരിക്കുന്നുവെന്നുവേണം വിചാരിക്കുവാൻ. എഴുത്തച്ഛന്റെ പേരറിയാവുന്ന ആളുകളുടെ കാലം കഴിഞ്ഞു്, പിന്നെയും അദ്ദേഹത്തിന്റെ കൃതികൾക്കുള്ള പ്രചാരം വൎദ്ധമാനമായ്വന്നപ്പോൾ, തൽകൃതിയെന്നു നിസ്സംശയം വിശ്വസിച്ചു വന്ന അദ്ധ്യാത്മരാമായണത്തിലെ ഈ പ്ര

ന്തരം പത്തെ ശരണീകരിച്ചു്, കേരളീയർ പ്രസ്തുത കവിക്കു "രാമാനു ള്ളതിനു എന്ന പേർ കല്പിച്ചുകൂട്ടിക്കൊടുത്തുവെന്നുള്ളതായിരിക്കണം, അതിനുപരിന്റെ ആഗമകാരണം.

ധ്യാത്മ എഴുത്തച്ഛന്റെ കൃതികളെന്നു സാധാരണ അറി ിവ്യ വന്ന ചില ഗ്രന്ഥങ്ങളെപ്പററി ഇപ്പോഴും അഭിജ്ഞന്മാരുടെയിടയിൽ അഭിപ്രായ വ്യത്യാസമുണ്ടു്. ഭാരതം, ഉത്തരകാണ്ഡത്തോടുകൂടിയ അദ്ധ്യാത്മരാമായണം, എന്നി കിളിപ്പാട്ടുകളും, ശ്ലോകരീതിക്കുള്ള ഹരിനാമകീർത്തനമെന്ന കൃതിയും, എഴുത്തച്ഛൻ രചിച്ചിട്ടുള്ളതാണെന്നു പക്ഷാന്തരമെന്യേ എവരും സമ്മതിക്കുന്നു. മററുകൃതികളിൽവെച്ചു്, ഭാഗവതത്തിലെ ദശമം (ശ്രുതിഗീതാദ്ധ്യായം തുടങ്ങിയഭാഗങ്ങൾ) ശിവപുരാണം, ചിന്താരത്നം, കൈവല്യനവനീതം, എന്നീഗ്രന്ഥങ്ങൾ എഴുത്തച്ഛന്റേതായ്വരാൻ തരമില്ലെന്നും, എന്നാൽ ബ്രഹ്മാണ്ഡപുരാണം എഴുത്തച്ഛന്റെ കൃതിയായ്വരാനേ ന്യായമുള്ളുവെന്നും, ഇരുപത്തിനാലുവൃത്തം പുനം നമ്പൂരിയുടെ കൃതിയായിരിക്കണമെന്നുമത്രേ, അതാതു കൃതികളേ താരതമ്യബുദ്ധ്യാ അദ്ധ്യയനം ചെയ്തിട്ടുള്ള ആധുനിക പണ്ഡിതന്മാരുടെ അഭിപ്രായം.

മലയാളഭാഷയുടെ ജനയിതാവായിട്ടാണല്ലൊ കേരളീയർ എഴുത്തച്ഛനെ ഗണിക്കാറുള്ളതു്. മുൻകാലങ്ങളിൽ നമ്മുടെഭാഷയ്ക്കില്ലാതെയിരുന്ന എന്തെങ്കിലും ഉപകരണങ്ങളേ, എഴുത്തച്ഛൻ പുതുതായിക്കണ്ടുപിടിച്ചു ചേർത്തുകൊണ്ടാണു് ഈസ്ഥാനം അദ്ദേഹത്തിനു കിട്ടിവരുന്നതെന്നു ഗ്രഹിക്കരുതു്. ഭാഷയിൽ മുമ്പുനടപ്പിലിരുന്ന രീതികളെ അദ്ദേഹം വിവേകപൂർവം കൂട്ടിയിണക്കുക മാത്രമേ ചെയ്തിട്ടുള്ളൂ. ഈ സങ്കലിതരീതിയെ സ്വീകരിച്ചു്, അദ്ദേഹം രചിക്കയുണ്ടായ കവനങ്ങൾക്കു് കാലക്രമം കൊണ്ടു് ഭാഷയിൽ ചിരന്തനപ്രചാരം സിദ്ധിക്കയാൽ, തന്റെ ഇക്കവനസങ്കേതം സ്ഥിരപ്രതിഷ്ഠ ലഭിക്കാനിടയായി. ഇപ്രകാരം എഴുത്തച്ഛൻ ഭാഷയ്ക്കു വരുത്തിയിട്ടുള്ള പരിഷ്കാരങ്ങളെ ... ഏതാണ്ടെല്ലായും പ്രകാരം പരിഗണിക്കാം ... എഴുത്തച്ഛൻ, പഴ ... നരീതികളെ പ

രിഷ്ക്കരിച്ച് "കിളിപ്പാട്ട" സമ്പ്രദായം നടപ്പിൽവരുത്തി. ഇതിൽ എഴുത്തച്ഛൻ വരുത്തിയ പുതുമ എന്തെന്നാൽ, മുമ്പ് അക്ഷരക്ലിപ്തിയില്ലാതെയിരുന്ന പഴയ പാട്ടിന്, താൻ, സംസ്കൃതഛന്ദശ്ശാസ്ത്രത്തിലെ അക്ഷരനിയമത്തേയും കൂടിവരുത്തിവെച്ചുവെന്നുള്ളതാണ്. 2) സംസ്കൃത ഛന്ദോനിയമങ്ങളനുസരിച്ച്, ഭാഷയ്ക്കു അക്കാലം കൊണ്ടുണ്ടായല്ലോകരീതിക്കുമാത്രം അനുവദിക്കപ്പെട്ടുവന്ന, സംസ്കൃത വിഭക്ത്യന്തങ്ങളോടുകൂടിയ മണിപ്രവാളരീതിയെ, എഴുത്തച്ഛൻ, തന്റെ കിളിപ്പാട്ടിലും സ്വീകരിച്ചു. 3) എഴുത്തച്ഛന്റെ അടുത്ത പരിഷ്ക്കരണം മണിപ്രവാളരീതിയെ സംബന്ധിച്ചുള്ളതുതന്നെയായിരുന്നു. മലയാളപ്രകൃതികളോടു സംസ്കൃത വിഭക്ത്യന്തങ്ങളെ ചേക്കുന്ന വിലോമരീതിയെ, അദ്ദേഹം ഉപേക്ഷിക്കയും, സംസ്കൃതപ്രകൃതികളോട് തദ്വിഭക്ത്യന്തങ്ങളെ ചേത്തു മലയാള പദങ്ങളോട് ഇടകലത്തുകയെന്നുള്ള "അനുലോമരീതി"യെ മാത്രം തന്റെ കവനങ്ങൾക്കുപയോഗിക്കയും ചെയ്തു. 4) ഈ മണിപ്രവാളരീതിക്കുള്ള തന്റെ കിളിപ്പാട്ടുകൾക്കുപയോഗിച്ചുവന്ന ഭാഷയിലെ അക്ഷരാസ്ഫുടതയ്ക്കുവേണ്ടി, എഴുത്തച്ഛൻ തന്റെകൃതികളെയെല്ലാം ആര്യ എഴുത്തിൽ എഴുതി. "ആര്യഎഴുത്തു" എന്നുവെച്ചാൽ, സംസ്കൃതഗ്രന്ഥങ്ങളെ പകത്തി സൂക്ഷിക്കാൻ ദ്രാവിഡർ ഉപയോഗിച്ചുവന്ന ലിപി സമുദായത്തിനു അന്നുണ്ടായിരുന്ന പേരെന്നു മനസ്സിലാക്കണം. ഇതിനു "ഗ്രന്ഥാക്ഷര"മെന്നും പറഞ്ഞുവന്നു. ഈ പരിഷ്ക്കാരങ്ങളാൽ മുൻകാലങ്ങളിലെ മലയാണ്മ ഇപ്പോഴത്തെ മലയാളമായിതീരാൻ കാരണമാക്കിയ എഴുത്തച്ഛനേ ഭാഷയുടെ ജനിതാവെന്നു കേരളീയർ ആദരിക്കുന്നതിൽ ഒട്ടും വിസ്മയിക്കേണ്ടതുമില്ല.

## ii അദ്ധ്യാത്മരാമായണം കിളിപ്പാട്ട്.

തെലുങ്കുലിപിയിൽ എഴുതപ്പെട്ടിരുന്ന അദ്ധ്യാത്മ രാമായണം സംസ്കൃതഗ്രന്ഥത്തെ എഴുത്തച്ഛൻ, ചെമ്പകശ്ശേരി രാജാവിന്റെ ആജ്ഞയനുസരിച്ച് അമ്പലപ്പുഴവച്ചു കിളിപ്പാട്ടായിട്ടു ഭാഷ

ന്തരംചെയ്തുവെന്നാണ് ഐതിഹ്യം. മൂലഗ്രന്ഥകാരൻ ആരെന്നുള്ളതിനെപ്പററി ഒരു രൂപവുമുള്ളതായിഅറിയുന്നില്ല. എഴുത്തച്ഛൻ അതിപ്രസിദ്ധമായ വാല്മീകി രാമായണത്തെ ഉപേക്ഷിച്ച് അദ്ധ്യാത്മരാമായണം ഭാഷാന്തരപ്പെടുത്തിയതിനു് ഐതിഹ്യപ്രകാരം, ഈ രാജാജ്ഞ, ഒരു കാരണമായ്ത്തീൎന്നിരിക്കാമെങ്കിലും, തനിക്കു മുമ്പു്, കണ്ണശ്ശൻ, വാത്മികിരാമായണം ഭാഷാന്തരം ചെയ്തുകഴിഞ്ഞിരിക്കുന്നുവെന്നുള്ള വസ്തുത തൻെറ, ഈ അദ്ധ്യാത്മികോദ്യമത്തിനു വിശേഷാൽപ്രേരകമായിരുന്നിരിക്കണം. പരമാത്മതത്വങ്ങളേ പ്രത്യക്ഷപ്പെടുത്തുമാറുള്ള രാമായണ പ്രതിപാദനമെന്നാണല്ലൊ "അദ്ധ്യാത്മരാമായണം" കൊണ്ടു അൎത്ഥമാക്കേണ്ടതു്. തദനുസരണമായ രാമകഥാഖ്യാനമാണ് നാം അദ്ധ്യാത്മരാമായണത്തിൽ കാണുന്നതും. അവസരംകിട്ടുംപൊഴൊക്കെ ആത്മിക തത്വങ്ങളേപ്രകാശിപ്പിക്കുന്ന ശ്രീരാമനേ അദ്ധ്യാത്മികരാമായണത്തിൽ ആദ്യന്തം ഈശ്വരാവതാരമായി വിവരിച്ചിരിക്കുന്നു. വാല്മീകിരാമായണത്തിലാകട്ടെ, രാമനെ ചരിത്രപ്രസിദ്ധമായ ഒരുത്തമകഥാപാത്രമായിട്ടേ ചിത്രീകരിച്ചിട്ടുള്ളു. അദ്ധ്യാത്മജ്ഞാനത്തേയും ഈശ്വരഭക്തിയേയും കേരളീയരിൽ ഉൽപാദിപ്പിക്കുവാൻ അദ്ധ്യാത്മരാമായണത്തിൻെറ പരിഭാഷ അത്യാവശ്യമെന്നും എഴുത്തച്ഛൻകണ്ടിരിക്കണം. കേരളീയരുടെ ഇടയിൽ, പാരായണയോഗ്യങ്ങളായ ഭാഷാഗ്രന്ഥങ്ങൾക്കുണ്ടായിരുന്ന ദൌൎല്ലഭ്യത്തെ കഴിയുന്നത്ര പരിഹരിക്കണമെന്നു കൂടി ഉദ്ദേശിച്ചിരുന്ന എഴുത്തച്ഛൻ, തൻെറ ഇപ്പരിഭാഷോദ്യമത്താൽ, മൂലകൃതിയ്ക്കു സാഹിത്യഗുണാംശങ്ങളിലുണ്ടായിരുന്ന കോട്ടങ്ങളേതീൎത്തും, ഭക്തിമഹിമകളേ കൂടുതലായ് പ്രകാശിപ്പിച്ചും, കേരളീയൎക്കു അത്യന്തം ഉപയോഗയോഗ്യമായ അദ്ധ്യാത്മരാമായണത്തെയാണ് പ്രദാനം ചെയ്കയുണ്ടായതു്. കഥാബന്ധത്തിനും രസപൌഷ്കല്യത്തിനും ചേൎന്ന മനോധൎമ്മപ്രയോഗം കൊണ്ടു എഴുത്തച്ഛൻ, അദ്ധ്യാത്മരാമായണത്തേ ആദ്യന്തം മധുരവും ഗുണസമ്പന്നവും ആക്കിത്തീൎത്തിട്ടുണ്ടു്. ഇതിനുവേണ്ടി, വാല്മീകിപ്രഭൃതികളായ സം

സ്കൃതകവികളേയും, കണ്ണശ്ശൻ മുതലായ ഭാഷാ കവികളേയും അനുകരിക്കുന്നതിൽ എഴുത്തച്ഛൻ മടിച്ചിട്ടുമില്ല. കണ്ണശ്ശകവിതയുടെ ആശയഗതിയേയും ചമൽക്കാരരീതിയേയും എഴുത്തച്ഛൻ സ്വീകരിച്ചിട്ടുണ്ടെന്നുള്ളതിനു ലക്ഷ്യങ്ങൾ അദ്ധ്യാത്മരാമായണത്തിൽ അവിടവിടെയായും ഉത്തരകാണ്ഡത്തിൽ ധാരാളമായും കാണ്മാനുണ്ടു്.

## iii സുന്ദരകാണ്ഡം.

സുഗ്രീവാജ്ഞയനുസരിച്ചു് സീതാദേവിയെ തിരക്കിപ്പുറപ്പെട്ടിരിക്കുന്ന വാനരസംഘത്തിൽ ഉൾപ്പെട്ട ഹനുമാൻ, മഹേന്ദ്രഗിരിയിൽ നിന്നും രാവണപുരിയായ ലങ്കയിലേക്കു ചാടുവാൻ ഉദ്യമിക്കുന്നിടംമുതൽ, ഹനുമാൻ ലങ്കയിലേ അശോകവനികയിലുള്ള ശിംശുപാവൃക്ഷച്ചുവട്ടിൽവെച്ചു സീതാദേവിയെ സന്ദർശിച്ചു് രാവണപുരിയും ദഹിപ്പിച്ചു് തിരിയെ വാനരസംഘത്തിൽ എത്തിച്ചേർന്നു് അവരോടൊരുമിച്ചുവന്നു ശ്രീരാമനേക്കണ്ടു് സീതാവൃത്താന്തം വിവരിച്ചറിയിക്കുന്നതുവരെയുള്ള രാമായണകഥാംശമാണെല്ലാ സുന്ദരകാണ്ഡത്തിൽ പ്രതിപാദിച്ചിട്ടുള്ളതു്. ഈ കാണ്ഡത്തിനു് സുന്ദരകാണ്ഡമെന്നപേർ അദ്ധ്യാത്മരാമായണ കർത്താവു കൊടുത്തു കാണുന്നതു് തൻെറ കൃതിയുടെ മററുകാണ്ഡങ്ങൾക്കെന്നപോലെ, ആദികവിയുടെ കാണ്ഡവിഭാഗനാമധേയങ്ങളേ താൻ സ്വീകരിക്കയുണ്ടായതുകൊണ്ടുമാത്രമാണു്. പ്രസ്തുത കഥാംശം വിവരിക്കുന്നഭാഗത്തിനു വാത്മീകി, 'സുന്ദരം' എന്നു പേരുകൊടുക്കാനുള്ളകാരണം ഇവിടുത്തെ ഇതിവൃത്തസൌന്ദര്യം കൊണ്ടുതന്നെയാണെന്നുള്ളതിനു തർക്കമില്ല. രാമായണത്തിലെ നായകനായശ്രീരാമനും നായികയായ സീതാദേവിക്കുംഉണ്ടായ വിരഹദുഃഖത്തിനുശമനംലഭിക്കുമാറു് രാമൻെറ അംഗുലിയത്തെ സീതയ്ക്കും സീതയുടെ ചൂഡാമണിയെ രാമനും കൊണ്ടുകൊടുത്തു പരസ്പരം അവരുടെ ക്ഷേമത്തെ അറിയിക്കുന്ന ഈ ഭാഗം രാമായണത്തിലേ മററു ഭാഗങ്ങളേക്കാൾ സുന്ദരവും ഹാർദ്ദവുമാണല്ലോ. എന്നാൽ സുന്ദരകാണ്ഡത്തിനു

ആ പേരു കിട്ടുവാൻ പലർ, പല വിധം അവരവരുടെ മനോധൎമ്മമനുസരിച്ചു ഓരോ യുക്തികൾ പറയാറുണ്ടെങ്കിലും ശരിയായ പരിശോധനയിൽ അവയ്ക്കു സാംഗത്യം പോരെന്നു കാണുന്നു.

1. രാമൻെറ സൌന്ദൎയ്യാതിരേകം, ഈ മദ്ധ്യഘട്ടത്തിൽ സവിശേഷം തിളങ്ങേണ്ടതാകയാൽ ഇതിനു സുന്ദരകാണ്ഡമെന്നു പേർ ആദികവി കല്പിച്ചിട്ടുള്ളതാണെന്നു ചിലർ വാദിക്കുന്നു. എന്നാൽ മററു കാണ്ഡങ്ങളേ അപേക്ഷിച്ചു സുന്ദരകാണ്ഡത്തിൽ ശ്രീരാമൻെറ സൌന്ദൎയ്യത്തെപ്പററി കൂടുതലായുള്ള വൎണ്ണനയൊന്നും കവി ചെയ്തുകാണുന്നില്ലെന്നു തന്നെയല്ലാ വിരഹാവസ്ഥയെയാണു് വിവരിച്ചിട്ടുള്ളതും. (2) "അഴകിയ രാവണ"ൻെറ പുറപ്പാടു് ഈ ഘട്ടത്തിലാകയാൽ, ഈ പേരു ഇതിനു കിട്ടിയതാണെന്നു മററു ചിലർ പറയുന്നു. എന്നാൽ രാവണസൌന്ദൎയ്യത്തെ പുരസ്കരിച്ചുള്ള പ്രസ്താവം, വാല്മീകി രാമായണത്തിൽ എങ്ങും കാണ്മാനില്ല. (3) ലങ്ക. സമുദ്രം. ആകാശം. ചന്ദ്രൻ. അശോകവനിക, ഇത്യാദി പ്രകൃതിരാമണീയകങ്ങളുടെ വൎണ്ണനയുള്ളതുകൊണ്ടാണു് ഈ പേരു അന്വൎത്ഥമായ് ഭവിക്കുന്നതെന്നു മറെറാരു പക്ഷാന്തരം. വാല്മീകിരാമായണത്തിലെ ഏതു കാണ്ഡവും പ്രകൃതിവൎണ്ണനകൊണ്ടു സമ്പൂൎണ്ണമാണെന്നോൎക്കുംപോൾ, ഈ വാദവും ബലഹീനമായ് ഭവിക്കുന്നു (4) ആശയപുഷ്ടിയുള്ള ശ്ലോകങ്ങൾ പലവിധം ചെറുവൃത്തങ്ങളിൽ കവി നിബന്ധിച്ചു ചേൎത്തു ഈ ഭാഗം വളരെ സുന്ദരമാക്കിയിരിക്കുന്നുവെന്നു വാദിക്കുന്നവരോടു്, അപ്രകാരമുള്ള സാഹിത്യസൌന്ദൎയ്യം വാല്മീകിരാമായണത്തിലെ ഏതു കാണ്ഡത്തിലും സഹജമായ് കാണ്മാനുള്ളതിൽ കൂടുതലായ് പ്രസ്തുത ഭാഗത്തിനില്ലെന്നു തന്നെ പറയണം. (5) ഈ കൂട്ടത്തിൽ പ്രധാനമായ മറെറാരു വാദം, സുന്ദരപദത്തിനു വാനരമെന്നൎത്ഥമുണ്ടെന്നും സുന്ദരകാണ്ഡം എന്ന സമസ്തപദത്തെ, (ഹനുമാൻ എന്ന വാനരത്തെ) സംബന്ധിച്ച കാണ്ഡം, എന്നു ഷഷ്ഠീതൽ പുരുഷസമാസമായ് വ്യാഖ്യാനിക്കണമെന്നുമുള്ളതാണു്. സുന്ദരപദത്തിനു വാനരാൎത്ഥം ഏതു നിഘണ്ഡുവിലാണു് പറഞ്ഞുകാണുന്നതെന്നു

ഇക്കൂട്ടർ പ്രമാണം കാണിക്കുന്നില്ല. വാല്മീകിരാമായണത്തിലെങ്കിലും വാനരാർത്ഥത്തിലൊ ഹനുമൽപര്യായമായിട്ടോ സുന്ദരപദം പ്രയോഗിച്ചുകാണാത്തതിനാലും, നാനാർത്ഥകോശങ്ങളിലൊന്നിലും സുന്ദരപദത്തേ നാനാർത്ഥമായ് ഗ്രഹിച്ചു കാണാഴികയാലും, ഇപ്പറഞ്ഞ വാദം കേവലം അപ്രമാണമെന്നു തള്ളേണ്ടിയിരിക്കുന്നു.

ചിത്തത്തെ നല്ലവണ്ണം ആർദ്രീകരിപ്പിക്കുന്നതേതോ അതു "സുന്ദരം" എന്നാണു സുന്ദരപദത്തിൻെറ ആഗമികാർത്ഥം. ഈ ഗുണമുള്ള ഭാഗത്തിനു സുന്ദരകാണ്ഡം എന്ന പേർ എല്ലാംകൊണ്ടും യോജിക്കയും ചെയ്യുന്നു.

---

iv. അദ്ധ്യാത്മരാമായണത്തിലെ സുന്ദരകാണ്ഡത്തിനു് വാല്മീകി രാമായണത്തിലെ സുന്ദരകാണ്ഡത്തിൽ നിന്നുമുള്ള
വ്യതിയാനം

(1) ലങ്കയിലേക്കു് ആകാശത്തിൽ കൂടിയുള്ള ഹനുമാൻെറ ഉൽപ്ളവന മാർഗ്ഗത്തിൽ തദ്വേഗബലങ്ങളെ പരീക്ഷിക്കാൻ ദേവന്മാർ സുരസയെ പറഞ്ഞയക്കുന്നതാണു് അദ്ധ്യാത്മരാമായണത്തിലെ മാർഗ്ഗവിഘ്നഘട്ടത്തിൽ ആദ്യം പ്രസ്താവിച്ചിരിക്കുന്നതു്. അതു കഴിഞ്ഞ്, സാഗരം പറഞ്ഞയച്ച മൈനാകത്തെപ്പററി രണ്ടാമതായിട്ടു പ്രസ്താവിക്കുന്നു. വാല്മീകരാമായണത്തിലാകട്ടെ, ആദ്യമായി മൈനാക സൽക്കാരവും, രണ്ടാമതായിട്ടു് സുരസാസന്ദർശനവും നടന്നുകൂടുന്നു. സിംഹികാവധം, രണ്ടിലും, ഒരുപോലെ മൂന്നാമത്തെ സംഭവമാണു് അവതാരപുരുഷനായ ശ്രീരാമൻെറ കാര്യസിദ്ധിക്കായി പോകുന്ന ഹനുമാൻെറ വേഗബലങ്ങളെ പരീക്ഷിച്ചറിഞ്ഞു് സ്വയം ആശ്വസിച്ചുകൊള്ളുവാനുള്ള ദേവന്മാരുടെ ഉൽക്കണ്ഠാപ്രതീക്ഷയെ കാട്ടുവാൻ അദ്ധ്യാത്മരാമായണകർത്താവു് ഈ മാററം വരുത്തിയിരിക്കുന്നതായി വിചാരിക്കണം.

2. ശിംശപാവൃക്ഷച്ചുവട്ടിൽ ദുഃഖിതയായിരിക്കുന്ന സീതയെ രാവണൻ അന്ത്യയാമത്തിൽചെന്നു് കാണുന്നതിനു്, അദ്ധ്യാത്മരാമായണകർത്താവു്, ഒരു പ്രത്യേകകാരണമുണ്ടാക്കിക്കൊടുക്കുന്നു.

1297

രാമൻ സീതാസന്നിധിയിൽ ഒരു ദൂതനെ അയച്ചിട്ടുള്ളതായി, രാവണൻ ആ രാത്രി ഒരു സ്വപ്നം കാണുന്നു. "അതു് യഥാർത്ഥമാകാനിടയുള്ള സ്ഥിതിക്കു് ആ ദൂതന്റെ മുമ്പിൽ വെച്ചു തന്നിക്കു് സീതയോടുള്ള ശൃംഗാരാഭിലാഷങ്ങളെഅറിയിക്കണം. എന്നാൽ,രാമന്റെ കോപോജ്ജ്വലനത്തിനും രാവണനായ തന്റെ വധത്തിനും, ഈ ദൂതൻ,വഴിയുണ്ടാക്കാതെയിരിക്കില്ല". എന്നിങ്ങനെ ആലോചിച്ചുറച്ചുകൊണ്ടാണു് "അഴകിയരാവണൻ" ഉറക്കപ്പൎയ്യങ്കത്തിൽ നിന്നെണീറ്റു് സീതാസന്ദർശനത്തിനു് പുറപ്പെടുന്നതു്.

വാല്മീകിയുടെ രാവണനു് ഈ സന്ദർഭത്തിൽ മേൽപറഞ്ഞ പ്രകാരമുള്ള സ്വപ്നമോ സ്വവധംപ്രതീക്ഷിച്ചുള്ള ആലോചനയോ ഒന്നും ഉണ്ടാകുന്നില്ല. ചന്ദ്രോജ്ജ്വലരാത്രിയിലെ കാമോദ്ദീപകമായ പ്രകൃതിഗുണം തന്നെയാണു് വാല്മീകിയുടെ രാവണനെ ആ അന്ത്യയാമത്തിൽ സീതാസന്നിധിയിലേക്കു് നിയോഗിക്കുന്നതു്. ഇവിടെയും, ഈശ്വരാവതാരമായ ശ്രീരാമന്റെ ദിവ്യമഹിമയെപ്പറ്റിയുള്ള ഉൽബോധം രാവണചിത്തത്തേപോലും അന്തർല്ലീനമായി സ്പർശിച്ചു തുടങ്ങിയിരിക്കുന്നുവെന്നു് അദ്ധ്യാത്മരാമായണക്കാരനു് കാണിക്കാതെ കഴിയില്ല.

3. അദ്ധ്യാത്മരാമായണത്തിലെ സീതയോടുള്ള രാവണഭാഷണത്തിൽ പദങ്ങളുടെ ദ്വയാർത്ഥത കൊണ്ടു് വരുത്തിക്കാണുന്ന വ്യാജസ്തുതിപ്രയോഗം വാല്മീകരാമായണത്തിൽ പ്രകടമായ് കാണ്മാനില്ല. മേൽപറഞ്ഞ പ്രകാരം ഉൽബോധമുള്ളഒരു ശത്രുവിന്റെ പരുഷം പറച്ചിലുപോലും, ഭഗവാനെ സംബന്ധിച്ചാകുമ്പോൾ ഏതുപ്രകാരമെങ്കിലും സ്തുതിപരമായിട്ടുകൂടി വരാതിരിക്കാൻ തരമില്ലെന്നത്രേ അദ്ധ്യാത്മരാമായണകാരന്റെ സ്ഥിരവിശ്വാസമെന്നു് തോന്നുന്നു.

4. ഹനുമാൻ,അക്ഷകുമാരനെക്കൊന്നുകഴിഞ്ഞിരിക്കുന്നുവെന്നു് അറിഞ്ഞ രാവണൻ, ഇന്ദ്രജിത്തിനെവിളിച്ചുവിവരം പറഞ്ഞുകൊണ്ടു് താൻതന്നെ ഹനുമാനോടു് യുദ്ധം ചെയ്യാൻ ഒരുങ്ങുകയും, അതുകണ്ടു് ഇന്ദ്രജിത്തു് രാവണനെ നയവാക്യങ്ങളാൽ തടു

ത്തു് ആശ്വസിപ്പിച്ചിട്ടു് സ്വയം യുദ്ധോദ്യുക്തനായി പുറപ്പെടുകയും ചെയ്യുന്നതായിട്ടാണു് അദ്ധ്യാത്മരാമായണത്തിൽ കാണുന്നതു്. വാല്മീകിയുടെ രാവണൻ, അക്ഷകുമാരവധം അറിഞ്ഞയുടൻ ഇന്ദ്രജിത്തിനെ വിളിച്ചുവരുത്തി ശത്രുപ്രഭാവത്തെ മുഴുവനും വിവരിച്ചു മനസ്സിലാക്കുകയും, അതുകൊണ്ടു് വളരെ കരുതലോടുകൂടി യുദ്ധം ചെയ്തു ഹനുമാനെത്തോല്പിച്ചു വരണമെന്നു ഇന്ദ്രജിത്തിനെയാജ്ഞാപിച്ചയക്കുകയും ചെയ്യുന്നു. രാമദൂതനെക്കാണ്മാനുള്ള രാവണന്റെ തിടുക്കത്തെയും, ഭഗവദവതാരമായ രാമന്റെ കൈകൊണ്ടുള്ള മരണം തനിക്കു ആസന്നമായിരിക്കുന്ന ഈ സന്ദർഭത്തിൽ, അക്ഷകുമാരനെക്കൊന്നു കഴിഞ്ഞ രാമദൂതനിൽനിന്നു് ഇന്ദ്രജിത്തിനു പരാജയം വരുത്തിവെയ്ക്കേണ്ടെന്നുള്ള രാവണബുദ്ധിയെയും, അദ്ധ്യാത്മരാമായണത്തിൽ തൽക്കവി പ്രസ്പഷ്ടമാക്കുന്നു. അതുപോലെ തന്നെ അദ്ധ്യാത്മരാമായണത്തിലെ ഇന്ദ്രജിത്തു്, രാവണനെ, സീതാപഹരണത്തെപ്പററി തെല്ലൊട്ടുപദേശിക്കുന്നുണ്ടു്. വാൽമീകിരാമായണത്തിൽ, ഈ ഉപദേശത്തിനു സ്ഥാനംകിട്ടിക്കാണുന്നില്ല. അവിടെ അച്ഛൻ ആജ്ഞാപിക്കുന്നു, മകൻ ഉടനടി അനുസരിക്കുന്നു. എന്നല്ലാതെ അച്ഛന്റെ പ്രവൃത്തിദോഷത്തെപ്പററി അർഹതയില്ലാത്ത നിരൂപണത്തിനോ ഹിതോപദേശത്തിനോ മകൻ മുതിരുന്നില്ല. ശ്രീരാമന്റെ അവതാരോദ്ദേശ്യസിദ്ധിക്കു ഈ സീതാപഹരണം നിമിത്തകാരണംമാത്രമാണെന്നുള്ള വസ്തുത അറിയാതെ ഉപദേശിക്കാനരുമ്പെടുന്ന സ്വപുത്രന്റെ സാഹസം കണ്ടു് അദ്ധ്യാത്മരാമായണത്തിലെ രാവണൻ അകമേ മന്ദഹസിച്ചു മൌനിയായിരിക്കുന്നതേയുള്ളൂ.

ഈ സംഗതികളൊഴിച്ചു് ശേഷമുള്ള കഥാഗതിയിൽ അദ്ധ്യാത്മരാമായണം, വാൽമീകിരാമായണത്തെ അനുകരിക്കുന്നു. എന്നാൽ അതാതു കൃതികളുടെ നിർദ്ദിഷ്ട ലക്ഷ്യം അനുസരിച്ചു രണ്ടിന്റേയും കഥാവസ്തുപ്രതിപാദനത്തിനു രീതിഭേദമുണ്ടുതാനും. വാൽമീകി, രാമകഥയെ സവിസ്തരം പ്രതിപാദിക്കുന്നു. അദ്ധ്യാത്മരാമായണത്തിലെ തൽപ്രതിപാദനം താരതമ്യേന സംക്ഷിപ്തമെന്നുതന്നെ പറയ

ണം. സൌകര്യമുണ്ടാകുമ്പൊഴെല്ലാം വാൽമീകിരാമായണത്തിൽ പ്രകൃതിവർണ്ണനയും മനുഷ്യസ്വഭാവവിവരണവും കാണുന്നപോലെ അദ്ധ്യാത്മരാമായണത്തിൽ, ശ്രീരാമസ്തുതിയും, ആദ്ധ്യാത്മിക വ്യവഹാരവും സുലഭമെന്നു കാണാം.

## V. എഴുത്തച്ഛന്റെ പരിഭാഷാസാമർത്ഥ്യം.

(1) മൂലഗ്രന്ഥത്തിലെ ആന്തരാർത്ഥങ്ങളെ വികസിപ്പിച്ചു കേരളീയരെ ഉൽബോധിപ്പിക്കുവാൻ പര്യാപ്തമായ പരിഭാഷരീതിയാണു എഴുത്തച്ഛൻ സ്വീകരിച്ചിട്ടുള്ളതു്. ആശയപ്രകാശനത്തിനു വേണ്ടി ഔചിത്യം പോലെ എഴുത്തച്ഛൻ ചില പുതിയ സംഗതികളേ കൂട്ടിച്ചേർത്തുകൊള്ളുകയും പതിവാണു്. ഏകദേശം നേരുതർജ്ജമയെന്നു പറയാവുന്ന ഘട്ടങ്ങളേ മൂലശ്ലോകങ്ങളുമായു് താരതമ്യപ്പെടുത്തി നോക്കാമെങ്കിൽ ഈ വസ്തുത പ്രത്യക്ഷപ്പെടുന്നുമുണ്ടു്.

ഇത്യുക്ത്വാ ഹനുമാൻ ബാഹൂ
പ്രസാര്യാ യത വാലധിഃ
ഋജുഗ്രീവോർദ്ധ്വദൃഷ്ടിസ്സൻ-
ആകുഞ്ചിത പദദ്വയഃ
ദക്ഷിണാഭി മുഖസ്തൂർണ്ണം
പുപ്ലുവേ നിലവിക്രമഃ.

എന്ന ഭാഗത്തെ എഴുത്തച്ഛൻ ഭാഷാന്തരപ്പെടുത്തിയിരിക്കുന്നതു്, ഇപ്രകാരമാകുന്നു.

ഇതിപവന തനയനുരചെയ്തു, വാലും
നിജമേററമുയർത്തിപ്പരത്തീ കരങ്ങളും
അതിവിപുലഗളതലവു മാർജ്ജവമാക്കി നി-
ന്നാകുഞ്ചിതാംഘ്രിയായൂർദ്ധ്വനയനനായ്,
ദശവദന പുരിയിൽ നിജഹൃദയവുമുറപ്പിച്ചു
ദക്ഷിണദിക്കു മാരലാക്യ ചാടീടിനാൻ.

ഇവിടെ മൂലശ്ലോകത്തിലെ ദക്ഷിണാഭി മുഖത്വത്തിൽ അന്തർഭവിച്ചിട്ടുള്ള ഹനുമാന്റെ ഏകാഗ്രതയെ സുസ്പഷ്ടമാക്കുവാൻ, "ദശ

വദനപുരിയിൽ നിജഹൃദയമുറപ്പിച്ചു്" എന്നു, എഴുത്തച്ഛൻ ഇട യ്ക്കു ചേർത്തിട്ടുള്ളതു് എത്രയേറം സമുചിതമായിരിക്കുന്നു. മറെറാരു ഭാഗം നോക്കുക.

രാത്രൌ വേക്ഷ്യാമി സൂക്ഷ്മോഹം
ലങ്കാം രാവണപാലിതാം
ഏവം വിചിന്ത്യ തത്രൈവ
സ്ഥിത്വാ ലങ്കാം ജഗാമസഃ
ധൃത്വാ സൂക്ഷ്മംപുരദ്വാരം
പ്രവിവേശ പ്രതാപവാൻ.

ഇതേ ആശയം എഴുത്തച്ഛൻെറ മനോദർപ്പണത്തിൽ കൂടി ഭാഷാന്തരത്തെ പ്രാപിച്ചപ്പോൾ എത്ര ഹൃദയാവർജ്ജകമായ് പരിലസിക്കുന്നു.!

നിശിതമസി നിശിചരപുരേ കൃശരൂപനായ്
നിർജ്ജനദേശേ കടപ്പനെന്നോർത്തവൻ,
നിജമനസിനിശിചരകുലാരിയെദ്ധ്യാനിച്ചു
നിർജ്ജരവൈരിപുരംഗമിച്ചീടിനാൻ,
പ്രകൃതിചപലനമധികചപലംമഹൽ–
പ്രാകാരവും മുറിച്ചാകാരവും മറ–
ച്ചവനിമകളടിമലരുമകതളിരിലോർത്തുകൊ–
ണ്ടഞ്ജനാനന്ദനനഞ്ജസാ നിർഭയം

ഈ വരികളിൽ മൂലപദ്യത്തിലെ ആശയ പ്രകാശനത്തിനു വേണ്ടി എഴുത്തച്ഛൻ നൂതനമായ പലതും ചേർത്തിട്ടുള്ള തായി കാണാം. വേക്ഷ്യാമി സൂക്ഷ്മോഹം (സൂക്ഷ്മനായിട്ടു തന്നെ ഞാൻ പ്രവേശിക്കും.) എന്ന അഭിപ്രായത്തെ പൂർണ്ണമായ് പ്രകാശിപ്പിക്കണമെങ്കിൽ നിശിതമസിയെന്നു "രാത്രൌ" എന്ന പദത്തെ ഭാഷാന്തരം ചെയ്തതിനോടു് "നിർജ്ജനദേശേ" എന്നും കൂടി ചേർത്തങ്കിലെ മതിയാകയുള്ളൂ. ലങ്കാപ്രവേശമാകുന്നവലിയ സംരഭത്തിനൊരുങ്ങുന്ന സന്ദർഭത്തിൽ സ്വതേ ഭക്താഗ്ര ഗണ്യനായ ഹനൂമാൻ ശ്രീരാമനേയുംസീതയേയും

ഉള്ളിൽ ഭക്തിപൂർവം സ്മരിക്കയെന്നതുമെത്രയും സ്വാഭാവികം! "പ്രവിവേശ പ്രതാപവാൻ" എന്നിടത്തെ കവിഹൃദയം വളരെ മധുരമായും മനോഹരമായും ഈ ഭാഗത്തു് എഴുത്തച്ഛൻ സാർവത്രികമായിവ്യാപിപ്പിച്ചു കാട്ടുന്നു. വാനരമാകയാൽ പ്രകൃത്യാ ചപലനായ ഹനുമാൻ തന്റെ കരുത്തിനൊത്ത ചാപല്യത്തോടുകൂടി (അധികചപലമാംവണ്ണം) അത്തായതു് തീരെ അനായാസമായ മട്ടിൽ സ്വതേയുള്ള ആകൃതിയെ മറച്ചു് രാവണനഗരിയിലെ ആ വലിയ കോട്ടയെ പെട്ടെന്നു് നിർഭയമായിക്കടന്നു. ഇപ്രകാരമല്ലാതെ മറേറതുതരത്തിലാണു് മൂലപദ്യത്തിലെ ഹനുമാന്റെ പ്രതാപത്തെ ഇത്ര സരസമായ് വ്യാഖ്യാനിച്ചു് പ്രകാശിപ്പിക്കേണ്ടതു്?

2. മററു ചിലേടത്തു്, ഭാഷാന്തരംചെയ്യുമ്പോൾ വർണ്ണ്യപ്രതീതിക്കു് പര്യാപ്തമായ ചമൽക്കാരങ്ങളെ കൂട്ടിയിണക്കി, എഴുത്തച്ഛൻ, സ്വകൃതിയെ സാഹിത്യഗുണോപേതമാക്കിത്തീക്കുന്നുണ്ടു്, ലങ്കാദഹനസന്ദർഭത്തിലെ—

ഉൽപ്ലുത്യോൽപ്ലുത്യ സന്ദീപ്ത—
പുച്ഛേന മഹതാ കപിഃ
ദദാഹ ലങ്കാമഖിലാം
സാട്ടപ്രാസാദതോരണാം

എന്ന പദ്യത്തെ വഴിയാംവണ്ണം വികസിപ്പിച്ചു്

ഉദവസിതനികരമുടനുപരിവേഗമോ—
ടുൽപ്ലുത്യ പിന്നെയുമുൽപ്ലുത്യ സത്വരം
കനകമണിമയനിലയമഖിലമനിലാത്മജൻ
കത്തിച്ചു കത്തിച്ചു വർദ്ധിച്ചിതഗ്നിയും

എന്നിങ്ങനെ തർജ്ജമ ചെയ്തതു പോരാഞ്ഞിട്ടു് —
ചമൽക്കാരഭംഗിക്കുവേണ്ടി

"അനിലശിഖകളുമനിലസുതഹൃദയവും തെളി—
ഞ്ഞൊഹന്ത! വിഷ്ണുപദം ഗമിച്ചു തദാ" എന്നും
വിബുധപതിയോടു നിശിചരാലയം വെന്തോരു
വൃത്താന്തമെല്ലാമറിയിച്ചുകൊള്ളുവാൻ

അഹമഹമികാധിയാ പാവകജ്വാലക-
ളംബരത്തോള മുയൻ ചെന്തു മുദാ— എന്നും മററും

ചേർത്തിരിക്കുന്നതു എഴുത്തച്ഛൻെറ മനോധർമ്മപരിപാകപ്ര യോഗങ്ങളാകുന്നു. ഇവിടെ വിഷ്ണുപാദത്തിനു ആകാശപ്പരപ്പ് എന്നും ശ്രീരാമൻെറ പാദങ്ങളെന്നുമുള്ള ശ്ലേഷപ്രയോഗംകൊണ്ടു് അഗ്നിജ്വാലകൾ അകാശത്തിൽ ഉയൻ വ്യാപിച്ചതോടുകൂടി, അത്രയ്ക്കു് ചാരിതാർത്ഥ്യദ്യോതകമായ് ഹനുമാൻ ഭക്തിപുരസ്സരം ശ്രീരാമനെ സ്മരിച്ചു എന്നാണ് എഴുത്തച്ഛൻ കൂട്ടതലായിപ്രസ്താവിക്കുന്നതു്. അതുപോലെ രാവണനേ ഭയന്നു കഴിച്ചുകൂട്ടുന്ന ദേവേന്ദ്രനോടു ലങ്കാദഹനവൃത്താന്തം അറിയിക്കാൻ, രാവണൻെറ ചൊൽപ്പടി നാളതുവരെ കൂത്താടിപ്പോരുന്ന അഗ്നിദേവനു തിടുക്കമുണ്ടാകുന്നതിൻെറ ഔചിത്യവും, അഗ്നിജ്വാലകൾ നാനോന്മുഖങ്ങളിൽ കൂടി നാക്കുനീട്ടുംപോലെ മേല്പോട്ടുയരുന്നതിൻെറ സ്വാഭാവികതയും ഓത്തുനോക്കിയറിയുംപോഴാണു, എഴുത്തച്ഛൻെറ കവിതാചാതുരി നമുക്കു് അനുഭവപ്പെടുന്നതു്.

ഏവംവിധംതന്നെ, രാവണൻ സീതാസന്നിധിയിൽച്ചെന്നു തൻെറ അഭിലാഷസിദ്ധിയ്ക്കായ് ക്കിഴിഞ്ഞപേക്ഷിക്കുന്ന സന്ദർഭത്തിൽ, പ്രതാപശാലിയായ തന്നെ തിരസ്ക്കരിച്ചു രാമനിൽ ഇത്ര ദൃഢചിത്തയായിരിക്കുന്നതെന്തുകൊണ്ടെന്നുള്ള ചോദ്യത്തെ

കരഗതമൊരമലമണിവരമുടനുപേക്ഷിച്ചു
കാചത്തെയെന്തുകാംക്ഷിക്കുന്നതോമലേ!

എന്നിപ്രകാരം അപ്രസ്തുതപ്രശംസാരൂപത്തിലാക്കിയിരിക്കുന്നതു് എഴുത്തച്ഛൻെറ ഭാവനാവിധാനമാണ്.

മൂലഗ്രന്ഥത്തിലെ പദ്യങ്ങളേ എഴുത്തച്ഛൻെറ അദ്ധ്യാത്മരാമായണം കിളിപ്പാട്ടുമായ് ഇപ്രകാരം ഒത്തുനോക്കുമ്പോൾ എഴുത്തച്ഛൻെറ തർജ്ജമാരീതി,ഒരുതരം സ്വതന്ത്രമാണെന്നു കാണാം. മൂലസാധനങ്ങൾ എത്രതന്നെ ശുഷ്ക്കമായിരുന്നാലും, അവയ്ക്കു് ഒരു യഥാർത്ഥകവിയുടെ മനോധർമ്മസ്ഫുടപാകം കൊണ്ടു് എത്രമാത്രം സംസ്ക്കരണപ്രഭയും, ഗുണവീര്യവും സിദ്ധിക്കാമെന്നു് എഴ

ത്തച്ഛന്റെ ഈ അദ്ധ്യാത്മരാമായണം നമ്മേ ബോദ്ധ്യപ്പെടുത്തുന്നു.

## vi സുന്ദരകാണ്ഡനിരൂപണം.

### 1. ഗുണങ്ങൾ

ഒരു ഉപപുരാണത്തിനു വേണ്ട യോഗ്യതകളെല്ലാം തികച്ചാണ് എഴുത്തച്ഛൻ അദ്ധ്യാത്മരാമായണത്തെ കൈരളിയ്ക്കർപ്പിച്ചിട്ടുള്ളത്. അദ്ധ്യാത്മജ്ഞാനം, ഈശ്വരഭക്തി, സാഹിത്യഗുണസമ്പത്തി ഇവ മൂന്നുമാണല്ലോ അദ്ധ്യാത്മരാമായണം കിളിപ്പാട്ടിനുള്ള പ്രത്യേക മേന്മകൾ. ഈ ഗുണങ്ങൾ മൂന്നും പ്രസ്തുത സുന്ദരകാണ്ഡത്തിൽ കാണ്മാനുമുണ്ട്. ഗൃഹസ്ഥാശ്രമിക്ക് എന്നും പാരായണയോഗ്യമായ രാമായണവിഭാഗം സുന്ദരകാണ്ഡമാണെന്നത്രേ ഭാരതീയ വിശ്വാസം. ലോകാനുഭൂതിപ്രജ്ഞയെ വളത്തി വിപുലമാക്കുവാൻ പയ്യാപ്തമായ സംഭവങ്ങളുടെ വിവരണം, ഈ ഘട്ടത്തിൽ ധാരാളമുണ്ടെന്നുള്ളതു തന്നെയായിരിക്കണം ഈ വിശ്വാസോൽപത്തിക്കു കാരണം. അവതാരമൂർത്തികളായ രാമന്റെയും സീതയുടേയും വിപ്രവാസം കൊണ്ടുള്ള ദുഃഖാനുഭവങ്ങളേ നാം ഈ ഘട്ടത്തിൽ കാണുന്നു. ഐശ്വയ്യവും ഗുണസമൃദ്ധിയുമുള്ള അവതാരമൂത്തികൾക്കു പോലും, ഭൂലോകവാസം ഇപ്രകാരമുള്ള മനോദുഃഖങ്ങൾക്കിടയാക്കുമെങ്കിൽ, സാധാരണക്കാരായ പ്രാപഞ്ചിക മനുഷ്യരുടെ എത്രയെത്തിരിക്കും ഈവക ദുഃഖാനുഭവങ്ങളാണു ദുസ്സഹമെന്നു ആലോചിച്ചു സമാധാനിക്കുവാൻ ഇതിടയാക്കുന്നു. ഇങ്ങനെയുള്ള ആപൽസന്ധികളിൽ പരോപകാരനിരതന്മാരായ ഉത്തമസ്നേഹിതന്മാരിൽ നിന്നുമുണ്ടാകുന്ന സഹായസഹകരണങ്ങളെ ഈ സുന്ദരകാണ്ഡത്തിൽ നിന്നു ഒരു ഗൃഹസ്ഥാശ്രമിക്കു കണ്ടറിയുവാൻ കഴിയും. ദൃഢമായ ഈശ്വരഭക്തിയും ബുദ്ധിപൂർവമായ പ്രവൃത്തിചാതുയ്യവും രണ്ടും തികഞ്ഞിട്ടുള്ളവക്കു ഈ ലോകത്തിൽ ഏതു മഹൽകായ്യവും സുസാദ്ധ്യമാണെന്നു്, ഈ കാണ്ഡം നമ്മേ പഠിപ്പിക്കുന്നു. അവനവന്റെ പ്രവൃത്തികളുടെ ഫലം അവനവൻ കാലാന്തരത്തിലെങ്കിലും അനുഭവിക്കാതെ പോകില്ലെന്നുള്ള വലുതായ പാഠ

വും നമുക്കു ഇവിടംകൊണ്ടു ഗ്രഹിക്കാവുന്നതാണു്. സുന്ദരകാണ്ഡത്തിലെ പ്രധാന സംഭവങ്ങളുടെ വൈചിത്ര്യവും ലോകസാധാരണത്വവും ഒരു ഗൃഹസ്ഥാശ്രമിക്കു വിശേഷിച്ചും തന്മയത്വാനുഭൂതിയെ വർദ്ധിപ്പിക്കുന്നു. വിരഹാവസ്ഥയിൽ മനുഷ്യർ പരസ്പരം സന്ദേശം അയക്കുന്നതും, ഒരു വലിയ കാര്യം സാധിക്കുവാനിറങ്ങുമ്പോൾ വിചാരിച്ചിരിക്കാത്ത പ്രതിബന്ധങ്ങളും, ചിലപ്പോൾ സഹായങ്ങളും; ഇടക്കു വന്നു കൂടുന്നതും, മനസ്സാക്ഷിയുടെ പ്രേരണ കൊണ്ടോ ആകസ്മികായിട്ടോ എന്തോ ഉറക്കത്തിലുണ്ടാകുന്ന “സ്വപ്നം ചിലക്കു ചിലകാല”മൊത്തു വരുന്നതും, ബന്ധുക്കളായുള്ളവർ യഥാശക്തി സൽക്കരിക്കാനൊരുങ്ങുന്നതും, ശത്രുക്കളായുള്ളവർ ഒരുമിച്ചുചേർന്നു അപകടത്തിലാക്കാൻ ആലോചിക്കുന്നതും, വലിയ കാര്യങ്ങൾ സാധിച്ചു വരുന്ന ജനസംഘം ആത്താഹ്ളാദിച്ചു ഓരോ അക്രമങ്ങൾ ചെയ്തു പോകുന്നതും, എത്രയോ സർവസാധാരണമായ് അന്നും ഇന്നും നടക്കുന്ന സംഗതികളാണു്?

൩. അദ്ധ്യാത്മതത്വം.

വിരഹാവസ്ഥയെ പ്രാപിച്ചിരിക്കുന്ന ശ്രീരാമന്റെയും സീതാദേവിയുടേയും ദുഃഖശമനകാരകനായ ഹനുമാന്റെ അത്ഭുതപ്രവൃത്തികളെ വിവരിക്കുന്ന ഈ കാണ്ഡത്തിൽ ജ്ഞാനോപദേശത്തിനു സന്ദർഭം വളരെ കുറയുന്നു. എങ്കിലും,

അകതളിരിലറിവു കുറയുന്നവർക്കേറ-
മജ്ഞാനമൊക്കെ നീക്കേണം ബുധജനം”

എന്നിങ്ങനെ ഹനുമാൻ, രവണനോടു പറഞ്ഞു തുടങ്ങുന്ന തത്വോപദേശം, സുന്ദരകാണ്ഡത്തിലെ അദ്ധ്യാത്മികത്വത്തിനു മതിയായ ലക്ഷ്യമാണു്. പ്രാണദേഹങ്ങളല്ല ആത്മാവെന്നും, നിത്യമായുള്ള ആത്മാവു്, പരബ്രഹ്മം തന്നെയാണെന്നും അതിനാൽ കാമകോപദ്വേഷലോഭമോഹാദികളോടുകൂടിയ രാക്ഷസബുദ്ധിയെ ഉപേക്ഷിച്ചു് പരമാത്മസ്വരൂപിയായ ശ്രീരാമനെ തത്വബോധത്തോടുകൂടി ഭജിക്കയാണു വേണ്ടതെന്നും ഹനുമാൻ ഈ സന്ദർഭത്തിൽ രാവണനോടുപദേശിക്കുന്ന ഈ ആത്മോപദേശം വാല്മീകിയുടെ ഹനുമാൻ

ചെയ്യുന്നില്ലെന്നും അറിയേണ്ടതാണ്.

b ഭക്തി.

ഹനുമാൻ രാവണനോടുപറയുംപ്രകാരം, തത്വജ്ഞാനോദയത്തിനു കാരണം ആത്മവിശുദ്ധിയും ആത്മവിശുദ്ധിയ്ക്കുകാരണം ഹരിഭക്തിയും ആണെന്നത്രേ ആദ്ധ്യാത്മരാമായണത്തിലെ മൂലതത്വം. സകലനന്മകൾക്കും നിദാനമായ ഭക്തിമഹിമകളേ ആദ്ധ്യാത്മ രാമായണത്തിൽ എവിടെയും വാഴ്ത്തുന്നതായി കാണാം. പ്രണതജനബഹുജനനമരണഹരനാ്മക" നായ ശ്രീരാമന്റെ വിശ്വസ്ത ദൂതനായ ഹനുമാൻ ലങ്കയിലേക്ക് ചാടാനുദ്യമിക്കുമ്പോഴത്തെ ആത്മഗതം, ഈ കാണ്ഡത്തിന്റെ പ്രാരംഭത്തിൽ കാണുന്ന ഭക്തി പ്രകടനം ലക്ഷ്യമാണ്. ഈ ഭക്തൻ രാവണനോടു ശ്രീരാമനെപ്പററിപ്പറയുന്ന സന്ദർഭത്തിലും തന്റെ ഭക്തിപ്രകർഷം തൽസ്തോത്രപാഠമായ് ചൊരിയുകതന്നെ ചെയ്യുന്നു. കഥപറഞ്ഞുകൊണ്ടുപോകുന്നതിനിടയ്ക്കു അവസരംപോലെ രാമാവതാരമഹിമയെ പ്രകാശിപ്പിച്ചുകൊള്ളുന്ന രീതി, എഴുത്തച്ഛന്റെ ഭക്തിപാരമ്യത്തെയാണു ലക്ഷീകരിക്കുന്നതു്. ഹനുമാനേ ഇന്ദ്രജിത്തു പിടിച്ചുകെട്ടിയപ്പോൾ

രഘുകുലതിലകചരണമകതളിരിൽവെച്ചോരു
രാമദൂതനു ബന്ധം ഭവിച്ചീടുമോ,

എന്നും, ലങ്കാദഹനത്തിൽ ഹനുമാനു അഗ്നിബാധയുണ്ടായില്ലെന്നുപറയുമ്പോൾ, താപത്റയാനലനെ കെടുക്കുന്നരാമനാമസ്മൃതിയുള്ള ദൂതനു പ്രകൃതാനലൻ നിമിത്തം എങ്ങനെ സന്താപമുണ്ടാകുന്നു? എന്നും എഴുത്തച്ഛൻ അതാതവസരത്തിൽ ചോദിച്ചുപോകുന്നു. കഥാഖ്യാനത്തിനിടയ്ക്കു ഒരുഭാഗം കഴിഞ്ഞു മറെറാരു കഥാഭാഗം തുടങ്ങുമ്പോൾ എഴുത്തച്ഛൻ ഭഗവൽസ്തുതി ചെയ്യാറുണ്ടു്. ലങ്കാദഹനവൃത്താന്തം വിവരിച്ചുകഴിഞ്ഞിട്ട് പ്രസ്രവണഗിരിയിൽ ലക്ഷ്മണസുഗ്രീവന്മാരോടുകൂടിയിരിക്കുന്ന ശ്രീരാമന്റെ കഥപറഞ്ഞുതുടങ്ങും പോഴത്തേ

പുകൾപെരിയ പുരുഷമണിരാമൻ തിരുവടി
പുണ്യപുരുഷൻ പുരുഷോത്തമൻ പരൻ

എന്നുതുടങ്ങുന്ന സ്തുതി ഇതിനൊരു ദൃഷ്ടാന്തമത്രേ. ശ്രീരാമപ്രസ്താവമുണ്ടാകുന്നേടത്തെല്ലാം മിക്കവാറും ഈശ്വരപര്യായപദങ്ങളെ തെരുതെരെച്ചേർത്തു ശ്രീരാമനെ വിശേഷിപ്പിച്ചുകൊള്ളുന്നതിനും പുറമേ,

ഭുവനപതിമഖപതിസതാംപതിമൽപതി

എന്നിങ്ങനെ ആ സ്തുതികൾക്കിടയിൽ തന്റെ സ്വന്തംപതി, തന്റെ ഉള്ളിൽ എപ്പോഴും അധിവസിക്കുന്ന ദേവൻ', എന്നെല്ലാം താദാത്മ്യം വരുത്തി എഴുത്തച്ഛൻ ഭക്തിമഹിമയെ ഇതിൽ സാർവത്രികമായ് പ്രകടിപ്പിക്കുന്നുമുണ്ട്. പ്രസ്തുത കാണ്ഡാവസാനത്തിൽ ഹനുമാനെപ്പററി ശ്രീപരമേശ്വരൻ പാർവതീദേവിയോടു

ഭുവനതലമതിലൊരുവനിങ്ങനെയില്ലഹോ!
പൂർണ്ണപുണ്യൌഘസൌഭാഗ്യമുണ്ടായെടോ!

എന്നു പറയുന്ന അഭിനന്ദനം, കവിയുടെ ഭക്തിപരവശചിത്തത്തിൽ നിന്നു ഈ സന്ദർഭത്തിൽ താനേ ഉൽഗളിച്ചുപോകുന്നതാണെന്നുള്ളതിനു തർക്കമില്ല.

c. സാഹിത്യം

സുന്ദരകാണ്ഡത്തിലെ ഇതിവൃത്തംതന്നെ സഹൃദയാഹ്ലാദകമാണ്. അതിനാൽ ഈ കാണ്ഡം എഴുത്തച്ഛന്റെ രചനാചാതുരിക്കുപാത്രമായിത്തീർന്നപ്പോൾ സവിശേഷം അതു രസസമൃദ്ധമായിഭവിച്ചിരിക്കുന്നു. ഭക്തിപ്രധാനമായ അദ്ധ്യാത്മരാമായണത്തിലെ ശാന്തരസത്തിനും പ്രസ്തുത കഥാംശത്തിലെ വിപ്രലംഭശൃംഗാരോചിതമായ കരുണരസത്തിനും ഉള്ള ഭാവാനുഭാവങ്ങളെ എഴുത്തച്ഛൻ ഈ ഭാഗത്തു അവിടവിടെ അതതു കഥാപാത്രപ്രസ്താവങ്ങളിൽകൂടി വഴിപോലെ പ്രകാശിപ്പിച്ചിട്ടുണ്ട്. ഈ രാമാവതാരത്തിൽ അന്തർഭവിക്കുന്ന അത്ഭുതരസം സുന്ദ

കാണ്ഡത്തിൽ ആദ്യവസാനം കളിയാടുന്നുവെന്നു വേണംപറയാൻ. സിംഹികാപ്രഭൃതികളുടെ വരവിൽ ഭയാനകവും, സ്വപ്നവിവരണാദിഘട്ടങ്ങളിലെ ബീഭത്സവും, ഹനുമാൻ ഏർപ്പെട്ടുകാണുന്ന യുദ്ധങ്ങളിലെ വീരരൌദ്രങ്ങളും, ഹനുമാനും രാവണനും തമ്മിലുള്ള സംഭാഷണത്തിലെ ഹാസ്യവും, ഇങ്ങിനെ പലൂരസങ്ങളേയും സന്ദർഭാനുസരണം ഇതിൽ പ്രയോഗിച്ചു കാണുന്നു. എഴുത്തച്ഛന്റെ ശൃംഗാരപ്രതിപാദനയ്ക്കുള്ളഒതുക്കവും ഗൌരവും ഇവിടെയും കാണ്മാനുണ്ടു്. കവിയുടെ രചനാഭംഗിക്കു കാതലായകാരണം, തൽക്കവിയുടെ ഔചിത്യ പ്രതീക്ഷ യാണെന്നുഎഴുത്തച്ഛന്റെ സുന്ദരകാണ്ഡരചനകൊണ്ടുനമുക്കു സമർത്ഥിക്കാം

1) വർണ്ണനയും ചമല്ക്കാരവും അധികമായ് പ്രയോഗിച്ചു് എഴുത്തച്ഛൻ ശ്രോതാക്കളെ മുഷിപ്പിക്കയില്ല. ശ്രോതാക്കളുടെ മനഃസ്ഥിതിയെ ആദരിച്ചു തദനുസരണം വർണ്ണ്യപ്രതീതിയുണ്ടാക്കിക്കൊടുക്കുവാനുള്ള ഉദ്യമം, ഈ ഔചിത്യബുദ്ധിയുടെ വിനിയോഗം കൊണ്ടുമാത്രം ഉണ്ടാകുന്നതാണു്. സുന്ദരകാണ്ഡത്തിൽ ലങ്കാപുരിയേയും, ഉദ്യാനത്തേയും ലങ്കാദഹനത്തേയും കവിനല്ലവണ്ണം വർണ്ണിക്കുന്നുണ്ടു്. പക്ഷേ അതതു സന്ദർഭാനുസരണം പലേടത്തായും സംക്ഷിപ്തരീതിയിലും ആകുന്നു. ചിലേടത്തേ വർണ്ണന, സാക്ഷാൽ ചിത്രീകരണസമർത്ഥമെന്നുതന്നെ പറയാം

(2) ചമൽക്കാരങ്ങളെ എഴുത്തച്ഛൻ എത്രാഡംബരശൂന്യമായിട്ടാണു് പ്രയോഗിക്കുന്നതു്. തനിക്കു പറയാനുള്ള ആശയം ശ്രോതാക്കളുടെ ഉള്ളിൽചെന്നു പെട്ടെന്നു പതിയാനുള്ള വഴി ഉണ്ടാക്കിക്കൊടുക്കുന്നവയാണു് എഴുത്തച്ഛന്റെ ചമൽക്കാരപ്രയോഗങ്ങൾ. ഹനുമാൻ ശ്രീരാമാംഗുലീയത്തെ സീതാദേവിയുടെ കൈയിൽ ആദരപൂർവം അർപ്പിച്ചപ്പോൾ

"മിഥിലനൃപസുതയുമതു കണ്ടതിപ്രീതയായ്
മേന്മേലൊഴുക്കുമാനന്ദബാഷ്പാകുലാൽ"

എന്നു ഒരു സന്ദർഭത്തിലും, മറ്റൊരുസന്ദർഭത്തിൽ

കരതളിരിലതിനെ വിരവൊടുവാങ്ങിത്തദാ
കണ്ണുനീർകൊണ്ടു കഴുകി കളഞ്ഞുടൻ
ശിരസിട്ടശിഗളഭുവി മൂലത്തടത്തിങ്കലും
ശീഘ്രമണച്ചു വിലാപിച്ചിതേററവും

എന്നും വിവരിച്ചിരിക്കുന്നിടത്തെ ചമൽക്കാരം എത്ര സ്വാഭാവബന്ധുരവും അതേ സമയംതന്നെ ഉജ്ജ്വലവുമായിരിക്കുന്നു! ആകാശത്തുകൂടി "ഭാനുബിംബാഭയാ" ഗരുഡനെപ്പോലെ ത്വരിതഗമനം ചെയ്യുന്ന ഹനുമാൻെറ പോക്കും, സൂര്യൻ ചരമഗിരിയിലെത്തിയതോടുകൂടി ഹനുമാൻ ലങ്കാഗോപുരാഗ്രത്തിങ്കലെത്തിയതും, ദിക്പാലമന്ദിരത്തെ ധിക്കരിക്കത്തക്ക "ദശവദന മണിഭവനശോഭയും" വർണ്ണിച്ചിരിക്കുന്നിടങ്ങളിലെ സാരള്യം അകൃത്രിമത്വംതൊണ്ടു സിദ്ധിക്കുന്നതാണ്. കയ്യിലിരിക്കുന്ന രത്നം കളഞ്ഞിട്ടു കാക്കാപ്പൊന്നിനുവേണ്ടി യത്നിക്കുന്നതെന്തിനെന്നു സീതയോടുള്ള രാവണൻെറ അപ്രസ്തുതപ്രശ്നം, രാവണപ്രകൃതിക്കു അത്യന്തം യോജിക്കുന്നുണ്ടല്ലോ. ലങ്കയിൽ പിടികൂടിയിരിക്കുന്ന അഗ്നിയെ, രാവണൻ ഇതിനുമുമ്പ് ബലാൽക്കാരം പ്രയോഗിച്ചിട്ടുള്ള പതിവ്രതമാരുടെ ഉള്ളിൽ "മരുവിന തപോമയ പാവകനദ്യരാജ്യേ പിടിപെട്ടതായിട്ടും, അഗ്നിജ്ജ്വാലയുടെ കിളർച്ചയെ, വിബുധപതിയൊടു ചെന്നു പറയാനുള്ള തിടുക്കമായിട്ടും ഉൽപ്രേക്ഷിച്ചിരിക്കുന്നതു്, കുറെ ഗംഭീരമെങ്കിലും ഏററവും സ്വാഭാവികവും പ്രകൃതത്തിനു യോജിച്ചതും എന്നു സമ്മതിക്കണം. എഴുത്തച്ഛൻെറ ശ്ലേഷപ്രയോഗങ്ങളിൽ പോലും, ഔചിത്യം കൊണ്ടുള്ള ഈ സ്വാരസ്യം കാണ്മാനുണ്ടു്. സീതയോടു രാവണൻ ശ്രീരാമനെപ്പററി ദ്വയാർത്ഥസംഭാഷണം ചെയ്യുന്നിടത്തും, ഹനുമാൻെറ ഹൃദയവും അഗ്നിജ്ജ്വാലയും ഒരുപോലെ തെളിഞ്ഞു "വിഷ്ണുപദം" പ്രാപിച്ചെന്നും, ലങ്കാപുരി ദഹിച്ചുകഴിഞ്ഞിട്ടും അത്ഭുതമാംവണ്ണം ഭൂതിപരിപൂർണ്ണമായ് തന്നെ ശേഷിച്ചെന്നും ഉള്ള ശ്ലേഷാമൂലകമായ ചമൽക്കാരഘട്ടങ്ങളിലും, ശ്ലേഷയ്ക്കു സഹജമായുള്ള വക്രത്വം ദീനങ്ങിക്കിട്ടുന്നു. ശബ്ദാലങ്കാരത്തെ സംബന്ധിച്ചും എഴുത്തച്ഛ

നുള്ള മെച്ചം ഈ അനായസത്വം തന്നെയാണ്. കളകാഞ്ചിയാകുന്ന ഈരടിയിലെ പാദാദ്യക്ഷരങ്ങളുടെ ഐക്യം കൊണ്ടും അതിനോടു യോജിക്കുന്ന അനുപ്രാസം കൊണ്ടുമുള്ള ശബ്ദഭംഗി വരുത്തുവാൻ എഴുത്തച്ഛനു ഒരു പ്രയാസവും കാണുന്നില്ല. ഉദാഹരണം നോക്കുക:—

(1)ശൃണു സുമുഖി സുരസുഖപരേ!സരസേ! ശുഭേ!
ശുഭശീലേ! ഭുജംഗമാതാവേ! നമോസ്തുതേ.
2)നിശിതമസിനിശിചര പുരേ കൃശരൂപനായ്
നിർജ്ജന ദേശേ കടപ്പനെന്നോർത്തവൻ
(3) പ്രകൃതിചപലനുമധിക ചപലമചലംമഹൽ
പ്രാകാരവും മുറിച്ചാകാരവും മറ—
ച്ചവനി മകളടിമലരകതളിരിലോർത്തു കൊ—
ണ്ടഞ്ജനാനന്ദനനഞ്ജസാ നിർഭയം—
4)അനലമിഹവസന മിതി,നനലമിഹവാലധി—
ക്കാശു കൊളുത്തുവിൻ വൈകരുതേതുമേ

ഏവം വിധം പ്രസാദഭംഗി വഴിഞ്ഞൊഴുകാതെയുള്ള ഭാഗങ്ങൾ സുന്ദരകാണ്ഡത്തിൽ ദുർല്ലഭം.

(3) ഔചിത്യ വിനിയോഗം കൊണ്ടു പദങ്ങളെ സ്ഥാനമറിഞ്ഞു പ്രയോഗിച്ചു ശബ്ദശക്തിയെ വർദ്ധിപ്പിക്കുന്ന സംഗതിയിൽ എഴുത്തച്ഛൻ അദ്വിതീയനാണ്. ഹനുമാന്റെ തിരിച്ചുവരവിനേ അത്യുൽക്കണ്ഠാപൂർവം പ്രതീക്ഷിച്ചിരിക്കുന്നവാനരസംഘത്തെ കണ്ടമാത്രയിൽ ഹനുമാൻ "കപിനിവഹവീരരേ! കണ്ടിതു സീതയെ എന്നു തുടങ്ങി കാര്യ്യഭാഗം മാത്രം ഉത്സാഹമയമായ് പറയുന്നതും, ശ്രീരാമസന്നിധിയിലെത്തിയപ്പോൾ "കനിവിനൊടു കണ്ടേനഹം ദേവിയെത്തത്ര" എന്നിങ്ങനേ അത്യന്തം ഭക്തിവിനയാന്വിതനായ് വിസ്തരിച്ചു പറഞ്ഞുതുടങ്ങുന്നതും, ഇപ്പറഞ്ഞ സാഹിത്യ ഗുണത്തെ ഉദാഹരിക്കുന്നു.

ശബ്ദശക്തിയെ പ്രബുദ്ധമാക്കുവാൻ എഴുത്തച്ഛൻ [illegible]രമായി സ്വീകരിച്ചിരിക്കുന്ന മറെറാരു സമ്പ്രദായം അവസരോചിതമായ പദവൃത്തനമാകുന്നു. ആലോകയാലോകയാനന്ദപൂർവകം, 11) അധികവിനയമൊടു തൊഴുതുതൊഴുതാദരാൽ എന്നിത്യാദ്യാവർത്തനങ്ങൾ, തത്തന്മനോ വികാരാതിരേകത്തെ പ്രകാശിപ്പിക്കുവാൻ സമർത്ഥങ്ങളാണ്.

4 എഴുത്തച്ഛൻ ചില പൊടിക്കൈപ്രയോഗങ്ങളാൽ ഔൽകണ്ഠ്യപ്രതീതിവരുത്തിക്കാണുന്നതും ഔചിത്യപരിണാമമായ്ത്തന്നെ ഗണിക്കണം. സംഭാഷണശൈലികളെ യഥായോഗ്യം പ്രയോഗിച്ചാണു് എഴുത്തച്ഛൻ പ്രായേണ ഈ തന്മയത്വം സമാർജ്ജിച്ചുകൊള്ളുന്നതു്. സുരസ, വിശപ്പിന്റെ കൂടുതൽകൊണ്ടു 'മറ്റൊന്നുമോർത്തു കാലംകളയായ്കെടൊ എന്നു ഹനുമാനോടു ധൃതികൂട്ടുന്നതും, ഹനുമാൻ ഉദ്യാനം തകർത്തപ്പോൾ രജനിചരപുരി ഝടിതി കീഴ്മേൽ മറിച്ചതും" ബ്രഹ്മാസ്ത്രവിമുക്തനായ്ത്തീർന്നിട്ടും ഹനുമാൻ കാര്യഗൌരവം പ്രമാണിച്ചു നിശ്ചലനായ്കിടന്നതും; രാവണനോടു രാജസഭയിൽ വെച്ചു ഹനൂമാൻ തന്റെ അത്യന്താവജ്ഞയെ ഹാസ്യരസപ്രധാനമായ് പ്രകടിപ്പിക്കുമാറ് നിന്നെപ്പോലെയുള്ള രാവണന്മാരൊരു നൂറുനൂറായിരം ഒരുമിച്ചുചേർന്നു തെളിഞ്ഞുവരുന്നതിത്താൽപോലും എന്റെ ചെറുവിരലിനു പററുന്നതല്ലെന്നു പറയുന്നതും മററും ഇതിനു ദൃഷ്ടാന്തമായ് കണ്ടുകൊൾക. മുറയ്ക്കുനോക്കിയാൽ ഈ പൊടി കൈപ്രയോഗങ്ങൾ ഫലിത ജാതിയിൽ ഉൾപ്പെടുന്നു. പക്ഷേ കുഞ്ചൻ നമ്പിയാരുടേതുപോലെ അത്ര ഉൽക്കടമോ പ്രകടമോ ആകുന്നില്ലെന്നു മാത്രം. സ്വതേ ഗംഭീരാശയനായ എഴുത്തച്ഛന്റെ ഫലിതപ്രയോഗങ്ങൾക്കു തൽപ്രകൃതിക്കു ചേർന്ന ഗൌരവഗുണവും ഉണ്ടായിരിക്കുന്നതാണെല്ലോ.

5. കഥാപാത്രങ്ങളുടെ മനഃപ്രകൃതികളെ തെളിച്ചു കാട്ടിത്തരുന്നതിൽ എഴുത്തച്ഛൻ മിക്കപ്പോഴും ബദ്ധശ്രദ്ധനാണു്. ഹനൂമാൻ സ്വതേ വീരനെങ്കിലും, സീതയോടു നമസ്കാരപൂർവം യാത്രചോദിച്ചതു,

"വിനയഭയകുതുകപ്രമോദാന്വിത"

നായിട്ടാണു്. അതുപോലെതന്നെ, രാജസദസ്സിൽ വെച്ചുള്ള ഹനുമാന്റെ ഉപാലംഭനോക്തികൾ കേട്ടുകഴിഞ്ഞപ്പോൾ

"മനസിദശമുഖനുമുരു താപവും ഭീതിയും
മാനവും ഖേദവും നാണവും തേടി"

യതായി വിശദപ്പെടുത്തിപ്പറയുന്നു.

6 അതതു രസങ്ങൾക്കു അനുവ്യഞ്ജകമായ രചനാരീതിയെ എഴുത്തച്ഛൻ സ്വീകരിച്ചുകാണുന്നതും തന്റെ ഔചിത്യപ്രയോഗം കൊണ്ടുതന്നെ.

ഇതിപരുഷവചനമൊടണഞ്ഞു താഡിച്ചിതൊ-
ന്നോറെ രോഷേണതാഡിച്ചു കപീന്ദ്രനും.

എന്നാദിക്കിലെ പരുഷതയും,

ശിതവിശിഖ മുഖനിഖില ശസ്ത്രജാലങ്ങളെ
ശീഘ്രം പ്രയോഗിച്ചനേരം കപീന്ദ്രനും

എന്നേടത്തെ വീരരസത്തിനു യോജിച്ച ഓജസ്സും,

കിതവമതികളുമിതൊരു കള്ളനെന്നിങ്ങനെ
കൃത്വാരവമരം ഗത്വാ പുരവരം
പറകളെയുമുടനറഞ്ഞറഞ്ഞിങ്ങനെ
പശ്ചിമദ്വാരദേശേ ചെന്നനന്തരം

എന്നാംഘട്ടത്തിലെ ആരവഘോഷ പ്രസാദവും ശ്രവണമാത്രയിൽ തന്നെ നമുക്കനുഭവസിദ്ധമാകുന്നു. അതുപോലെ, രാവണൻ

അനുസരണമധുരരസവചനവിഭവങ്ങളാൽ
ആനന്ദരൂപിണിയോടു ചൊല്ലീടിനാൻ

എന്നുതുടങ്ങുന്ന അപേക്ഷോക്തികളിലെ മധുരവ്യഞ്ജകത്വവും പ്രത്യക്ഷമാണു്.

7 എഴുത്തച്ഛൻ ചിലേടത്തു ലളിതവും മററു ചിലേടത്തു സംസ്കൃത പ്രചുരവും ആയ രചനാരീതി ഭേദം സ്വീകരിച്ചു് തന്റെ ഭാഷാകൃതികൾക്കു വൈചിത്ര്യ പുഷ്ടി വരുത്തിയിട്ടുണ്ടു്. കളകാഞ്ചി വൃത്തത്തിനു വേണ്ടി കുറെ അധികം "സംസ്കൃതം" സുന്ദരകാണ്ഡത്തിൽ കടന്നു കൂടേണ്ടി വന്നിരിക്കണം. "ഉല്ലംഘിതേബ്ധൌ പവനാത്മജത്മനാ"; "ശ്രവണയുഗളാമൃതം കേനമേശ്രാവിതം"; "മമനയനയുഗളമായാതു പുണ്യവാൻ"; "പപ്രച്ഛ നീയാരയച്ചുവന്നു കപേ!" എന്ന രീതിയ്ക്കുള്ളവയെല്ലാം ഇക്കൂട്ടത്തിൽ പെട്ടവയായിരിക്കണമെങ്കിലും ഹനുമാൻ ലങ്കയ്ക്കു ചാട്ടം പൊഴത്തെ ആത്മഗതത്തിലേയും രാവണനേ സമാശ്വസിപ്പിക്കുന്ന ഇന്ദ്രജിദ് ഭാഷണത്തിലെ

"കൃതിഭിരപിനി കൃതിഭിരപിച്ഛത്മനാപിവാ

കൃഛേ്ഛരേണ" എന്നിവിധമുള്ള സംസ്കൃതപ്രചുരിമയേയും നേരെമറിച്ചു്, ഭയവിഹ്വലനായിത്തീർന്നപ്പൊഴത്തേ രാവണന്റെ ആത്മഗതത്തിലും, രാവണനോ ഹനുമാൻ ഹാസ്യമായ് നടത്തു

ന്ന സംഭാഷണത്തിലും ലങ്കാദഹനം നിമിത്തം രാക്ഷസികൾ ചെയ്യുന്ന വിലാപത്തിലും പ്രയോഗിച്ചു കാണുന്ന ഭാഷാസാരള്യത്തെയും വിവേചിച്ചു നോക്കുമ്പോൾ ഭാഷാവൈചിത്ര്യ സ്വീകരണത്തിലും എഴുത്തച്ഛൻ ഏറക്കുറെ ഔചിത്യ പ്രതീക്ഷയുണ്ടായിരുന്നിരിക്കണമെന്നു തന്നെ തോന്നുന്നു.

(8) മനസ്സിനു് ഉന്മേഷം ജനിപ്പിക്കുന്നതോടുകൂടി, സ്വഭാവസംസ്കരണം ലക്ഷ്യമാക്കി ക്കൊള്ളുക യെന്നതും സാഹിത്യഗുണത്തിൽ ഉൾപ്പെടുന്നു. തന്നിമിത്തം ചമൽക്കാരപ്രയോഗങ്ങളിലെന്നപോലെ തത്വോക്തി വിതരണത്തിലും ഒരു കവിക്കു ഔചിത്യബുദ്ധി അത്യാവശ്യമാകുന്നു. തത്വോക്തി പ്രസ്താവങ്ങൾക്കു ഉദ്ദേശിക്കുന്ന പ്രകാരം ഫലസിദ്ധിയുണ്ടാകുണമെങ്കിൽ, അവയെ സ്ഥാനംനോക്കിത്തന്നെ പ്രയോഗിക്കണം. എഴുത്തച്ഛൻ, സുന്ദരകാണ്ഡത്തിൽ അവിടവിടെയായു് പ്രയോഗിച്ചുകാണുന്ന ലോകോക്തികളും നീതിവാക്യങ്ങളും, അവയുടെ സന്ദർഭൗചിത്യഭംഗികൊണ്ടു, ശ്രോതാക്കളുടെ ഉള്ളിൽ സുദൃഢം പതിയുന്നവയും തന്നിമിത്തം മനസ്സിനെ വഴിപോലെ സംസ്കരിപ്പിക്കുന്നവയും ആകുന്നു. ഇതിനു ചില ദൃഷ്ടാന്തം കുറിക്കുന്നു.

1) ജാതനെന്നാകിൽവരും സുഖം ദുഃഖവും
2) സത്യമായ്‌വരും സ്വപ്നം ചിലക്കു
ചിലകാലമൊക്കണം!
3) ദുഷ്ക്കീർത്തിചേരുമോ വീര്യ്യവും സാം വിഭോ?
4) ദശനിയുതശതവയസി ജീർണ്ണമെന്നാകിലും
ദേഹികൾക്കേററം പ്രിയം ദേഹമോർക്ക നീ
5) ആത്മോപദേശമജ്ഞാനിനാം മോക്ഷദം
6) വാനരന്മാർക്കു വാൽമേൽ ശൌര്യ്യമോർക്കണം.

9) ഗുരുത്വം, ഭക്തി, മുതലായ മനോഭാവങ്ങളെ ലക്ഷീകരിക്കുന്ന ആചാരവാചകങ്ങളെ വേണ്ടുന്നിടത്തെല്ലാം അപ്പോഴപ്പോൾ പ്രയോഗിച്ചുകൊള്ളുന്നതിൽ എഴുത്തച്ഛനു ഒരിക്കലും വിസ്മൃതി പററുന്നതല്ല. ഹനുമാൻ ശ്രീരാമനെപ്പററി ഓർക്കുമ്പോഴെല്ലാം "താണുവണങ്ങിക്കൈകൂപ്പുക" സീതാസമക്ഷം അധിക "വിനയമൊടുതൊഴുതുതൊഴുതാദരാൽ"വർത്തിക്കുക, യാത്ര ചോദിക്കുമ്പോൾ വലത്തുവെയ്ക്കുക മുതലായ ആചാരോപചാരാ

നുഷ്ഠാനങ്ങളുടെ ഇപ്രകാരമുള്ള ആവത്തനകൊണ്ട്, എഴുത്തച്ഛൻ, ഇവയുടെ അത്യാവശ്യകതയേപ്പററി കേരളീയരെ സന്നിഷ്ക്കർഷം ഉൽബോധിപ്പിക്കയാണ് ചെയ്യുന്നതു്. അതിനാൽ എഴുത്തച്ഛൻ മലയാളഭാഷയ്ക്കു മാത്രമല്ല മലയാളികളുടെ സദാചാരനിഷ്ഠയ്ക്കും സംസ്ക്കാരകാരകനാണെന്നു കൂടി പറയേണ്ടിയേണ്ടിയിരിക്കുന്നു.

## VII കഥാപാത്രങ്ങൾ

1) സുന്ദരകാണ്ഡത്തിലെ പ്രധാനകഥാപാത്രം ഹനുമാൻ തന്നെയാണെല്ലൊ- കാര്യസിദ്ധി വരുത്തുവാൻ അതിസമർത്ഥനായ ഒരു ഉത്തമദൂതൻെറ ലക്ഷണങ്ങളെല്ലാം തികച്ചും ഹനുമാനിൽ കണ്മാനുണ്ട്. ഒന്നാമതു്, നിഷ്ക്കളങ്കവും നിസ്സീമവും ആയ സ്വാമിഭക്തിയാണ്: ഇപ്രകാരമുള്ള ഒരു ദൂതനു അത്യാവശ്യമായ് വേണ്ടതു്. സുന്ദരകാണ്ഡത്തിലെ ഹനുമാൻെറ സകല പ്രവൃത്തികൾക്കും പ്രേരകമായ് നിൽക്കുന്നതു, തനിക്കു ശ്രീരാമനോടുള്ള അളവററ ഭക്തി തന്നെയാകുന്നു. തൻെറ ദൌത്യനിർവഹണകൃത്യത്തെ ഇത്രമേൽ വിജയകരമാക്കുന്ന മനോധൈര്യത്തിനും നയചാതുര്യത്തിനും ഉൽപത്തിസ്ഥാനം തേടേണ്ടതും ഈ ഭക്തിയിൽ തന്നെയാണ. ശ്രീരാമൻ വിശ്വാസപൂർവം തന്നോ ഏൽപ്പിച്ചിട്ടുള്ള മോതിരം കൈവശമുള്ളപ്പോൾ ഏതു കാര്യവും സാധിച്ചുകൊള്ളുമെന്നുള്ള മനോധൈര്യം, ലങ്കയിലേക്കു ചാടാനുദ്യമിക്കുംപോഴത്തെ ഹനുമാൻെറ ആത്മഗതത്തിൽ തെളിഞ്ഞുകാണുന്നു. ലങ്കയിൽ എത്തിയശേഷം, അങ്ങിങ്ങെല്ലാം സീതയെത്തിരക്കിയതിൽ കാണാതെ വിഷമിച്ചു നിന്നപ്പോഴും, അതിഗംഭീരമായ രാവണസദസ്സിൽ ചെന്നു സംസാരിക്കാൻ ഭാവിച്ചപ്പോഴും, ഹനുമാൻ സ്വാമിയെ ഭക്തിപൂർവം സ്മരിക്കാതിരിക്കുന്നില്ല.

ഉത്തമദൂതൻെറ ഉചിതജ്ഞതയാണ ഹനുമാനിൽ കാണുന്നവേറൊരു ഗുണം. കാര്യംകൂടാതെആരെയെങ്കിലും വെറുപ്പിക്കയോ, വേണ്ടതു് അവസരമറിഞ്ഞുചെയ്യാതിരിക്കയോ എന്നുള്ളതു് ഹനുമാനെ സംബന്ധിച്ചു എങ്ങും ഉണ്ടാകുന്നതല്ല. മാർഗ്ഗമദ്ധ്യത്തിൽ അവിചാരിതമായുണ്ടായ പ്രബന്ധങ്ങളേ, തൻെറ നയപ്രയോഗസാമത്ഥ്യം കൊണ്ടാണ് ഹനുമാൻ കടന്നുകൂടുന്നതു്. സിംഹികയെ രാക്ഷസിയെന്നറിഞ്ഞപ്പോൾ ഉടനടിഹിംസിച്ചു കൊല്ലുന്നതും, ല

ങ്കാലക്ഷ്മിയുടെ അടിക്കുപകരം അങ്ങോട്ടു ചെകിട്ടപൊളിയേ അടികൊടുത്തു പറഞ്ഞയക്കുന്നതും ഹനുമാൻെറ നവൌചിത്യലക്ഷ്യങ്ങൾതന്നെ. സീതാസന്നിധിയിലേരാവണനെൻെറ ദുർഭാഷണങ്ങളെല്ലാംകേട്ടിട്ടുംഈ ഉചിതജ്ഞൻവൃക്ഷോപരി അനങ്ങാതെ ഇരുന്നതെയുള്ളൂ. ദുഃഖിതയായിരിക്കുന്ന സിതയെഭയപ്പെടുത്താതിരിക്കാൻ മറഞ്ഞിരുന്നിട്ട് ഹനുമാൻ നയവഴിയ്ക്കു രാമലക്ഷ്മണന്മാരുടെ പൂർവചരിത്രാ പറഞ്ഞുതുടങ്ങി ആ മഹതിയിൽ വിശ്വാസം ജനിപ്പിക്കുന്നു. രാവണമായയെപ്പററി സദാഭയന്നു കൊണ്ടിരിക്കുന്ന സീതയുടെ മനസ്ഥിതിയേ, ഈ പരേംഗിതജ്ഞൻ ശരിക്കറിഞ്ഞു ധൈയ്യപ്പെടുത്തുന്നു.

ശ്രീരാമൻെറ മോതിരം സീതയുടെ കൈയ്യിൽ ആദരപൂർവം അർച്ചിപ്പിച്ചശേഷം ആ വിരഹിണിക്കു തദംഗുലിയദർശനം കൊണ്ടുണ്ടാകുന്ന ഭാവചേഷ്ടകളേ നോക്കിക്കൊണ്ടു നിൽക്കുന്നതു മര്യ്യാദകേടെന്നു കണ്ടു്, ഹനുമാൻ ഒന്നു് "പിന്നോക്കിൽ വാങ്ങി," മാറിനിൽക്കുകയാണു് ചെയ്തതു്. സീതാദേവി ചോദിച്ചതിനെല്ലാം അപ്പോഴപ്പോൾ അത്യന്തംആശ്വാസപ്രദങ്ങളായമറുപടികളാണു് ഹനുമാൻ പറയുന്നതു്. താൻ തിരിച്ചെല്ലുംമുമ്പേ തന്നെ ശ്രീരാമൻ സൈന്യസമേതം ലങ്കയിൽ എത്താതെയിരിക്കയില്ലെന്നുള്ള ഹനുമാൻെറ അത്യുക്തി, സീതയുടെ തൽക്കാല മനോവിഭ്രമത്തെ ഉപശമിപ്പിക്കുവാൻ മാത്രം പ്രയോഗിച്ചിട്ടുള്ളതാകുന്നു. വാനരസൈന്യബലത്തെപ്പററി സീതാദേവിക്കു വിശ്വാസം ജനിപ്പിക്കുവാൻ ഹനുമാൻ തൻെറ ആകൃതി വലുതാക്കിക്കാണിക്കുന്നു.

ഹനുമാൻെറ ബുദ്ധിസാമർത്ഥ്യത്തെപ്പററി ഇനിപ്പറയാം. സുരക്ഷിതമായുള്ള ലങ്കയിൽ പ്രവേശം കിട്ടാനുള്ള മാർഗ്ഗത്തെപ്പററി ചിന്തിക്കുംപോഴും സീതയെ കണ്ടു സംസാരിച്ചശേഷം ഇനി രാവണനോടു രണ്ടു വാക്കു പറഞ്ഞേ പോകാവൂ എന്നു നിശ്ചയിച്ചുറയ്ക്കുന്നിടത്തും ഹനുമാൻെറ ധിഷണാശക്തി പ്രത്യക്ഷപ്പെടുന്നു. ഹനുമാൻ, നായകനായികാസമാഗമത്തിനു ഉത്സാഹിക്കുന്ന വെറും ദൂതനല്ലാ; പിന്നയോ ഒരു രാജദൂതനാണെന്നു ആലോചിക്കുംപൊഴാണു് ഹനുമാൻെറ ഈസന്ദർഭത്തിലെ ബുദ്ധിപ്രാഭവം സുവ്യക്തമാകുന്നതു്. രാവണയുദ്ധം അടുത്തുതന്നെ ഉണ്ടാകുമെന്നറിഞ്ഞിരിക്കുന്ന ഹനുമാൻ രാവണപുരിയിൽ എത്തിയിരിക്കുന്ന

സ്ഥിതിയും അവിടത്തെ കോട്ടകൊത്തളങ്ങളുടെ കിടപ്പും, സൈന്യനിവേശസ്ഥിതിയും, ലങ്കാധിപതിയായ രാവണനേത്തന്നേയും ഒന്നോട്ടത്തുകണ്ടറിഞ്ഞുപോകണമെന്നു താൻ നിശ്ചയിച്ചു. വാനര പ്രകൃതിക്കു യോജിച്ച ഉദ്യാനത്തകർപ്പു് തന്നെ, താൻ ഇതിനുള്ളവഴിയായും സ്വീകരിച്ചു. അതിൽ എതിർത്തവരെയെല്ലാം കൊന്നു കഴിഞ്ഞപ്പോൾ. രാവണനെ ഭയപ്പെടുത്തിയുദ്ധംകൂടാതെ സൌമ്യത്തിൽ കാര്യം തീർക്കാനുള്ള ഉദ്യമമാണു് പിന്നെ നാം ഹനുമാനിൽക്കാണുന്നതു്. അതു സാധിക്കാതെ വന്നപ്പോഴാണു, ഹനുമാൻ രാവണനെ അപഹസിച്ചുഅധിക്ഷേപിച്ചിട്ടു ലങ്കാദഹത്തിനൊരുങ്ങുന്നതു്

ഇവിടെയെല്ലാം പ്രകാശിക്കുന്ന സംഭാഷണ ചാതുര്യം, ഹനുമാൻെറ മറെറാരു ഗുണമാകുന്നു. രാവണസഭയിൽ വെച്ചുള്ള പ്രഹസ്ത പ്രശ്നത്തിനു് ഹനുമാൻ പറയുന്ന മറുപടി എത്ര സ്വാഭാവികവും സരസവുമായിരിക്കുന്നു? ചുരുക്കിപ്പറഞ്ഞാൽ, സീതാദേവിക്കു സമാശ്വാസവും, രാവണനു ഉൾഭീതിയും, കൂട്ടുകാരായ വാനര സംഘക്കാർക്കുഉത്സാഹവും, സുഗ്രീവനു ധൈര്യവും, ശ്രീരാമനു ചാരിതാർത്ഥ്യവും സഞ്ജാതമാകത്തക്ക രീതിയിലാണു് ഹനുമാൻ അവരോരുത്തരോടും സംഭാഷണം ചെയ്തു കാണുന്നതു്. പ്രത്യുൽപന്ന മതിയും ആർജ്ജവ ബുദ്ധിയും ആയ ഹനുമാൻെറ സംഭാഷണം അന്യഥാഭവിക്കാനിടയില്ലെല്ലൊ.

സ്വാമികാര്യാർത്ഥമായ് പോകുമ്പോൾ

"പെരുവഴിയിലശനശയനങ്ങൾ ചെയ്കെന്നതും

പേർത്തു മറെറാന്നു ഭാവിക്കയെന്നുള്ളതും"

അനുചിതമാണെന്നു തീർത്തു പറയുന്ന ഹനുമാൻെറ കൃത്യനിഷ്ഠയെപ്പററി വിശേഷിച്ചൊന്നും പറയേണ്ടതായില്ല. ബന്ധുജനസൽക്കാരം സ്വീകരിച്ചെന്ന മട്ടിൽ ഹനുമാൻ മൈനാകത്തെ തലോടുന്നതിൽ, തൻെറ സദാചാരനിഷ്ഠയും, തന്നോടു യുദ്ധം ചെയ്തുകൊണ്ടു നിൽക്കുന്ന ഇന്ദ്രജിത്തിൻെറ രണനിപുണതയെ മനസാ അഭിനന്ദിക്കുന്നതിൽ ഹനുമാൻെറ വീരോചിതമായ പരപക്ഷബഹുമതിയും, രാവണ സദസ്സിൽ ശ്രീരാമനേയും സുഗ്രീവനേയും ആദരപൂർവം പുരസ്ക്കരിച്ചു പറയുന്നതിൽ,വിനയാദി സൌജന്യ പ്രകൃതിയും തെളിയുന്നുണ്ടല്ലൊ.

2) അദ്ധ്യാത്മരാമായണത്തിലെ രാവണൻ വാല്മീകിയുടെ രാവണനേ അപേക്ഷിച്ച് ആന്തരാൽ തികഞ്ഞ വിഷ്ണുഭക്തനായിട്ടാണ് നാം സുന്ദരകാണ്ഡത്തിൽ കാണുന്നത്. ദൂതൻെറ മുമ്പിൽ വെച്ച് സീതയുടെ ആധിയെ വാങ്മയാസ്ത്രങ്ങളാൽ വർദ്ധിപ്പിച്ചു ശ്രീരാമൻെറ വരവിനു കാരണമാക്കാനായിട്ടാണ് രാവണൻ ഇവിടെ സീതയോടു 'ദുർഭാഷണം' ചെയ്യുന്നത്. ഈ ദുർഭാഷണം പോലും രാവണൻെറ ആഭ്യന്തരഭക്തിമഹിമ കൊണ്ടു രാമതത്വാഖ്യാനകമായിട്ടു കൂടി പരിണമിക്കുന്നതായിട്ടാണ് അദ്ധ്യാത്മരാമായണ കർത്താവു കാണിച്ചിരിക്കുന്നത്. മണ്ഡോദരിയുടെ സാന്നിദ്ധ്യത്താൽ ലജ്ജിതനായ്ഭവിക്കുന്ന രാവണൻ പെട്ടെന്നു ഗാംഭീര്യം നടിച്ച് 'അവനിമകളകതളിരഴിച്ചെങ്കലാക്കുവിൻ' എന്നു രാക്ഷസിമാരോടാജ്ഞാപിച്ചു യാത്രയാകുന്നു.

തൻെറ ഉദ്യാനം തകർത്ത വാനരൻ ഒരു നിസ്സാരനല്ലെന്നുള്ള ഭയം രാവണൻെറ ഉള്ളിൽ ആദ്യമെ കടന്നു കൂടുന്നുണ്ട്. ഒടുവിൽ ഇന്ദ്രജിത്തു ഹനുമാനെ പിടിച്ചു കെട്ടി തൻെറ മുമ്പിൽ കൊണ്ടു വന്നപ്പോഴും ഇതേ അഭിപ്രായം ഇന്ദ്രജിത്തും പുറപ്പെടുവിച്ചു കേട്ടപ്പോൾ രാവണൻ രാജസദസ്സിൽ വെച്ചു ഹനുമാനേ വിസ്തരിച്ച് ശിക്ഷിക്കുവാൻ തന്നെ തീർച്ചയാക്കി.രാജാധിരാജനെന്നുള്ള അഭിമാനാതിരേകത്താൽ, രാവണൻ പ്രഹസ്തനേക്കൊണ്ടാണ് ഈവിസ്താരം നടത്തുന്നത്. സദസ്സിൻെറ ഗൌരവത്തേയും തൻെറ അദ്ധ്യക്ഷതയേയും ലവലേശം വകവയ്ക്കാത്ത മട്ടിൽ പൂചരസപ്രകാശമായ ഉപക്രമത്തിൽ തുടങ്ങിയ ഹനുമാൻെറ ആത്മോപദേശം, രാവണനിൽ ക്രമാതീതമായ കോപത്തെയാണ് ഉജ്ജ്വലിപ്പിക്കയുണ്ടായ്തു. ഈ കോപാന്ധതയിലും, രാവണൻ വിഭീഷണൻെറ അഭിപ്രായത്തെ ആദരിച്ച് ദൂതവധത്തിൽ നിന്നു വിരമിക്കയും തന്നിമിത്തം രാജസഭയുടെ ധർമ്മശ്രദ്ധയെ പരിപാലിക്കയും ചെയ്യുന്നു.

3) ഹനുമാനോടുള്ള പ്രഹസ്തൻെറ "വിനയനയസഹിത"മായ ചോദ്യവും മുഖവുര പ്രസംഗവും, രാവണസദസ്സിൻെറ ബ്രഹ്മസഭാസമാനമായ ഗംഭീര്യത്തേയും ആ മന്ത്രിസത്തമൻെറ നയസാമർത്ഥ്യത്തേയും ഒരുപോലെ നല്ലവണ്ണം വിശദീകരിക്കുന്നു.

4) സീതാദേവിയുടെ പാതിവ്രത്യ മഹിമയേയും, ലങ്കാപുരിയാകുന്ന "പരാലയ"ത്തിൽ "നിശിചരികൾ പരുഷവചനം കേട്ട്" ഇപ്പോൾ ആ ദേവി അനുഭവിക്കുന്ന പരവശതയേയും ചൂണ്ടിക്കാണി

ച്ചു് മണ്ഡോദരി, രാവണനേ ദുർമ്മോഹത്തിൽ നിന്നു വിരമിപ്പിക്കു വാനുദ്യമിക്കുന്നു. ഇതിൽപരം, ദാക്ഷിണ്യവതിയായ ഒരു ധർമ്മപത്നിക്കു ഈ സന്ദർഭത്തിൽ എന്തു ചെയ്യാൻ കഴിയും?

5) ലങ്കാപുരിയിൽ രാവണാജ്ഞയനുസരിച്ചുണ്ടാകുന്നു പലതരം മനഃപ്പീഡകളേററു കഴിച്ചു കൂട്ടുന്ന വിരഹിണിയായ സീതയുടെ ചിത്രം. അത്യന്തം കരുണോത്തേജകമായു് പ്രാരംഭത്തിൽ കാട്ടിത്തന്നിട്ടു് ആയതു് ഹനുമാൻ വഴിയ്ക്കുള്ള ശ്രീരാമ പ്രേമ സന്ദേശലബ്ധിയോടു കൂടി ഒടുവിൽ എപ്രകാരം പ്രസന്നോജ്ജ്വലമായു് പരിലസിക്കുവാനിടയാകുന്നു എന്നു സുന്ദരകാണ്ഡം സൂസൂക്ഷ്മം പ്രത്യക്ഷപ്പെടുത്തിത്തരുന്നു. രാവണനോടുള്ള സീതാദേവിയുടെ വാക്കുകളിൽ അക്ഷരംപ്രതി മുഴങ്ങുന്ന രാമപ്രേമദാർഢ്യമാണു് ഇവിടെ സീതയെ ധർമ്മധീരയാക്കുന്നതു്. രാവണൻ രണ്ടുമാസത്തെ അവധി വെച്ചു രാക്ഷസികളോടു സീതാദേവിയെ സ്വവശത്താക്കിക്കൊടുക്കാനാജ്ഞാപിച്ചു പോയതിൽ പിന്നെ രാക്ഷസികളുടെ ദുഷ്പ്രേരണകൾ കേട്ടു കേട്ടുണ്ടായ നൈരാശ്യം, ദേവിയെ ആത്മഹത്തിക്കൊരുക്കുകതന്നെ ചെയ്തു. ഈ മുഹൂർത്തത്തിൽ അശരീരികമെന്നപോലെ കേട്ടു തുടങ്ങിയ രാമചരിത്രാഖ്യാനം, ദേവിയെ ആ സാഹസത്തിൽ നിന്നും വിരമിപ്പിച്ചു. എങ്കിലും ആ സന്ദർഭത്തിൽ 'കുസൃതി ദശമുഖനു പെരുതെന്നു' നിരൂപിച്ചും കൊണ്ടു സീതാദേവി ഹനുമാനേ മുമ്പിൽ കണ്ടിട്ടും സംശയിച്ചു അമ്പരന്നു നിന്നുപോയി. ഹനുമാൻെറ വാക്കുകൾ വിശ്വാസയോഗ്യമെന്നു ദേവിക്കു ക്രമംകൊണ്ടു ബോദ്ധ്യമായപ്പോൾ മാത്രമേ, ഗുണസമ്പന്നനായിട്ടുള്ള ആളെയല്ലാതെ ഭർത്താവു് തൻെറ അടുക്കൽ ദൂതനായിട്ടയക്കാനിടയില്ലെന്നുള്ള ധൈര്യമുറച്ചു് സീതാദേവി, ഹനുമാനോടു കാര്യങ്ങൾ തുറന്നു പറയുന്നുള്ളു. സീതയുടെ ഈ സന്ദർഭത്തിലെ കുശലപ്രശ്നരീതിയും സങ്കട നിവേദന ക്രമവും അത്യന്തം സ്വാഭാവികമെന്നു കാണാം. ഹനുമാനിൽ വിശ്വാസം വർദ്ധിച്ചു വരുന്തോറും ദേവിയുടെ മനസ്സിനു ഉന്മേഷവും മുഖത്തു പ്രസാദവും വാക്കുകൾക്കു ഫലിതവും ആകപ്പാടെ നായികാവൃത്തിക്കു പ്രൌഢിയും യഥാക്രമം സിദ്ധിയ്ക്കയുണ്ടായതു സൂക്ഷിച്ചു നിരീക്ഷിച്ചാൽ നമുക്കു ഗോചരീഭവിക്കുന്നു. കൃശഗാത്രന്മാരായ നിങ്ങൾ എങ്ങനെ രാക്ഷസ സൈന്യത്തെ തോല്പിക്കാൻ പോകുന്നു എന്നുള്ള ഫലിതപ്രശ്നവും, ഹനുമാൻെറ യഥാർത്ഥ രൂപം കണ്ടു ധൈര്യം വന്നു

പ്പോൾ ഇനി രാക്ഷസിമാരുടെ ദൃഷ്ടിയിൽ പെടാതെ വേഗം പോയി പ്രാണനാഥനെ കൊണ്ടുവരാനുത്സാഹിച്ചു തുടങ്ങുക എന്നുള്ള രഹസ്യം പറച്ചിലും, മററും ദേവിയിൽനിന്നുണ്ടാകുന്നതു്, ഇപ്പുതനത്തിൽ മാത്രമാണു്. ഹനുമാന്റെ ഉദ്യാനഭഞ്ജനം കൊണ്ടു പ്രക്ഷുഭിതരായ രാക്ഷസികൾ സീതാദേവിയുടെ സന്നിധിയിൽ ഓടിയെത്തി "നിങ്ങളോടു രഹസ്യം പറകയും അതിൽ പിന്നെ ഈ ഉദ്യാനംതകക്കയും ചെയ്ത വാനരനെപ്പററി നിങ്ങൾക്കെന്തറിയാമെന്നു ചോദിച്ചതിനു മറുപടിയായ്, രാക്ഷസന്മാരുടെ മായകൾ നിങ്ങൾക്കല്ലെ കൂടുതലായറിയാവുന്നതു് എന്നു ശുണ്ഠി പറയാൻ പോലും ദേവി ഈ അവസരത്തിൽ തെല്ലും മടിക്കുന്നില്ല. ലങ്കയെ നിശ്ശേഷം ദഹിപ്പിച്ചു കഴിഞ്ഞ ശേഷം യാത്ര ചോദിക്കാൻ വന്ന ഹനുമാനോടു സീതാദേവി, തന്റെ വിരഹദുസ്സഹതയെപ്പററി പരിദേവനം ചെയ്യുന്നതും, അങ്ങനെയാണെങ്കിൽ സ്കന്ധത്തിലേററി ഉടൻതന്നെ രാമ സന്നിധിയിലെത്തിക്കാമെന്നു ഹനുമാൻ പറഞ്ഞപ്പോൾ അതു് തന്റെ പ്രാണനാഥന്റെ സൽക്കീർത്തിക്കു പോരാത്തതാകയാൽ വേണ്ടെന്നു സീതാദേവി സയുക്തികം ഉപദേശിക്കുന്നതും, ഈ സന്ദർഭം കൊണ്ടു നായികയ്ക്കു സമായത്തമായിരിക്കുന്ന പ്രൌഢത ലക്ഷ്യം തന്നെയാകുന്നു. ഹനുമാന്റെ വീര്യപരാക്രമങ്ങൾ കണ്ടു ബോദ്ധ്യപ്പെട്ട സീതാദേവി, ഒടുവിൽ ഹനുമാനെ സൌഹാർദ്ദമായ് അഭിനന്ദിച്ചു ശ്രീരാമസന്നിധിയിലെക്കു യാത്രയാക്കുന്ന ഘട്ടത്തിൽ, അടുത്തുണ്ടാകാൻ പോകുന്ന നായകസമാഗമത്തെപ്പററിയുള്ള വിശ്വാസദാർഢ്യം ഈ നായികയെ യഥായോഗ്യം ഒരു ധീര പ്രസന്നയാക്കിത്തീർത്തിരിക്കുന്നതായ് നാം കാണുന്നു.

മററുകഥാപാത്രങ്ങൾ: അവതാരപുരുഷനായ ശ്രീരാമൻ, ഹനുമാനെ ആലിംഗനം ചെയ്തു് അഭിനന്ദിക്കുന്നതിൽനിന്നു്, മനുഷ്യഗുണങ്ങളിൽ വെച്ചു കൃതജ്ഞതയ്ക്കുള്ള പ്രധാന്യം നാം മനസ്സിലാക്കേണ്ടതാണു്. മനുഷ്യരിൽ ഈശ്വരഭക്തിയെ പ്രകൃത്യാ ഉൽപാദിപ്പിക്കുന്നതും മററു പലസൽഗുണങ്ങൾ ഉൾക്കൊള്ളുന്നതുമായ കൃതജ്ഞത, ഏവരും അവശ്യംപരിശീലിക്കേണ്ട ഒരു ഭാവവികാരമാണെന്നു ശ്രീരാമൻ ഇവിടത്തെ സ്വാനുഷ്ഠാനംകൊണ്ടു ആരെയും ഉൽബോധിപ്പിക്കുന്നു. ശ്രീരാമസന്നിധിയിൽ ലക്ഷ്മണനോടുകൂടി "ദിഷ്ടപൂർണ്ണം ഭജിച്ചന്തികേ സന്തതം" വർത്തിക്കുന്ന സുഗ്രീവൻ, ഹനുമൽ പ്രഭൃതികൾ തന്റെ മധുവനം തകർത്തതായി കേട്ടപ്പോൾ ഉടൻ അവരെ ആദരപൂർവ്വം കൂട്ടിക്കൊണ്ടുവരുവാനാ

ജ്ഞാപിച്ചതിൽ നിന്നും ആത്മമിത്രമായ ശ്രീരാമന്റെ കാര്യസിദ്ധിയെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ അത്യൗൽക്കണ്ഠ്യം, സ്വയം പ്രകാശിക്കുന്നതായ് വിചാരിക്കണം. സുഗ്രീവനും ശ്രീരാമനോടുള്ള ഈ മൈത്രീപാരമ്യത്തെ യഥാപൂർണ്ണം അറിയുന്ന കുമാരനാണ് അംഗദനെന്നുള്ള വസ്തുത, സ്വപരിവാരങ്ങൾക്കു ഈസന്ദർഭത്തിൽ താൻ അവിടെ പ്രവേശനാനുവാദം നൽകിയതുകൊണ്ടു സ്പഷ്ടം. ഇതേപ്പററിയുള്ള ദധിമുഖന്റെ നിവേദനങ്ങൾ സുഗ്രീവന്റെ ആജ്ഞാഗൌരവത്തേയും പൊതുവെ അവിടെയുള്ള രാഷ്ട്രീയഭരണവ്യവസ്ഥകളേയും വ്യഞ്ജിപ്പിക്കുന്നു. രാക്ഷസികളോടുള്ള ത്രിജടയുടെ സ്വപ്നവൃത്താന്തവിവരണവും, രാവണനോടുള്ള ഇന്ദ്രജിത്തിന്റെ ഹിതോപദേശവും, രാവണകുചേഷ്ടിതങ്ങളെപ്പററി സ്വജനങ്ങൾക്കുതന്നെയും തോന്നിത്തുടങ്ങിയനിരസത്തെ ലക്ഷീകരിക്കുന്നു.

ഇങ്ങനെ നോക്കുമ്പോൾ, കഥാഗതിയെ വഴിയാംവണ്ണം പുലർത്തുവാൻ പര്യാപ്തമായ തന്മയത്വം ഇതിലെ ഓരോ കഥാപാത്രത്തിനും സമ്പൂർണ്ണസിദ്ധമെന്നുകാണാം.

## viii എഴുത്തച്ഛന്റെ ഭാഷയും വ്യാകരണ പ്രയോഗ വിശേഷങ്ങളും.

എഴുത്തച്ഛന്റെ കിളിപ്പാട്ടുകളിലെ ഭാഷ, മണിപ്രവാളരീതിക്കുള്ളതാണെന്നു മുമ്പു പറഞ്ഞിട്ടുണ്ടല്ലോ. കളകാഞ്ചിയിലെ ആദ്യപാദങ്ങളുടെലഘുമയമായഅക്ഷരസമ്പത്തിക്കുവേണ്ടി“കഥങ്ക” “ഭ
” “ശൃണു”മുതലായസംസ്കൃതക്രിയാപദങ്ങ
, ‘ ഉടമ(അവകാശം)പരിച്ച്(ആകൃതി അടവ്(വ്യാപ്തി)മുനിവ്(കോപം)ഇകൽ(യുദ്ധം) അഴിനില (പ്രതിബന്ധം) എന്നിങ്ങനെ പച്ചമലയാളരീതിക്കുള്ളപദങ്ങളേയും എഴുത്തച്ഛൻ ഈ സുന്ദരകാണ്ഡത്തിൽ ധാരാളം പ്രയോഗിച്ചിരിക്കുന്നു വാഴ്വ്(അഭിവൃദ്ധി)ഉണ്മ(സത്യം-നന്മ) വഴങ്ങിക്ക(യാത്രചോദിക്ക) എന്നിത്തരം പദങ്ങൾ അതാതർത്ഥങ്ങളോടുകൂടിത്തന്നെ ഇന്നും നമ്മുടെ ഭാഷയിൽ പ്രചരിക്കുന്നുണ്ടല്ലോ. സംസ്കൃത പദത്തിന്റെ മലയാളരൂപം കൊടുത്തുണ്ടായിട്ടുള്ള “വിചാരിക്ക”എന്ന പദത്തെ ഇപ്പോഴത്തെ പ്രസിദ്ധാർത്ഥത്തിൽ നിന്നും ഭിന്നമായ്, പഴയകാലത്തു പ്രചരിച്ചിരുന്നവിധം “അന്വേഷിക്ക, ചോദിക്ക” എന്നർത്ഥത്തിൽ പ്രയോഗിച്ചിരിക്കുന്നതായും കാണുന്നു.

വ്യാകരണകാര്യങ്ങളിലും, ഇതുപോലെ, മലയാണ്മക്കൊ

ലം കഴിഞ്ഞ് നമ്മുടെ ഭാഷ, സ്വതന്ത്രരീതിക്കു മലയാളദശയിലേക്കു കാലുവെയ്ക്കുന്ന പതനത്തിലുണ്ടായ ഈ കൃതികളിൽ അന്നത്തേ ചില പ്രാചീന രൂപങ്ങളുടെ അവശിഷ്ടലക്ഷ്യങ്ങൾ കാണ്മാനുണ്ട്. അവയിൽ പലതും, എഴുത്തച്ഛനേത്തുടർന്നുണ്ടായ ഭാഷാകവികളുടെപ്രയോഗങ്ങൾനിമിത്തം ഇപ്പോഴുംപ്രചരിച്ചു വരുന്നു.

(i) "കഥയ മമ കഥയ മമ രാമനെന്നാരുചൊൽ."
ഖിലധാതുവായ "എൻ" എന്നതിന്റെ ഭൂതരൂപം—'എന്നു'. ഇതിനേ പണ്ടു പ്രചരിച്ചിരുന്ന "എന്നു പറഞ്ഞു" എന്നുള്ള അർത്ഥത്തിൽ പ്രയോഗച്ചിരിക്കുന്നു. 'ആവതല്ലെന്നയച്ചോരവസ്ഥാന്തരെ' "എന്നാർ ചിലർ' 'എന്ന ദിക്കുകളിലും ഇതുതന്നെ പ്രയോഗം.

(ii) 'ഒല്ലാത കാര്യമോരായ്ക'
"ഒല്ല്" എന്നുധാതു—അതിനു "യോജിക്ക" "സ്നേഹിക്ക" എന്നു അർത്ഥം. അതിന്റെ പേരെച്ച നിഷേധരൂപം "ഒല്ലാത" ചെയ്യൊല്ലാ-ചെയ്യൊലാ-എന്ന പദങ്ങൾ നോക്കുക. ഓരുക—ഓക്കുക എന്നർത്ഥം. അതിന്റെ നിഷേധരൂപം "ഓരാ ...ക. ' ...യ്ക.

...(iii) "പിന്നോക്കിൽ വാങ്ങിവണങ്ങി"-
പിൻ--...ആക്കം=പിന്നാക്കം എന്നുശുദ്ധരൂപം—അതിന്റെ രൂപാന്തരം പി...ന്നാക്കം-അതിനോടു ആധാരികാവിഭക്തിപ്രത്യയമായ 'ഇൻ' ചേ...ർത്തിരിക്കുന്നു. 'പുറകോട്ടു' എന്നർത്ഥം.

(iv) ...മുല്ലെട്ടു തച്ചുകൊന്നിടിനാൻ. മുൻപെട്ടു=മുൽപെട്ടു ഇവിടത്തേ '...ൽ' ആദേശം "പൊൽപ്പു" വിലെപ്പോലെ സന്ധിനിയമമനുസ...രിച്ചുവന്നു ചേരുന്നു.

(v) ...ലവും—"പല"+ "ഉം" നാനാർത്ഥസർവനാമമായപല എന്നതിലെ...ണ അന്ത്യസ്വരം ഓഷ്ഠ്യമാണ് "അ" × "ഇടം" = "അവിടം" എന്നാകുന്...തുനോക്കുക "വല്ലവ" "ഒക്കവേ" എന്നീദിക്കുകളിലെല്ലാം, "വ്" ആഗമിക്കുന്നതു അന്ത്യസ്വരത്തിന്റെ ഓഷ്ഠ്യത്വം കൊണ്ടാകുന്നു.

(vi) ഖേലിയായ്കേതുമേ. കാരിതധാതുക്കളിൽ സ്വരാദിപ്രത്യ...ത്തിനു മമ്പു ചേക്കാനുള്ള 'ക്ക' എന്ന 'ഇടനില, നിഷേധ

രൂപങ്ങളിൽ വികൽപമായിട്ടേ വിധിച്ചിട്ടുള്ളു. അതിനാൽ'ഖേദിക്കാതെ' യെന്നും 'ഖേദിയാതെ' യെന്നും രൂപഭേദങ്ങൾ.

(vii) തവമധുവനത്തിനു ഭംഗംവരുത്തിയാർ
താരേയനാദികളായ കപിബലം.

നാമപാഠം, ഒരു സമൂഹത്തെക്കുറിക്കുന്നതായാൽ, അതുബഹുവചന പ്രത്യയം കൂടാതെതന്നെ, ബഹുത്വം കാണിക്കും. "നാരീജനം മിക്കതും പരവശമാർ" എന്നതിലെന്നപോലെ ഇവിടെയും, "കപിബലം" (സമൂഹ നാമം) "വരുത്തിയാർ" എന്നു പ്രയോഗിച്ചിരിക്കുന്നു—"വരുത്തിയാർ"—പ്രഥമപുരുഷ ബഹുവചനപ്രത്യയമായ "ആർ" എന്നതിനെ "വരുത്തി"യെന്നുഭൂതകാലത്തിലുള്ള ആഖ്യാതത്തോട്ട്അക്കാലങ്ങളിലെ പ്രയോഗമനുസരിച്ച്, ചേർത്തിരിക്കുന്നു. സംസ്കൃതപദമായ 'തനയ'ശബ്ദത്തിനു "തനയൻ" എന്നാമലയാളരൂപം കൊടുത്തു് അതിനോട്ട് ആദിശബ്ദം ചേർത്തു "തനയനാദി" എന്നു സമാസിച്ചിരിക്കുന്നു.

(viii) സത്യ മായ്‌വന്നിതാവൂ മമ ദൈവമേ! ഭൂതകാലത്തിൽ 'ആവൂ' എന്നാഅവധാരകഭാവിരൂപം ചേർത്താൽ ആശംസാർത്ഥം ജനിക്കും അവധാരക ഭാവിയെന്നു വെച്ചാൽ "കൊണ്ടേപോകൂ" എന്നുള്ളടത്തേപോലെ നിശ്ചയത്തെക്കാണിക്കുന്ന ഭാവിയെന്നർത്ഥം. അതിനാൽ ഇവിടെ "സത്യമായ്‌വന്നെങ്കിലോ" എന്നുള്ള ആശംസയെ കാണിക്കുന്നു.

(IX) "നളിനനേത്രനാംരാമൻതിരുവടിനാമാമൃതം വ്യാകരണനിയമ പ്രകാരം, 'നളിന നേത്രൻ' എന്ന വിശേഷണം, സമസ്ത പദത്തിലെ പ്രധാന മായ അന്ത്യ ഘടക പദം – അതായതു് "നാമാമൃതം–" എന്നുള്ളതിനേ മാത്രമേ വിശേഷിപ്പിക്കയുള്ളു. അർത്ഥം കൊണ്ടു നോക്കിയാൽ ഇതു് അസംബന്ധവുമാണെല്ലൊ. വക്താവിൻെറഉദ്ദേശം, "നളിനനേത്ര" നെന്നവിശേഷണം, സമസ്തപദത്തിലെ പൂർവപദമായ "രാമൻതിരുവടിയ്ക്കു" ചെന്നു പററണമെന്നാണു്. ഇങ്ങനെയുള്ള പ്രയോഗങ്ങളിൽ, ഘടകപദങ്ങൾക്കു വെളിയിൽ കിടക്കുന്ന "നളിനനേത്രൻ' എന്നാപോലെയുള്ള വിശേഷണത്തിനു "ബാഹ്യവിശേഷണ" മെന്നും, വ്യാകരണവിരുദ്ധമായ ഏതാദൃശസമാസങ്ങൾക്കു ശിഥിലസമാസമെന്നും പേർ. അർത്ഥപ്രതീതിക്കു കുറവുവരുത്താതെ ഇതുപോലെപൂർവകവികൾപ്രയോഗിച്ചിട്ടുള്ളവയെ സാധുവായ്ഗണിക്കാമെങ്കിലും

ശിഥിലസമാസപ്രയോഗം തിരെ വർജ്ജ്യമാണെന്നാണുവ്യാകരണ വിധി. "അഖിലജഗദധിപനമരഗ്ഗുരുശാസനാൽ-" എന്നുള്ളിട ത്തും ഇതു പോലെ, അഖിലജഗദധിപനായ അമരഗ്ഗുരുവിൻെറ ശാസനയാൽ എന്നാണ് അർത്ഥം.

നിശിചരികരുപരുഷവചനം (നിശിചരികളുടെ പരുഷവ ചനം); പവനസുതകപികരം മുഷ്ടിപ്രഹാരേണ (പവനസുതക പികളുടെ മുഷ്ടിപ്രഹാരംനിമിത്തം)എന്നരീതിക്കുള്ള സംബന്ധികാ തൽപുരുഷസമാസങ്ങളും സാധാരണമാണ്.

(xi) ഗഹനഭുവിഗഗനചരപതിഗരുഡ സന്നിഭൻ കേണുകിട ക്കും ജടായുവിനേക്കണ്ടു. ഇവിടെ സംസ്കൃതത്തിലെ തൽക്കാല വിശേഷണത്തിൻെറ രീതിക്ക്, ഗരുഡസന്നിഭമാകുംവണ്ണം കരഞ്ഞു കിടക്കുന്ന ജടായുവിനെ ഗഹനഭുവിങ്കൽ (കാട്ടിൽവെച്ചു) കണ്ടു— എന്നാണർത്ഥം.

(xii) കൊണ്ടന്നു ചുററീടിനാർ. 'കൊണ്ടുവന്നു' എന്നുള്ളതി ൻെറലുപ്തരൂപമാണിവിടെ പ്രയോഗിച്ചിരിക്കുന്നതെന്നു സ്പഷ്ട മാണെല്ലോ. സംഭാഷണത്തിൽ ഇപ്രകാരം ലോപിച്ചുപറയുക സാധാരണവുമാണ്.വൃത്തത്തിനു വേണ്ടി എഴുത്തച്ഛൻ ഇങ്ങനെ സംഭാഷണ പ്രചാരമനുസരിച്ചു പദാകൃതിയെ ചിലപ്പോൾ ലോ പിക്കുകയും മററു ചിലപ്പോൾ (കാര്യത്തെകാരിയം എന്നപോലെ) വിസ്തരിക്കയും ചെയ്യാറുണ്ട്.

---

# സുന്ദരകാണ്ഡം.

സകലശുകകുല വിമലതിലകിതകളേബരേ!
സാരസ്യപീയൂഷസാരസർവ്വസ്വമേ!
കഥയമമ കഥയമമ കഥകളതിസാദരം
കാകുൽസ്ഥലീലകൾ കേട്ടാൽ മതിവരാ
കിളിമകളൊടതിസരസമിതി രഘുകുലാധിപൻ
കീർത്തി കേട്ടീടുവാൻ ചോദിച്ചനന്തരം
കളമൊഴിയുമഴകിനൊടു തൊഴുതുര ചെയ്തീടിനാൾ
കാരുണ്യമൂർത്തിയെച്ചിന്തിച്ചു മാനസേ
ഹിമശിഖരിസുതയൊടു ചിരിച്ചു ഗംഗാധരൻ
എങ്കിലോ കേട്ടുകൊൾകെന്നരുളിച്ചെയ്തു
ലവണജലനിധിശതകയോജനാ വിസ്തൃതം
ലംഘിച്ചു ലങ്കയിൽ ചെല്ലുവാൻ മാരുതി
മനുജപരിവൃഢചരണനളിനയുഗളംമുദാ
മാനസേ ചിന്തിച്ചുറപ്പിച്ചു നിശ്ചലം
കപിവരരൊടമിതബലസഹിതമുരചെയ്തിതു
കണ്ടുകൊൾവിൻ നിങ്ങളെങ്കിലെല്ലാവരും,
മമജനകസദൃശനഹമതിചപലമംബരേ
മാനേനപോകുന്നിതാശരേശാലയേ
അജതനയ തനയശരസമമധികസാഹസാ-
ലദ്യൈവപശ്യാമിരാമപത്നീമഹം
അഖിലജഗദധിപനൊടുവിരവൊടറിയപ്പനി-
ങ്ങദ്യകൃതാർത്ഥനായേൻ കൃതാർത്ഥോസ്മ്യഹം
പ്രണതജനബഹുജനനമരണഹരനാമകം
പ്രാണപ്രയാണകാലേ നിരൂപിപ്പവൻ.
ജനിമരണജലനിധിയെ വിരവൊടു കടക്കുമ-
ജ്ജന്മനാകിംപുനസ്തസ്യ ദൂതോസ്മ്യഹം

തന്നെമമ ഹൃദിസപദിരഘുപതിരനാരതം
തസ്യാംഗുലീയവുമുണ്ടുശിരസി മേ
കിമപിനഹിഭയമുദധിസപദിതരിതും നിങ്ങൾ
കീശപ്രവരരേ! ഖേദിയായ്കേതുമേ. 15.
ഇതിപവനതനയനുരചെയ്തു്, വാലും നിജ-
മേററമുയത്തിപ്പുരത്തി കരങ്ങളും
അതിവിപുലഗളതലവുമാർജ്ജവമാക്കിനി-
ന്നാകുഞ്ചിതാംഘ്രിയായൂർദ്ധ്വാനനനായ്
ദശവദനപുരിയിൽ നിജഹൃദയവുമുറപ്പിച്ചു
ദക്ഷിണദിക്കമാലോക്യ ചാടിടിനാൻ.

## മാർഗ്ഗവിഘ്നം.

പതഗപതിരിവപവനസുതനഥവിഹായസാ
ഭാനുബിംബാഭയാപോകും ദശാന്തരേ,
അമരസമുദയമനിലതനയബലവേഗങ്ങ-
ളാലോക്യ ചൊന്നാർ പരീക്ഷണാർത്ഥം തദാ 20.
സുരസയൊടുപവനസുത സ്വഗതി മുടക്കുവാൻ
തൂർണ്ണം നടന്നിതു നാഗജനനിയും.
ത്വരിതമനിലജമതിബലങ്ങളറിഞ്ഞതി-
സൂക്ഷ്മദൃശാവരികെന്നതു കേട്ടവൾ
ഗഗനപഥിപവനസുതജവഗതി മുടക്കുവാൻ
ഗർവ്വേണചെന്നു തത്സന്നിധൌ മേവിനാൾ.
കഠിനതരമലറിയവളവനൊടുരചെയ്തിതു
"കണ്ടീലയോ ഭവാനെന്നെക്കപിവര!
ഭയരഹിതമിതുവഴി നടക്കുന്നവർകളെ
ഭക്ഷിപ്പതിന്നുമാം കല്പിച്ചതീശ്വരൻ 25.
വിധിവിഹിതമശനമിഹനൂനമദ്യത്വയാ
വീര! വിശപ്പെനിക്കേററമുണ്ടോക്ക നീ
മമവദനകുഹരമതിൽ വിരവിനൊടു പൂക നീ
മറെറാന്നുമോർത്തുകാലം കളയായ്കെടോ"

സരസമിതിരഭസതരമതന്നുസുരസാഗിരം
സാഹസാൽ കേട്ടനിലാത്മജൻ ചൊല്ലിനാൻ
"അഹമഖിലജഗദധിപനമരഗുരുശാസന നാ-
ലാശുസീതാന്വേഷണത്തിന്നു പോകുന്നു
അവളെ നിശിചരപുരിയിൽ വിരവിനൊടു ചെന്നുക-
ണ്ടദ്യവാശേഷാവാ വരുന്നതുമുണ്ടു ഞാൻ.
ജനകനരപതി ദുഹിതൃചരിതമഖിലം ദ്രുതം
ചെന്നു രഘുപതിയോടറിയിച്ചു ഞാൻ
തവവദനകുഹരമതിലപഗതഭയാകുലം
താല്പര്യമോടുംകൊണ്ടുവന്നു പുക്കീടുവൻ
അനൃതമക തളിരിലൊരുപൊഴുതു മറിവീലഹം
ആശുമാർഗ്ഗം ദേഹി ദേവി! നമോസ്തുതേ".
തദനുകപികുലവരനോടവളുമുരചെയ്തിതു
"ദാഹവും ക്ഷുത്തും പൊറുക്കരുതേതുമേ"
"മനസിതവസുദൃഢമിതിയദിസപദിസാദരം
വാപിളർന്നീടെന്നു" മാരുതി ചൊല്ലിനാൻ.
അതിവിപുലമുടലുമൊരുയോജനയായുടൻ
ആശുഗനന്ദനൻ നിന്നതുകണ്ടവൾ
അതിലധികതരവദന വിവരമൊടനാകുല-
മത്ഭുതമായഞ്ചുയോജനാ വിസ്തൃതം;
പവനതനയനുമതിന്നുഝടിതിദശയോജനാ
പരിമിതികലർന്നു കാണായോരനന്തരം
നിജമനസിഗുരുകുതുകമൊടു സുരസയും തദാ
നിന്നാളിരുപതുയോജനവായുമായ്
മുഖകുഹരമതിവിപുലമിതി കരുതി മാരുതി
മുപ്പതു യോജനാവണ്ണമായ് മേവിനാൻ.
അല മല മിതയ മ മലനരുതുജയമാക്കമെ-
ന്നൻപതുയോജനവാപിളർന്നീടിനാൾ;
അതുപൊഴുതുപവനസുതനതികൃശശരീരനാ-
യംഗുഷ്ഠതുല്യനായുൾപ്പുക്കരുളിനാൻ.

തദനുലഘുതരമവനു മുരുതരതപോബലാൽ
തത്രപുറത്തുപുറപ്പെട്ടു ചൊല്ലിനാൻ:—
"ശൃണുസുമുഖി! സുരസുഖപരേ! സുരസേ! ശുഭേ!
ശുഭേ! ഭുജംഗമാതാവേ! നമോസ്തുതേ
ശരണമിഹ ചരണ സരസിജയുഗളമേവതേ
ശാന്തേ! ശരണ്യേ! നമസ്തേനമോസ്തുതേ."
പ്ലവഗപരിവൃഢ വചനമിതി ശമനദശാന്തരേ
പേർത്തും ചിരിച്ചുപറഞ്ഞു സുരസയും,
"വരികതവജയമതി സുഖേനപോയ് ചെന്നുനീ
വല്ലഭാവൃത്താന്തമുള്ളവണ്ണം മുദാ
രഘുപതിയൊടഖില മറിയിക്ക,തൽകോപേന
രക്ഷോഗണത്തെയുമൊക്കെയൊടുക്കണം
അറിവതിനു തവബല വിവേകവേഗാദിക-
ളാദിതേയന്മാരയച്ചു വന്നേനഹം."
നിജചരിതമഖിലമവളവനൊടറിയിച്ചുപോയ്
നിർജ്ജരലോകം ഗമിച്ചാൾ സുരസയും.
പവനസുതനഥഗഗന പഥിഗരുഡതുല്യനായ്
പാഞ്ഞു പാരാവാരമീതേഗമിക്കുമ്പോൾ
ജലനിധിയുമചലവരനോടു ചൊല്ലീടിനാൻ
"ചെന്നു നീ സൽക്കരിക്കേണം കപീന്ദ്രനെ
സഗരനരപതിതനയരെന്നെ വളർക്കയാൽ
സാഗരനെന്നു ചൊല്ലുന്നിതെല്ലാവരും
തദഭിജന ഭവനറിക രാമൻ തിരുവടി
തസ്യകാര്യാർത്ഥമായ് പോകുന്നതുമിവൻ
ഇടയിലൊരുപതനമവനില്ല തൽക്കാരണാ-
ലിച്ഛയാപൊങ്ങിത്തളർച്ച തീർത്തീടണം."
മണികനക മയനമലനായ മൈനാകവും
മാനുഷവേഷം ധരിച്ചു ചൊല്ലീടിനാൻ,
"ഹിമശിഖരി തനയനഹ മറികകപിവീര! നീ-
യെന്മേലിരുന്നു തളർച്ചയും തീർക്കെടോ!

സലിലനിധി സരഭസമയയ്ക്കയാൽ വന്നു ഞാൻ
സാദവും ദാഹവും തീർത്തുപൊയ്ക്കൊൾകെടോ
അമൃതസമ ജലവുമതിമധുര മധുപൂരവു-
മാർദ്രഫലങ്ങളും ഭക്ഷിച്ചു കൊൾകനീ"
"അലമലമിതരു തരുത്തു രാമകാര്യാർത്ഥമാ-
യാത്രപോകും വിധൌ പാർക്കരുതെങ്ങുമേ
പെരുവഴിയിലശന ശയനങ്ങൾ ചെയ്കന്നതും
പേർത്തുമറെറാന്നു ഭാവിക്കയെന്നുള്ളതും
അനുചിതമിതറി കരഘുകുല തിലകകാര്യങ്ങ-
ളൻപൊടു സാധിച്ചൊഴിഞ്ഞരുതൊന്നുമെ
വിഗതഭയമിനിവിരവൊടിന്നു ഞാൻ പോകുന്നു
ബന്ധുസൽക്കാരം പരിഗ്രഹിച്ചേനഹം"
പവനസുത നിവയുമുരചെയ്തുതൻ കൈകളാൽ
പർവ്വതാധീശ്വരനെത്തലോടീടിനാൻ
പുനരവനമനിലസമമുഴറിനടകൊണ്ടിതു
പുണ്യജനേന്ദ്രപുരംപ്രതി സംഭ്രമാൽ.
തദനുജലനിധിയിലതിഗഭീരദേശാലയെ
സന്തതം വാണെഴും ഛായാഗ്രഹണിയും
സരിദധിപനുപരിപരിചോടു പോകുന്നവൻ
തന്നിഴലാശ്രു പിടിച്ചു നിർത്തീടിനാൾ
അതുപൊഴുതു മമ ഗതിമുടക്കിയതാരെന്ന-
ന്തരാപാർത്തുകീഴ്പ്പെട്ടു നോക്കീടിനാൻ
അതിവിപുലതര ഭയകരാംഗിയെക്കണ്ടള--
വംഘ്രിപാദേന കൊന്നീടിനാൻ തൽക്ഷണേ.
നിഴലതു പിടിച്ചു നിർത്തിക്കൊന്നു തിന്നുന്ന-
നീചയാം സിംഹികയെക്കൊന്നോരനന്തരം
ദശവദനപുരിയിൽ വിരവൊടു പോയീടുവാൻ
ദക്ഷിണദിക്കുനോക്കിക്കുതിച്ചീടിനാൻ
ചരമഗിരിശിരസിരവിയും പ്രവേശിച്ചിതു
ചാരുലങ്കാഗോപുരാഗ്രേ, കപീന്ദ്രനും

ദശവദന നഗരമതി വിമല വിപുലസ്ഥലം
ദക്ഷിണ വാരിധിമദ്ധ്യേ മനോഹരം
ബഹുലഫലകുസുമദലയുതവിടപിസങ്കുലം
വല്ലീകുലാവൃതം പക്ഷിമൃഗാന്വിതം
മണികനകമയ മമരപുര സദൃശമംബുധി-
മധ്യേത്രികൂടാചലോപരി, മാരുതി
കമല മകൾ ചരിതമറിവതിന്നു ചെന്നൻപോടു
കണ്ടിതു ലങ്കാനഗരം നിരുപമം.
കനകവിരചിതമതിൽ കിടങ്ങും പലതരം
കണ്ടു കടപ്പാൻ പണിയെന്നു മാനസേ
പരവശതയോടു സ്തുതി പലവഴി നിരൂപിച്ച്
പത്മനാഭൻ തന്നെ ധ്യാനിച്ചുമേവിനാൻ
"നിശിതമസി നിശിചരപുരേ കൃശരൂപനായ്
നിർജ്ജനദേശേ കടപ്പനെ"ന്നോർത്തവൻ
നിജമനസി നിശിചരകുലാരിയെ ധ്യാനിച്ച്
നിർജ്ജരവൈരിപുരം ഗമിച്ചീടിനാൻ
പ്രകൃതി ചപലനുമധികചപലമചലം മഹൽ-
പ്രാകാരവും മറിച്ചാകാരവും മറ-
ച്ചവനിമകളടി മലരു മകതളിരിലോർത്തു കൊ-
ണ്ടഞ്ജനാനന്ദന നഞ്ജസാ നിർഭയം.

## ലങ്കാലക്ഷ്മിമോക്ഷം.

ഉടൽ കടുകിനൊടു സമമിടത്തുകാൽ മുൻപിൽ വ-
ച്ചുള്ളിൽ കടപ്പാൻ തുടങ്ങും ദശാന്തരേ
കഠിനതരമലറിയൊരു രജനിചരിവേഷമായ്
കാണായിതാശു ലങ്കാശ്രീയേയും തദാ
"ഇവിടെ വരുവതിന്നു പറകെന്തുമൂലം ഭവാ-
നേകനായ് ചോരനോ ചൊല്ലുന്നിൻ വാഞ്ഛിതം
അസുരസുര നര പശുമൃഗാദിജന്തുക്കൾ
മററാർക്കുമേ വന്നുകൂടാ ഞാനറിയാതെ"

ഇതിപരുഷ വചനമൊടണഞ്ഞു താഡിച്ചി-
തൊന്നേറെ രോഷേണ താഡിച്ചു കപീന്ദ്രനും
രഘുകുലജവര സചിവവാമമുഷ്ടിപ്രഹാ-
രേണ പതിച്ചു വമിച്ചിതു ചോരയും
കപിവരനൊടവളുമെഴുന്നേററു ചൊല്ലീടിനാൾ
"കണ്ടേനെടോ തവ ബാഹുബലം സഖേ !
വിധിവിഹിതമിതു മമ പുരൈവധാതാവുതാൻ
വീരാ! പറഞ്ഞിതെന്നോടിതു മുന്നമേ
സകലജഗദധിപതി സനാതനൻ മാധവൻ
സാക്ഷാൽ മഹാവിഷ്ണു മൂർത്തിനാരായണൻ
കമലദലനയന നവനിയിലവതരിക്കുമൊ-
ക്കാരുണ്യമോടഷ്ടവിംശതിപര്യയേ
ദശരഥനൃപതി തനയനായ് മമ പ്രാർത്ഥനാൽ
ത്രേതായുഗേ ധർമ്മദേവരക്ഷാർത്ഥമായ്
ജനക നൃപവരനു മകളായ് നിജമായയും
ജാതയാം പംക്തിമുഖ വിനാശത്തിനായ്
സരസിരുഹനയനനടവിയിലഥ തപസ്സിനായ്
സഭ്രാതൃ ഭാര്യനായ് വാഴും ദശാന്തരേ,
ദശവദനനവനി മകളെയുമപഹരിച്ചുടൻ
ദക്ഷിണവാരിധി പുക്കിരിക്കുന്നനാൾ
സപദി രഘുവരനോടരുണജനുസാചിവ്യവും
സംഭവിക്കും പുനസ്സുഗ്രീവശാസനാൽ
സകലദിശി കപികൾ തിരവാൻ നടക്കുന്നതിൽ
സന്നദ്ധനായ് വരുമേകൻ തവാന്തികേ
കലഹമവനൊടു ഝടുതിതുടരുമളവെത്രയും
കാതരയായ് വരും നീയെന്നു നിർണ്ണയം
രണനിപുണനൊടു ഭവതി താഡനവുംകൊണ്ടു്
രാമദൂതന്നു നൽകേണമനുജ്ഞയും
ഒരുകപിയൊടൊരുദിവസമടി ഝടുതികൊൾ-
കിൽ നീ-

യോടിവാങ്ങിക്കൊള്ളുകെന്നു വിരിഞ്ചനും
കരുണയൊടുഗത കപടമായ് നിയോഗിക്കയാൽ
കാത്തിരുന്നേനിവിടം പലകാലവും
രഘുപതിയൊടിനിയൊരിടരൊഴിയെ നടകൊൾകനീ
ലങ്കയും നിന്നാൽ ജിതയായിതിന്നെടോ
നിഖിലനിശിചരകുലപതിക്കു മരണവും
നിശ്ചയമേററമടുത്തു ചമഞ്ഞിതു
ഭഗവതനു ചരഭവതു ഭാഗ്യം ഭവാനിനി-
പ്പാരാതെചെന്നു കണ്ടീടുക ദേവിയെ
ത്രിദശകുലരിപു ദശമുഖാന്തഃപുരവരേ
ദിവ്യലീലാവനേ പാദപസംകുലേ
നവകുസുമദലസഹിത വിടപയുതശിംശപാ-
നാമവൃക്ഷത്തിൻ ചുവട്ടിലതിശുചാ
നിശിചരികൾ നടുവിലഴലോടു മരുവീടുന്നെടോ
നിർമ്മല ഗാത്രിയാം ജാനകി സന്തതം.
ത്വരിതമവൾ ചരിതമുടനവനൊടറിയിക്ക പോ-
യംബുധിയും കടന്നംബരാന്തേ ഭവാൻ
അഖിലജഗദധിപതി രഘൂത്തമൻ പാതുമാ-
മസ്തുതേ സ്വസ്തിരത്യുത്തമോത്തംസമേ!"
ലഘുമധുര വചനമിതു ചൊല്ലിമറഞ്ഞിതു
ലങ്കയിൽനിന്നു വാങ്ങീ മലർമങ്കയും.

## സീതാദർശനം.

ഉദകനിധിനടുവിൽ മരുവും ത്രികൂടാദ്രിമേ-
ലുല്ലംഘിതേബ്ധൌ പവനാത്മജന്മനാ
ജനകനരപതിവരമകൾക്കും ദശാസ്യനും
ചെമ്മേ വിറച്ചിതു വാമഭാഗം തുലോം,
ജനകനരപതി ദുഹിതൃവരനു ദക്ഷാംഗവും
ജാതമെന്നാകിൽ വരും സുഖദുഃഖവും
തദനു കപികുലപതി കടന്നിതു ലങ്കയിൽ

താനതിസൂക്ഷ്മ ശരീരനായ് രാത്രിയിൽ
ഉദിതരവികിരണരുചി പൂണ്ടൊരുലങ്കയി-
ലൊക്കെത്തിരഞ്ഞാനൊരേട മൊഴിയാതെ
ദശവദനമണിനിലയമായിരിക്കും മമ
ദേവിയിരിപ്പിടമെന്നോർത്തുമാരുതി
കനകമണിനികര വിരചിതപുരിയിലെങ്ങുമേ
കാണാഞ്ഞു ലങ്കാവചനമോർത്തിടിനാൻ.
ഉടമയൊടു മസുരപുരി കനിവിനോടു ചൊല്ലിയോ-
രുദ്യാനദേശേ തിരഞ്ഞു തുടങ്ങിനാൻ.
ഉപവനവു മമൃതസമസലിലയുതവാപിയു-
മുത്തുംഗസൌധങ്ങളും ഗോപുരങ്ങളും
സഹജസുതസചിവ ബലപതികൾ ഭവനങ്ങളും
സൌവർണ്ണസാലധ്വജ പതാകങ്ങളും
ദശവദനമണിഭവന ശോഭ കാണുംവിധൌ
ദിക്പാലമന്ദിരം ധിക്കൃതമായ്‌വരും
കനകമണിരചിത ഭവനങ്ങളിലെങ്ങുമേ
കാണാഞ്ഞു പിന്നെയും നീളെനോക്കുംവിധൌ
കുസുമചയസുരഭിയൊടു പവനനതിഗൃദ്ധമായ്
കൂടെത്തടഞ്ഞു കൂട്ടിക്കൊണ്ടുപോയുടൻ
ഉപവനവുമുരുതരതരു പ്രവരങ്ങളു-
മുന്നതമായുള്ള ശിംശപാവൃക്ഷവും
അതിനികടമഖില ജഗദീശ്വരിതന്നെയു-
മാശുഗനാശു കാട്ടിക്കൊടുത്തീടിനാൻ.
മലിനതര ചികുരവസനം പൂണ്ടു ദീനയായ്
മൈഥിലിതാൻ കൃശഗാത്രിയായെത്രയും
ഭയവിവശമവനിയിലുരുണ്ടും സദാഹൃദി
ഭർത്താവുതന്നെ നിനച്ചു നിനച്ചലം
നയനജലമനവരതമൊഴുകിയൊഴുകിപ്പതി-
നാമത്തെ രാമരാമേതി ജപിക്കയും
നിശിചരികൾ നടുവിലഴലൊടു മരുവുമീശ്വരി

നിത്യസ്വരൂപിണിയെക്കണ്ടു മാരുതി
വിടപിവര ശിരസിനിബിഡച്ഛദാന്തർഗ്ഗതൻ
വിസ്മയംപൂണ്ടുമറഞ്ഞിരുന്നീടിനാൻ
ദിവസകരകുലപതി രഘൂത്തമൻ തന്നുടെ
ദേവിയാം സീതയെക്കണ്ടു കപിവരൻ
കമലമകളഖില ജഗദീശ്വരി തന്നുടൽ
"കണ്ടേൻ കൃതാർത്ഥോസ്മ്യഹം കൃതാർത്ഥോസ്മ്യഹം
ദിവസകരകുലപതി രഘൂത്തമൻകാൎയ്യവും
ദീനതയെന്നിയേ സാധിച്ചിതിന്നുഞാൻ"
ഇതിപലവുമകതളിരിലോൎത്തു കപിവര-
നിത്തിരിനേരമിരിക്കും ദശാന്തരേ.

## രാവണന്റെ പുറപ്പാട്.

അസുരകുലവരനിലയനത്തിൻ പുറത്തു നി-
ന്നാശു ചിലഘോഷശബ്ദങ്ങൾ കേൾക്കായി.
കിമിദമിതി സപദികിസലയചയ നിലീനനായ്
കീടവദ്ദേഹം മറച്ചുമരുവിനാൻ
വിബുധകുലരിപു ദശമുഖൻവരവെത്രയും
വിസ്മയത്തോടു കണ്ടു കപികുഞ്ജരൻ
അസുരസുര നിശിചരവരാംഗനാ വൃന്ദവു-
മത്ഭുതമായുള്ള ശൃംഗാരവേഷവും
ദശവദനനനവരത മകതളിരിലുണ്ടുതൻ
"ദേഹനാശം ഭവിക്കുന്നതെന്നീശ്വരാ!
സകല ജഗദധിപതിസനാതനൻ സന്മയൻ
സാക്ഷാൽ മുകുന്ദനേയും കണ്ടു കണ്ടു ഞാൻ
നിശിത തരശരശകലിതാംഗനായ് കേവലേ
നിർമ്മലമായ ഭഗവൽപദാംബുജേ
വരദനജനമരമമൃതാനന്ദപൂർണ്ണമാം
വൈകുണ്ഠരാജ്യമെനിക്കെന്നു കിട്ടുന്നു?
അതിനുബതസമയ മിദമിതി മനസികരുതിഞാ-

നംഭോജ പുത്രിയെക്കൊണ്ടു പോന്നീടിനേൻ
അതിനമൊരു പരിഭവമൊട്ടുഴറി വന്നീലവ-
നായുർവിനാശകാലം നമുക്കാഗതം
ശിരസി മമ ലിഖിത മിഹ മരണസമയം ദൃഢം
ചിന്തിച്ചുകണ്ടാലതിന്നില്ല ചഞ്ചലം
കമലജനു മറിയരുതു കരുതുമളവേതുമേ
കാലസ്വരൂപനാമീശ്വരൻ തൻമതം”
സതത മകതളിരിലിവ കരുതി രഘുനാഥനെ
സ്വാത്മനാ ചിന്തിച്ചു ചിന്തിച്ചിരിക്കവേ,
കപികൾ കുലവരനവിടെ യാത്രചെല്ലുംമുൻപേ
കണ്ടിതു രാത്രിയിൽ സ്വപ്നം ദശാനനൻ
“രഘുജനന തിലക വചനേന രാത്രൌവരും
കശ്ചിൽ കപിവരൻ കാമരൂപാന്വിതൻ
കൃപയോടൊരു കൃമിസദൃശസൂക്ഷ്മ ശരീരനായ്
കൃൽസ്നം പുരവരമന്വിഷ്യ നിശ്ചലം
തരുനികരവരശിരസിവന്നിരുന്നാദരാൽ
താർമകൾതന്നെയും കണ്ടുരാമോദന്തം
അഖിലമവളോടു ബത പറഞ്ഞടയാളവു-
മാശുകൊടുത്തുടനാശ്വസിപ്പിച്ചുപോം
അതുപൊഴുതിലവനറിവതിന്നു ഞാൻ ചെന്നു ക-
ണ്ടാധിവളർത്തുവൻ വാഗ്മയാസ്ത്രങ്ങളാൽ
രഘുപതിയോടതു മവനശേഷ മറിയിച്ചു
രാമനുമിങ്ങുകോപിച്ചുടനേവരും
രണശിരസി സുഖമരണമതി നിശിതമായുള്ള
രാമശരമേററെനിക്കും വരും ദൃഢം
പരമഗതി വരുവതിനു പരമൊരുപദേശമാം
പന്ഥാവിതു മമ പാക്കയില്ലേതുമേ
സുരനിവഹ മതബല വശാൽ സത്യമായ്‌വരും
സ്വപ്നം ചിലക്കു ചിലകാലമൊക്കണം”
നിജമനസി പലവുമിതി വിരവൊടു നിരൂപിച്ചു

നിശ്ചിത്യ നിര്ഗ്ഗമിച്ചീടിനാൻ രാവണൻ.
കനകമണി വലയകടകാംഗദനൂപുര-
കാഞ്ചിമുഖാഭരണാരവ മന്തികേ
വിവശ തരഹൃദയമൊട്ടു കേട്ടുനോക്കുംവിധൌ
വിസ്മയ മമ്മാറുകണ്ടു പുരോഭുവി
വിബുധരിപു നിശിചര കുലാധിപൻ തൻവര-
വെത്രയും ഭീതയായ്‌വന്നിതു സീതയും
ഉരസിജവു മുരുതുടകളാൽ മറച്ചാധിപൂ-
ണ്ടുത്തമാംഗം താഴ്ത്തിവേപഥുഗാത്രിയായ്
നിജരമണ നിരുപമ ശരീരം നിരാകുലം
നിർമ്മലം ധ്യാധിച്ചിരിക്കും ദശാന്തരേ
ദശവദനനയുഗശരപരവശതയാ സമം
ദേവീ സമീപേതൊഴ തിരുന്നീടിനാൻ.

## രാവണൻെറ ഇച്ഛാഭംഗം

അനുസരണ മധുരരസ വചനവിഭവങ്ങളാ-
ലാനന്ദരൂപിണിയോടും ചൊല്ലീടിനാൻ
"ശൃണുസുമുഖി! തവ ചരണ നളിനദാസോസ്മ്യഹം
ശോഭനശീലേ! പ്രസീദപ്രസീദമേ
നിഖില ജഗദധിപമസുരേശമാലോക്യമാം
നിന്നിലെ നീ മറഞ്ഞെന്തിരുന്നീടുവാൻ?
ചരിതമതികുതുകമൊട്ടുമൊന്നു നോക്കീടുമാം
ത്വൽഗതമാനസനെന്നറികെന്നെ നീ
ഭവതിതവ രമണമപി ദശരഥതനൂജനെ പാർത്താൽ
ചിലർക്കുകാണാം ചിലപ്പോഴെടോ!
പലസമയ മഖിലദിശി നന്നായ്സ്ഥിരകിലും
ഭാഗ്യവതാമപി കണ്ടുകിട്ടാപരം
സുമുഖി! ദശരഥ തനയനാൽ നിനക്കേതുമേ
സുന്ദരി! കാര്യമില്ലെന്നു ധരിക്കനീ
ഒരു പൊഴുതുമവനു പുനരൊന്നിലു മാശയി-
ല്ലോർത്താലൊരു ഗുണമില്ലവനോമലേ!

സുദൃഢമനവരത മുപഗൂഹനം ചെയ്കിലും
സുഭ്രൂസുചിരമരികേ വസിക്കിലും
തവഗുണസമുദയ മലിവൊടു ഭജിക്കിലും
താല്പര്യം നിന്നിലില്ലവനേതുമേ
ശരണമവനൊരുവരുമൊരിക്കലുമില്ലിനി-
ശക്തിവിഹീനൻ വരികയുമില്ലല്ലോ
കിമപിനഹി ഭവതി കരണീയം ഭവതിയാൽ,
കീർത്തിഹീനൻ കൃതഘ്നൻതുലോംനിമ്മമൻ
മദരഹിതനറിയരുതു കരുതു മളവാർക്കുമേ
മാനഹീനൻ പ്രിയേ! പണ്ഡിതമാനവാൻ
നിഖിലവനചര നിവഹമദ്ധ്യസ്ഥിതൻ ഭൃശം
നിഷ്ക്കിഞ്ചന പ്രിയൻ ഭേദഹീനാത്മകൻ
ശ്വപചന മൊരവനിസുരവരനു മവനൊക്കമീ-
ശ്വാക്കളും ഗോക്കളും ഭേദമില്ലേതുമേ.
ഭവതിയെയുമൊരു ശബരതരുണിയെയുമാത്മനാ
പാർത്തുകണ്ടാലവനില്ല ഭേദം പ്രിയേ!
ഭവതിയെയു മകതളിരിലവനിഹ മറന്നിതു
ഭത്താവിനെപ്പാത്തിരുന്നതിനിമതി
ത്വയിവിമുഖനവനനിശ മതിനുനഹി സംശയം.
ത്വദ്ദാസദാസോഹമദ്യ ഭജസ്വ മാം.
കരഗതമൊരമലമണിവരമുടനുപേക്ഷിച്ചു
കാചത്തെയെന്തു കാംക്ഷിക്കുന്നിതോമലേ!
സുരദിതിജദനുജഭുജഗപ്സരോ ഗന്ധർവ-
സുന്ദരീവർഗ്ഗംപരിചരിക്കുംമുദാ
നിയതമതി ഭയസഹിതമമിത ബഹുമാനേന
നീ മല്പുരിഗ്രഹമായ്മരുവീടുകിൽ,
കളയരുതു സമയമിഹ ചെറുതുവെറുതേമമ!
കാന്തേ! കളത്രമായ്‌വാഴ്ക നീ സന്തതം
കളമൊഴികൾ പലരുമിഹ വിടുപണികൾ ചെയ്യുമ-
ക്കാലനും പേടിയുണ്ടെന്നെ മനോഹരേ!

പുരുഷഗുണമിഹ മനസി കരുതു പുരുഹൂതനാൽ
പൂജ്യനാം പുണ്യപുമാനെന്നറികമാം
സരസ മന്നസര സദയമയി തവ വശാനഗം
സൌജന്യ സൌഭാഗ്യ സാരസർവസ്വമേ!
സരസിരുഹ മുഖി! ചരണ കമല പതിതോസ്മ്യഹം
സന്തതം പാഹിമാം പാഹിമാം പാഹിമാം”
വിവിധമിതി ദശവദന നനുസരണ പൂർവ്വകം
വീണുതൊഴുതപേക്ഷിച്ചോരനന്തരം
ജനകജയു മവനൊടതിനിടയിലൊരു പുല്ക്കൊടി
ജാതരോഷം നുള്ളിയിട്ടു ചൊല്ലീടിനാൾ:-
“സവിതൃകുല തിലകനിലതീവ ഭീത്യാഭവാൻ
സന്ന്യാസി യായ്‌വന്നിരുവരും കാണാതെ
സഭയമതിവിനയ മൊട്ടുന്നീവഹവിരഹപരേ
സാഹസത്തോടു മാം കട്ടുകൊണ്ടീലയോ?
ദശവദന! സുദൃഢമനുചിത മിതു നിനയ്ക്കുനീ
തൽ ഫലം നീതാനനുഭവിക്കും ദ്രുതം
ദശരഥജനിശിത ശരദലിതവപുഷാഭവാൻ
ദേഹം വിനാ യമ ലോകം പ്രവേശിക്കും
രഘുജനന തിലക നൊരു മനുജനിതിമാനസേ
രാക്ഷസരാജാ! നിനക്കുതോററം ബലാൽ
ലവണജല നിധിയെ രഘുകുലതിലകനശ്രമം
ലംഘനം ചെയ്യുമതിനില്ലസംശയം
ലവസമയമൊട്ടുനിശിത വിശിഖപരിപാതേന
ലങ്കയും ഭസ്മമാക്കീട്ടുമരക്ഷണാൽ
സഹജ സുത സചിവ ബല പതികളൊട്ടുക്കുടവേ
സന്നമാം നിന്നുടെ സൈന്യവും നിർണ്ണയം
അവനവന നിപുണതര നവനിഭരനാശനൻ
അദ്ധ്യധാതാവപേക്ഷിച്ചതുകാരണം
അവതരണ മവനിതല മതിഝതിദയാപര-
നാശു ചെയ്തീടിനാൻ നിന്നെയൊടുക്കുവാൻ

ജനകനൃപവരനു മകളായ് പിറന്നനഹം
ചെമ്മേയതിന്നൊരു കാരണഭൂതയായ്;
അറികതവ മനസി പുനരിനി വിരവിനൊടുവ-
ന്നാശുമാം കൊണ്ടുപോം നിന്നെയും കൊന്നവൻ"
ഇതി മിഥില നൃപതിമകൾ പരുഷവചനങ്ങൾ കേ-
ട്ടേററവും ക്രുദ്ധനായോരു ദശാനനൻ
അതിചപല കരഭുവി കരാളം കരവാള-
മാശു ഭൂപുത്രിയെ ക്കൊല്ലുവാനോങ്ങിനാൻ
അതുപൊഴുതിലതികരുണ യൊടു മയതനുജയു-
മാത്മഭർത്താരം പിടിച്ചുടക്കീടിനാൾ:-
"ഒഴികൊഴിക ദശവദന! ശൃണുമമ വചോഭവാ-
നൊല്ലാത കാര്യമോരായ്ക മൂഢപ്രഭോ!
ത്യജമനുജതരുണിയെയൊരുടയവരുമെന്നിയേ
ദീനയായ് ദുഃഖിച്ചതീവ കൃശാംഗിയായ്
പതിവിരഹ പരവശതയൊടുമിഹ പരാലയേ
പാർത്തു പാതിവ്രത്യമാലംബ്യ രാഘവം
പകലിരവു നിശിചരികൾ പരുഷവചനം കേട്ട്
പാരംവശം കെട്ടിരിക്കുന്നതുമിവൾ
ദുരിത മിതിലധികമിഹ നഹി നഹി സുധർമ്മതേ!
ദുഷ്ക്കീർത്തി ചേരുമോ വിശ്വപ്രശംസാം? വിഭോ!
സുരദനുജ ദിതിജ ഭുജഗാപ്സരോ ഗന്ധർവ്വ-
സുന്ദരീ വർഗ്ഗം നിനക്കു വശഗതം"
ദശമുഖനു മധിക ജളനാശു മണ്ഡോദരീ-
ദാക്ഷിണ്യവാക്കുകൾ കേട്ടു സലജ്ജനായ്
നിശിചരികളൊടു സദയ മവനു മുരചെയ്തിതു
"നിങ്ങൾ പറഞ്ഞു വശത്തു വരുത്തുവിൻ
ഭയജനന വചനമനുസരണ വചനങ്ങളും
ഭാവവികാരങ്ങൾ കൊണ്ടും ബഹുവിധം
അവനിമകളകതളിരഴിച്ചെങ്കലാക്കുവി-
നൻപോടു രണ്ടുമാസം പാർപ്പുനിന്നിയും"

ഇതിരജനിചരികളൊടുദശവദനനും പറ-
ഞ്ഞീർഷ്യയോടന്തഃപുരം പുക്കമേവിനാൻ.
അതികഠിന പരുഷതരവചന ശരമേല്ക്കയാ-
ലാത്മാവുഭേദിച്ചിരുന്നിതു സീതയും
അനുചിതമിതല മലമടങ്ങുവിൻ നിങ്ങളെ-
ന്നപ്പോൾ ത്രിജടയു മാശുചൊല്ലീടിനാൾ
"ശൃണുവചന മിതുമമ നിശാചര സ്ത്രീകളെ!
ശീലവതിയെ നമസ്കരിച്ചീടുവിൻ
സുഖരഹിത ഹൃദയമൊടുറങ്ങിനേനൊട്ടുഞാൻ
സ്വപ്നമാഹന്ത! കണ്ടേനിദാനീംദൃഢം
അഖിലജഗദധിപനഭിരാമനാം രാമനു-
മൈരാവതോ പരിലക്ഷ്മണവീരനും
ശരനികര പരിപതന ദഹനകണജാലേന
ശങ്കാവിഹീനം ദഹിപ്പിച്ചുലങ്കയും
രണശിരസി ദശമുഖനെ നിഗ്രഹിച്ചശ്രമം
രാക്ഷസരാജ്യം വിഭീഷണനും നൽകി
മഹിഷിയെയു മഴകിനൊടു മടിയിൽവച്ചാദരാൽ
മാനിച്ചുചെന്നയോദ്ധ്യാ പുരം മേവിനാൻ
കുലിശധരരിപു ദശമുഖൻ നഗ്നരൂപിയായ്
ഗോമയ മായമഹാഹ്രദം തന്നിലേ
തിലരസവുമുടൻ മുഴുവനലിവിനൊടണിഞ്ഞുടൻ
ധൃതപാനളദമാല്യം നിജ മൂർദ്ധനി
നിജസഹജ സചിവസുതസൈന്യസമേതനായ്
നിമ്മഗ്നനായ് കണ്ടു വിസ്മയം തേടിനേൻ
രജനിചരകുലപതി വിഭീഷണൻ ഭക്തനായ്
രാമപാദാബ്ജവും സേവിച്ചുമേവിനാൻ
കലുഷതകൾ കളവിനിഹ രാക്ഷസസ്ത്രീകളേ!
കണ്ടുകൊള്ളാമിതു സത്യമത്രേദൃഢം.
കരുണയൊടു വയമതിനു കതിപയദിനംമുദാ
കാത്തുകൊള്ളേണമിവളേ നിരാമയം."

രജനിചര യുവതികളിതി ത്രിജടാവചോ-
രീതികേട്ടത്ഭുത ഭീതിപൂണ്ടീടിനാർ
മനസിപരവശതയൊട്ടുറങ്ങിനാരേവരും
മാനസേ ദുഃഖം കലർന്നു വൈദേഹിയും

## ഹനുമൻ സീതാസംവാദം

"ഉഷസിനിശിചരികളിവരുടലുമമഭക്ഷിക്ക-
മുററവരായിട്ടൊരുത്തരുമില്ലമേ
മരണമിഹ വരുവതിന്നൊരുകഴിവുകണ്ടീല
മാനവവീരനു മെന്നെമറന്നിതു
കളവനിഹ വിരവിനൊടു ജീവനമദ്യഞാൻ
കാകുസ്ഥനും കരുണാഹീനനെത്രയും"
മനസിമുഹുരിവ പലതുമോർത്തുസന്താപേന
മന്ദമന്ദമെഴുന്നീററുനിന്നാകുലാൽ
തരളതരഹൃദയമൊടു ഭർത്താരമോർത്തോർത്തു
താണുകിടന്നൊരു ശിംശപാശാഖയും
സഭയപരവശതരളമാലംബ്യ ബാഷ്പവും
സന്തതം വാർത്തു വിലാപംതുടങ്ങിനാൾ
പവനസുതനിവപലവുമാലോക്യമാനസേ
പാർത്തു പതുക്കെപ്പറഞ്ഞുതുടങ്ങിനാൻ:—
"ജഗദമലനയനരവിഗോത്രേ ദശരഥൻ
ജാതനായാനവൻ തന്നുടെ പുത്രരായ്
രതിരമണതുല്യരായ് നാലുപേരുണ്ടിതു
രാമഭരത സൌമിത്രി ശത്രുഘ്നന്മാർ
രജനിചരകുലനിധന ഹേതുഭൂതൻ, പിതൃ-
രാജ്ഞയാ കാനനംതന്നിൽ വാണീടിനാൻ
ജനകനൃപസുതയുമവരജനുമായ്സാദരം
ജാനകിദേവിയെത്തത്ര ദശാനനൻ
കപടയതിവേഷമായ്ക്കട്ടുകൊണ്ടീടിനാൻ
കാണാഞ്ഞുദുഃഖിച്ചു രാമനും തമ്പിയും

വിപിനഭുവിവിരവൊടു തിരഞ്ഞു നടക്കുമ്പോൾ
വീണുകിടക്കും ജടായുവിനെക്കണ്ടു്
പരമഗതി പുനരവനു നൾകിയമ്മാല്യവാൻ-
പർവ്വതപാർശ്വേ നടക്കും വിധൌ തദാ
തരണിസുതനൊടു സപദിസഖ്യവും ചെയ്തിതു
സത്വരം കൊന്നിതു ശക്രസുതനെയും,
തരണിതനയനഥ കപീന്ദ്രനായ്‌വാണിതു
തൽപ്രത്യുപകാരമാത്തുസുഗ്രീവനും
കപിവരരെ വിരവിനൊടു നാലുദിക്കിങ്കലും
കണ്ടുവരുവാനയച്ചോരനന്തരം
പുനരവരിലൊരുവനഹമത്രവന്നീടിനേൻ
പുണ്യവാനായ സമ്പാതിതൻവാക്കിനാൽ
ജലനധിയുമൊരുശതകയോജനാ വിസ്തൃതം
ചെമ്മേ കുതിച്ചു ചാടിക്കടന്നീടിനേൻ
രജനിചരപുരിയിൽ മുഴവൻ തിരഞ്ഞേനഹം
രാത്രിയിലത്ര താതാനുഗ്രഹവശാൽ
തരുനികരവരനരിയ ശിംശപാവൃക്ഷവും
തന്മൂലദേശേ ഭവതിയേയും മുദാ
കനിവിനൊടു കണ്ടു കൃതാർത്ഥനായേനഹം
കാമലാഭാൽ കൃതകൃത്യനായീടിനേൻ
ഭഗവദനുചരരിലഹമഗ്രേസരന്മമ
ഭാഗ്യമഹോ മമ ഭാഗ്യം നമോസ്തുതേ”
പ്ളവഗകുല വരനിതി പറഞ്ഞടങ്ങീടിനാൻ
പിന്നെയിളകാതിരുന്നാനരക്ഷണം,
“കിമിതി രഘുകുലവരചരിത്രം ക്രമേണ മേ
കീർത്തിച്ചിതാകാശമാർഗ്ഗേ മനോഹരം
പവനനൊരു കൃപയൊടു പറഞ്ഞുകേൾപ്പിക്കയോ ?
പാപിയാമെന്നുടെ മാനസഭ്രാന്തിയോ ?
സുചിരതരമൊരുപൊഴുതുറങ്ങാതെ ഞാനിഹ
സ്വപ്നമോ കാണ്മാനവകാശമില്ലല്ലോ

സരസതരപതിചരിതമാശു കർണ്ണാമൃതാ
സത്യമായ്‌വന്നിതാവൂ മമ ദൈവമേ !
ഒരു പുരുഷനിതു മമ പറഞ്ഞുവെന്നാകില-
ത്യുത്തമൻ മുമ്പിൽ മേ കാണായ്‌വരേണമേ"
ജനകനൃപദുഹിതൃവചനംകേട്ടു മാരുതി
ജാതമോദം മന്ദമന്ദമിറങ്ങിനാൻ
വിനയമൊടുമവനിമകൾ ചരണനളിനാന്തികേ
വീണുനമസ്ക്കരിച്ചാൻ ഭക്തിപൂർവകം.
തൊഴുതുചെറുതകലെയവനാശു നിന്നീടിനാൻ
തുഷ്ട്യാ ജലപിംഗതുല്യശരീരനായ്
"ഇവിടെ നിശിചരപതി വലീമുഖവേഷമാ-
യെന്നെ മോഹിപ്പിപ്പതിന്നു വരികയോ ?
ശിവ ശിവ ! കി"മിതി കരുതിമിഥിലനൃപപുത്രിയും
ചേതസി ഭീതികലർന്നു മരുവിനാൾ.
കുസൃതിദശമുഖനു പെരുതെന്നു നിരൂപിച്ചു
കമ്പിട്ടിരുന്നതു കണ്ടുകപേന്ദ്രനും
"ശരണമിഹ ചരണസരസിജമഖിലനായികേ?
ശങ്കിക്കവേണ്ടാ കുറഞ്ഞൊന്നുമെന്നെ നീ
തവസചിവനഹമിഹതഥാവിധനല്ലഹോ
ദാസോസ്മി കോസലേന്ദ്രസ്യ രാമസ്യ ഞാൻ
സുമുഖി ! കപികുലതിലകനായ സൂര്യാത്മജൻ
സുഗ്രീവ ഭൃത്യൻ, ജഗൽപ്രാണനന്ദനൻ,
കപടമൊരുവരൊടുമൊരുപൊഴുതുമറിയുന്നീല
കർമ്മണാ വാചാ മനസാപിമാതാവേ !"
പവനസുതമധുരതര വചനമതു കേട്ടുടൻ
പത്മാലയാ ദേവി ചോദിച്ചിതാദരാൽ
"ഋതമൃദുമൃദുസ്ഫുടവർണ്ണവാക്യംതെളി-
ഞ്ഞിങ്ങിനെ ചൊല്ലുന്നവർ കുറയും തുലോം
സദയമിഹവദ മനുജവാനരജാതികൾ
തങ്ങളിൽ സംഗതി സംഭവിച്ചീടുവാൻ

കലിതരുചിഗഹനഭുവി കാരണമെന്തെടോ?
കാരുണ്യവാരാന്നിധേ ! കപികുഞ്ജര !
തിരുമനസി ഭവതി പെരികെ പ്രേമമുണ്ടെന്ന-
തെന്നോടു ചൊന്നതിൻമൂലവും ചൊല്ലു നീ”
“ശൃണുസുമുഖി ! നിഖിലമഖിലേശ വൃത്താന്തവും
ശ്രീരാമദേവനാണെ സത്യമോമലേ !
ഭവതിപതിവചനമവലംബ്യ രണ്ടംഗമാ-
യാശ്രയാശങ്കലുമാശ്രമത്തിങ്കലും
മരുവിനതുപൊഴുതിലൊരു കനകമൃഗമാലോക്യ
മാനിന്റെ പിമ്പേ നടന്നു രഘുപതി
നിശിതതര വിശിഖഗണ ചാപവുമായ് ചെന്നു്
നീചനാം മാരീചനെക്കൊന്നു രാഘവൻ
ഉടനുടലുമുലയെ മുഹുരുടജഭുവി വന്നാപ്പോ-
ളുണ്ടായ വൃത്താന്തമോ പറയാവതോ !
ഉടനവിടെയടവിയിലടയനോക്കിയു-
മൊട്ടു കരഞ്ഞു തിരിഞ്ഞുഴലും വിധൌ
ഗഹനഭുവി ഗഗനചരപതി ഗരുഡസന്നിഭൻ
കേണുകിടക്കും ജടായുവിനെക്കണ്ടു
അവൻമഥ തവചരിതമഖിലമറിയിച്ചുള-
വാശു കൊടുത്തിതു മുക്തി, പക്ഷീന്ദ്രനും
പുനരടവികളിലവരജേന സാകം ദ്രുതം
പുക്കു തിരഞ്ഞു കബന്ധഗതി നൽകി
ശബരി മരുവിന മുനിവരാശ്രമേ ചെന്നുടൻ
ശാന്താത്മകൻ മുക്തിയും കൊടുത്തീടിനാൻ.
അഥ ശബരി വിമലവചനേന ചൊന്നൃശ്യമൂ-
കാദ്രി പ്രവരപാർശ്വേ നടക്കും വിധൌ
തപനസുതനിരുവരെയുമഴകിനൊടു കണ്ടതി-
താൽപ്പര്യമുൾക്കൊണ്ടയച്ചിതെന്നെത്തദാ
ബതരവികുലോത്ഭവന്മാരുടെ സന്നിധൌ
ബ്രഹ്മചാരീവേഷമാലംബ്യ ചെന്നു ഞാൻ

നൃപതികുലവരഹൃദയമഖിലവുമറിഞ്ഞതി-
നിർമ്മലന്മാരെച്ചുമലിലെടുത്തു ഞാൻ
തരണിസുതനികടഭുവി കൊണ്ടുചെന്നീടിനേൻ
സത്യം പരസ്പരം ചെയ്യിച്ചിതാശു ഞാൻ
ദഹനനെയുമഴകിനൊടു സാക്ഷിയാക്കിക്കൊണ്ടു
ബന്ധമിരുവർക്കുമാശു തീർത്തിടുവാൻ
തപനസുതഗൃഹിണിയെ ബലാലടക്കിക്കൊണ്ടു-
താരാപതിയെ വധിച്ചു രഘുവരൻ
ദിവസകരതനയനു കൊടുത്തിതു രാജ്യവും
ദേവിയെയാരാഞ്ഞു കാണ്മാൻ കപീന്ദ്രനും
പ്ലവഗകുല പരിവൃഢരെ നാലുദിക്കിങ്കലും
പ്രത്യേകമേകൈകലക്ഷം നിയോഗിച്ചാൻ
അതുപൊഴുതു രഘുപതിയു മലിവൊടരികേ വിളി-
ച്ചംഗുലീയം മമ കയ്യിൽ നൾകീടിനാൻ.
ഇതു ജനകനൃപതിമകൾ കയ്യിൽ കൊടുക്കനീ-
യെന്നുടെ നാമാക്ഷരാന്വിതം പിന്നെയും
സപദി തവമനസി ഗുരുവിശ്വാസ സിദ്ധയേ
സാദരം ചൊന്നാനടയാള വാക്യവും.
അതു ഭവതി കരതളിരിലിനി വിരവിൽ നൽകുവ-
നാലോകയാലോകയാനന്ദ പൂർവകം"
ഇതിമധുരതരമനിലതനയനരുൾചെയ്തുട-
നിന്ദിരാദേവിതൻ കയ്യിൽ നൾകീടിനാൻ!
പുനരധികവിനയമൊടു തൊഴുതു തൊഴുതാദരാൽ
പിന്നോക്കിൽ വാങ്ങി വണങ്ങി നിന്നീടിനാൻ.
മിഥിലനൃപസുതയുമതു കണ്ടതി പ്രീതയാ-
യ്മേന്മേലൊഴുകുമാനന്ദ ബാഷ്പാകുലാൽ
രമണമിവ നിജശിരസി കനിവിനൊടു ചേർത്തിതു
രാമനാമാങ്കിത മംഗുലീയം മുദാ
"പ്ലവഗകുലപരിവൃഢ! മഹാമതിമാൻ ഭവാൻ
പ്രാണദാതാ മമ പ്രീതികാരീ ദൃഢം.

ഭഗവതി പരാത്മനി ശ്രീ നിധെ രാഘവേ
ഭക്തനതീവ വിശ്വാസ്യൻ ദയാപരൻ
പലഗുണവു മുടയവരെ യൊഴികെ മററാരെയും
ഭർത്താവയയ്ക്കയുമില്ല മൽന്നിധെ
മമ സുഖവു മനുദിനമിരിക്കും പ്രകാരവും
മൽപരിതാപവും കണ്ടുവല്ലോ ഭവാൻ
കമല ദലനയനനകതളിരിലിനിമാം പ്രതി
കാരുണ്യമുണ്ടാം പറഞ്ഞറിയിക്ക നീ
രജനിചരവരനശനമാക്ക മെന്നെക്കൊണ്ടു
രണ്ടു മാസം കഴിഞ്ഞാലെന്നു നിർണ്ണയം.
അതിനിടയിൽ വരുവതിനു വേലചെയ്തീട്ടു നീ
അത്രനാളും പ്രാണനേധരിച്ചീടുവൻ
ത്വരിതമിഹ ദശമുഖനെ നിഗ്രഹിച്ചെന്നുടെ
ദുഃഖം കളഞ്ഞു രക്ഷിക്കെന്നു ചൊല്ലു നീ"
അനിലതനയനു മഖിലജനനി വചനങ്ങൾ കേ-
ട്ടാകുലം തീരുവാനാശു ചൊല്ലീടിനാൻ
അവനിപതി സുതനൊ"ടടിയൻ ഭവൽപാത്തക-
ളങ്ങണഞ്ഞിച്ചു കൂട്ടുന്നതിൻ മുന്നമേ
അവരജനുമഖിലകപികുല ബലവുമായ്മുതിർ-
ന്നാശു വരുമതിനില്ലൊരു സംശയം
സുതസചിവ സഹജസഹിതാ ദശഗ്രീവനെ
സൂര്യാത്മജാലയത്തിന്നയയ്ക്കും ക്ഷണാൽ
ഭവതിയെയുമതികരുണമഴകിനൊടു വീണ്ടു നിൻ
ഭർത്താവയോദ്ധ്യയ്ക്കെഴുന്നള്ളുമാദരാൽ"
ഇതി പവന സുത വചനമുടമയൊടു കേട്ടപോ-
തിന്ദിരാദേവി ചോദിച്ചരുളീടിനാൾ:—
"ഇഹ വിതതജലനിധിയെ നിഖില കപിസേനയോ-
ടേതൊരു ജാതി കടന്നു വരുന്നതു?
മനുജപരിവൃഢ"നിതി വിചാരിച്ച നേരത്തു്
മാരുതി മൈഥിലിയോടു ചൊല്ലീടിനാൻ:—

“മനുജപരിവൃഢനെയുമവരജനെയുമൻപോടു
മുള്ളുറുവാനര സൈന്ന്യത്തെയും ക്ഷണാൽ
മമ ചുമലിൽ വിരവിനൊടെടുത്തു കടത്തുവൻ
മൈഥിലി! കിം വിഷാദം വൃഥാമാനസെ?
ലഘുതരമമിത രജനീചരകുലമശേഷേണ
ലങ്കയും ഭസ്മമാക്കീടുമനാകുലം
ദ്രുതമതിനു സുതനുമമ ദേഹ്യനുജ്ഞാമിനി—
ദ്രോഹം വിനാഗമിച്ചീടുവനോമലെ
വിരഹകലുഷിത മനസി രഘുവരനുമാം പ്രതി-
വിശ്വാസമാശു വന്നീടുവാനായ് മുദാ
തരികസരഭസമൊരടയാളവും വാക്ക്യവും
താവകം ചൊല്ലുവാനായരുൾ ചെയ്യണം”
ഇതി പവനതനയ വചനേന വൈദേഹിയും
ഇത്തിരിനേരം വിചാരിച്ചുമാനസെ
ചികുരഭരമതിൽ മരുവുമമല ചൂഡാമണി,
ചിന്മയിമാരുതി കയ്യിൽനൽകീടിനാൾ:—
ശൃണുതനയ പുനരൊരടയാളവാക്ക്യം ഭവാൻ
ശ്രുതമാദരിച്ചു കണ്ണേ പറഞ്ഞീടു നീ
ഭവതി പുനരതു പൊഴുതുവിശ്വാസമെന്നുടെ
ഭർത്താവിനുണ്ടായ്‌വരുമെന്നു നിർണ്ണയം
ചിരമമിത സുഖമൊടുരുതപസി ബദ്ധനിഷ്ഠയാ-
ചിത്രകൂടാചലത്തിങ്കൽ വാഴുംവിധൌ
പലലമതു പരിചിനൊടുണക്കുവാൻ ചിക്കി ഞാൻ
പാർത്തും കാത്തിരുന്നീടും ദശാന്തരേ
തിരുമുടിയുമഴകിനൊടു മടിയിൽ മമവെച്ചുടൻ
തീർത്ഥപാദൻ വിരവോടുറങ്ങീടിനാൻ
അതു പൊഴുതിലതി ചപലനായ ശക്രാത്മജ-
നാശുകാകാകൃതി പൂണ്ടുവന്നീടിനാൻ
പല പൊഴുതു പലലശകലങ്ങൾ കൊത്തീട്ടു
ഭക്ഷിച്ചു കൊള്ളുവാനെന്നോർത്തു ഞാൻ തദാ

പരുഷതര മുടനുടനെടുത്തെറിഞ്ഞീടിനേൻ
പാഷാണജാലങ്ങളാം കൊണ്ടതുകൊണ്ടവൻ
വപുഷി മമ ശിതചരണനഖര തുണ്ഡങ്ങളാൽ
വായ്പോടു കീറിനാനേറെക്കുപിതനായ്
പരമ പുരുഷനുമുടനുണർന്നു നോക്കും വിധൌ
പാരമൊലിക്കുന്ന ചോരകണ്ടാകുലാൽ
തൃണശകല മതി കുപിതനായെടുത്താശ്രമം
ദിവ്യാസ്ത്രമന്ത്രം ജപിച്ചയച്ചീടിനാൻ
സഭയമവനഖില ദിശി പാഞ്ഞുനടന്നിതു
സങ്കടം തീർത്തുരക്ഷിച്ചു കൊണ്ടീടുവാൻ
അമരപതി കമലജഗിരീശ മുഖ്യന്മാൎക്കു-
മാവതല്ലെന്നായച്ചോരവസ്ഥാന്തരേ
രഘുതിലകനടി മലരിലവശമൊടുവീണിതു
രക്ഷിച്ചു കൊള്ളേണമെന്നെ കൃപാനിധേ!
അപരമൊരുശരണ മിഹ നഹിനഹി നമോസ്തുതേ
ആനന്ദമൂർത്തേ! ശരണം നമോസ്തുതേ
ഇതിസഭയമടിമലരിൽ വീണു കേണീടിനാ-
നിന്ദ്രാത്മജനാംജയന്തനുമന്നേരം
സവിതൃകുലതിലകനഥ സസ്മിതം ചൊല്ലിനാൻ
സായകം നിഷ്ഫലമാകയില്ലെന്നുമേ
അതിനുതവനയന മതിലൊന്നുപോം നിശ്ചയ-
മന്തരമില്ലനീപൊയ്ക്കൊൾക നിർഭയം.
ഇതിസദയമന്നുദിവസമെന്നെ രക്ഷിച്ചവ-
നിന്നുപേക്ഷിച്ചതെന്തെന്നുടെ ദുഷ്കൃതം
ഒരുപിഴയുമൊരുപൊഴുതിലവനോടുചെയ്തീലഞാ-
നോർത്താലിതെന്നുടെ പാപമേകാരണം."
വിവിധമിതിജനകനൃപദുഹിതൃവചനംകേട്ടു
വീരനാം മാരുതപുത്രനും ചൊല്ലിനാൻ:—
"ഭവതി,പുനരിവിടെ മരുവീടുന്നതേതുമേ
ഭർത്താവറിയായ്കകൊണ്ടു വരാഞ്ഞതും

ഝടിതിവരുമിന്നിനിശിചരരൌഘവും ലങ്കയും
ശാഖാമൃഗാവലി ഭസ്മമാക്കും ദൃഢം"
പവനസുതവചനമിതികേട്ടു വൈദേഹിയും
പാരിച്ചമോദേന ചോദിച്ചരുളിനാൾ:—
"അധികകൃശതനുരിഹഭവാൻ കപിവീരരു-
മീവണ്ണമുള്ളവരല്ലയോ ചൊല്ലുനീ?
നിഖില നിശിചരരചലനിഭവിപുലമൂർത്തികൾ
നിങ്ങളവരോടെതിക്കുന്നതെങ്ങനെ?"
പവനജനുമവനിമകൾ വചനമതുകേട്ടുടൻ
പർവ്വതതുല്യനായ് നിന്നാനതിദ്രുതം
അഥമിഥില നൃപതിസുതയോടു ചൊല്ലീടിനാ-
നഞ്ജനാപുത്രൻ പ്രഭഞ്ജനനന്ദനൻ,
ഇതു കരുതുകകമലരിലിങ്ങനേയുള്ളവ-
രിങ്ങിരുപത്തൊന്നുവെള്ളം പടവരും
പവനസുതമൃദുവചനമിങ്ങനെ കേട്ടുടൻ
പത്മപത്രാക്ഷിയും പാർത്തുചൊല്ലീടിനാൾ
"അതിവിമലനമിതബലനാശരവംശത്തി-
നന്തകൻനീയതിനന്തരമില്ലെടോ;
രജനിവിരവൊടുകഴിയുമിനിയുഴറുകെങ്കിൽനീ
രാക്ഷസസ്ത്രീകൾ കാണാതെ നിരാകുലം
ജലനിധിയുമതി ചപലമിന്നേ കടന്നങ്ങു
ചെന്നു രഘുവരനെക്കാൺകനന്ദന!
മമ ചരിതമഖിലമറിയിച്ചു ചൂഡാരത്ന-
മാശു തൃക്കയ്യിൽ കൊടുക്കവിരയെന്നീ.
വിരവിനൊടു വരികരവിസ്തൃതനുമരുസൈന്യവും
വീര്യപുമാന്മാരിരുവരുമായ് ഭവാൻ
വഴിയിലൊരുപിഴയുമുപരോധവു മെന്നിയേ
വായുസുത! പോകനല്ലവണ്ണം ധ്രുവം,"
വിനയഭയകലുഷകഭക്തിപ്രമോദാന്വിതം
വീരൻ നമസ്കരിച്ചീടിനാനന്തികേ

പ്രിയവചനസഹിതമഥ ലോകമാതാവിനെ
പിന്നെയും മൂന്നു വലത്തുവെച്ചീടിനാൻ
"വിടതരികജനനി വിടകൊൾവാനടിയനു
വേഗേന ഖേദംവിനാവാഴ്ക സന്തതം"
"ഭവതുശുഭമയിതനയ! പഥിതവനിരന്തരം,
ഭത്താരമാശുവരുത്തീടുകത്വന്നീ
സുഖമൊടിഹജഗതി സുചിരം ജീവ,ജീവ,നീ
സ്വസ്ത്യസ്തു,പുത്ര! തേസുസ്ഥിരശക്തിയും"
അനിലതനയനു മഖിലജനനിയൊടു സാദര-
മാശീർവചനമാദായ പിൻവാങ്ങിനാൻ.

## ലങ്കാമർദ്ദനം

ചെറുതകലെയൊരുവിടപിശിഖരവുമമന്നവൻ
ചിന്തിച്ചുകണ്ടാൽ മനസിജിതശ്രമം
പരപുരിയിലൊരു നൃപതികാര്യാത്ഥമായതി-
പാടവമുള്ളോരു ദൂതംനിയോഗിച്ചാൽ,
സ്വയമതിനൊരഴിനിലയൊഴിഞ്ഞുസാധിച്ചഥ
സ്വസ്വാമികാര്യത്തിനന്തരമെന്നിയേ
നിജഹൃദയചതുരതയൊടപരമൊരു കാര്യവും
നീതിയോടെചെയ്യുപോമവനുത്തമൻ;
അതിനുമുഹുരഥമഖിലനിശിചരകുലേശനെ
അൻപോടുകണ്ടുപറഞ്ഞുപോയീടണം;
അതിനുപെരുവഴിയുമിതു സുദൃഢമിതി ചിന്തചെ-
യ്താരാമമൊക്കെപ്പൊടിച്ചു തുടങ്ങിനാൻ
മിഥിലനൃപമകൾമരുവുമതിവിമലശിംശപാ-
വൃക്ഷമൊഴിഞ്ഞുള്ളതൊക്കെത്തകത്തവൻ
കുസുമദലഫലസഹിതഗുല്മവല്ലീതരു-
ക്കൂട്ടങ്ങൾ പൊട്ടിയലറിവീഴുംവിധൌ,
ജനനിവഹഭയജനനനാദഭേദങ്ങളും
ജംഗമജാതികളായ പതത്രികൾ

അതിഭയമൊടഖിലദിശിദിശിഖലുപറന്നുടൻ
ആകാശമൊക്കെപ്പരന്നൊരു ശബ്ദവും
രജനിചരപുരിഝടിതികീഴ്മേൽമറിച്ചിതു
രാമദൂതൻ മഹാവീര്യപരാക്രമൻ;
ഭയമൊടതുപൊഴുതു നിശിചരികളുമുണർന്നിതു
പാർത്തനേരം കപിവീരനെക്കാണായി
"ഇവനമിതബലസഹിത നിടിനികരമൊച്ചയു-
മെന്തൊരുജന്തുവിതെന്തിനുവന്നതും
സുമുഖി! തവനികടഭുവിനിനുവിശേഷങ്ങ
സുന്ദരഗാത്രി! ചൊല്ലീലയോ ചൊല്ലെടോ
മനസിഭയമധികമിവനെ കണ്ടുഞങ്ങൾക്കു
മർക്കടാകാരം ധരിച്ചിരിക്കുന്നതും
നിശിതമസിവരുവതിനു കാരണമെന്തുചൊൽ?
നീയറിഞ്ഞീലയോ? ചൊല്ലിവനാരെടോ!"
"രജനിചരകുലരചിത മായകളൊക്കവേ
രാത്രിഞ്ചരന്മാർക്കൊഴിഞ്ഞറിയാവതോ?
ഭയമിവനെ നികടഭുവികണ്ടുമന്മാനസേ
പാരം വളരുന്നിതെന്താവതീശ്വര!"
അവനിമകളവരൊടിതു ചൊന്നനേരത്തവ-
രാശ്ശുലക്കേശ്വരനോടു ചൊല്ലീടിനാർ
"ഒരു വിപിനചരനമിത ബലനചലസന്നിഭ-
നുദ്യാനമൊക്കെപ്പൊടിച്ചു കളഞ്ഞിതു
പൊരുവതിനു കരുതിയവനപഗതഭയാകുലം
പൊട്ടിച്ചിതു ചൈത്യപ്രാസാദമൊക്കവേ
മുസലധരനനിശമതു കാക്കുന്നവരെയും
മുല്പെട്ടുതച്ചു കൊന്നീടിനാനശ്രമം
ഭുവനമതിലൊരുവരെയു മവനുഭയമില്ലഹോ!
പോയീലവനവിടുന്നിനിയും പ്രഭോ!"
ദശവദനനിതിരജനിചരികൾ വചനംകേട്ടു
ദന്ദശ്ശൂകോപമ ക്രോധവിവശനായ്

"ഇവനിവിടെ നിശിതമസിഭയമൊഴിയെവന്നാവ-
നേതു മെളിയവനല്ലെന്നു നിർണ്ണയം
നിശിതശര കുലിശ മുസലാദ്യങ്ങൾ കൈക്കൊണ്ടു
നിങ്ങൾ പോകാശു ന്തുറായിരം വീരന്മാർ"
നിശിചര കുലാധിപാജ്ഞാകരന്മാരതി-
നിർഭയം ചെല്ലുന്നതു കണ്ടുമാരുതി
ശിഖരികുലമൊട്ട മവനിമുഴവനിളകുംവണ്ണം
സിംഹനാദംചെയ്തതു കേട്ടുരാക്ഷസർ
സഭയതരഹൃദയമഥ മോഹിച്ചു വീണിതു
സംഭ്രമത്തോടടുത്തീടിനാർ പിന്നെയും
ശിതവിശിഖമുഖനിഖില ശസ്ത്രജാലങ്ങളെ
ശ്ശീഘ്രം പ്രയോഗിച്ചനേരം കപീന്ദ്രനും
മുഹുരുപരിവിരവിനൊട്ടയന്നു ജിതശ്രമം
മുൽഗരം കൊണ്ടു താഡിച്ചൊടുക്കീടിനാൻ;
നിയുതനിശിചര നിധനനിശമനദശാന്തരേ
നിർഭയം ക്രുദ്ധിച്ചു നക്തഞ്ചരേന്ദ്രനും;
അഖിലബലപതി വരരിലൈവരെച്ചെല്ലുകെ-
ന്നത്യന്തരോഷാൽ നിയോഗിച്ചനന്തരം
പരമരണ നിപുണ്,നൊടെതിർത്തു പഞ്ചത്വവും
പഞ്ചസേനാധിപന്മാക്കും ഭവിച്ചിതു
തദനുദശവദനനുദിതക്രുധാ ചൊല്ലിനാൻ
"തൽബലമത്ഭുതം മതഭയോൽ ഭൂതിദം
പരിഭവമൊടമിതബല സഹിതമപിചെന്നൊരു
പഞ്ചസേനാധിപന്മാർ മരിച്ചീടിനാർ
ഇവനെമമ നികടഭുവിത്ധടിതിസഹജീവനോ-
ടിങ്ങുബന്ധിച്ചു കൊണ്ടന്നു വച്ചീടുവാൻ
മഹിതമതി ബലസഹിത മെഴവരൊരുമിച്ചുടൻ
മന്ത്രിപുത്രന്മാർ പുറപ്പെട്ടുവിൻ ഭൃശം."
ദശവദന വചനനിശമനബല സമന്വിതം
ദണ്ഡമുസല ഖഡ്ഗേഷു ചാപാദികൾ

കഠിനതര മലറി നിജകരമതിലെടുത്തുടൻ
കർബ്ബുരേന്ദ്രന്മാരടുത്താർ, കപീന്ദ്രനും
ഭുവനതല മൂലയെ മുഷ്ഠരലറി മരുവും വിധൌ,
ഭൂരിശസ്ത്രം പ്രയോഗിച്ചാരനക്ഷണം
അനിലജനു മവരെവിരവോടു കൊന്നീടിനാൻ
ആശ്ശുലോഹസ്തംഭതാഡനത്താലഹോ!
നിജസചിവ തനയരെഴുവരുമമിതസൈന്യവും
നിർജ്ജരലോകം ഗമിച്ചതു കേൾക്കയാൽ
മനസിദശ മുഖനു മുരുതാപവും ഭീതിയും
മാനവും ഖേദവും നാണവും തേടിനാൻ:—
"ഇനിയൊരുവ നിവനൊടു ജയിപ്പതിനില്ലമ-
ററിങ്ങനെ കണ്ടീല മററുഞാനാരെയും
ഇവരൊരുവരെ തിരിടുകിലസുര സുരജാതിക-
ളെങ്ങുമേ നിൽക്കമാറില്ല ജഗത്രയേ
അവർ പലരുമൊരു കപിയൊടേററു മരിച്ചിതി-
ന്നയ്യോ! സുകൃതം നശിച്ചിതു മാമകം;"
പലവുമിതി കരുതിയൊരു പരവശത കൈക്കൊണ്ടു
പാരം തളന്നോരു താതനോടാദരാൽ
വിനയമൊടു തൊഴുതിളയമകനു മുരചെയ്തിതു:—
"വീരപുംസാമിദം യോഗ്യമല്ലേതുമേ
അലമല മിതറികിലനു ചിതമഖിലഭ്രഷ്ടതാ-
മാത്മഖേദം, ധൈര്യശൌര്യ തേജോഹരം —
അരിവരനെ നിമിഷമിഹ കൊണ്ടു വരുവനെ-"
ന്നക്ഷകുമാരനും നിർഗ്ഗമിച്ചീടിനാൻ
കപിവരനു മതുപൊഴുതു തോരണ മേറിനാൻ
കാണായിതക്ഷകുമാരനെ സന്നിധൌ
ശരനികര ശകലിത ശരീരനായ്‌വന്നിതു
ശാഖാമൃഗാധിപൻ താനുമതുനേരം
മുനിവിനൊടു ഗഗനഭുവി നിന്നു താണാശ്ശുതൻ
മൂർദ്ധനി മുൽഗരം കൊണ്ടെറിഞ്ഞീടിനാൻ

ശമനപുരി വിരവിനൊടു ചെന്നുപുക്കീടിനാൻ
ശക്തനാമക്ഷകുമാരൻ മനോഹരൻ.
വിബുധ കുലരിപു നിശിചരാധിപൻരാവണൻ
വൃത്താന്തമാഹന്ത കേട്ടു ദുഃഖത്തനായ്
അമര പതിജിത മമിതബലസഹിത മാത്മജ-
മാത്മഖേദത്തോടണച്ചു ചൊല്ലീടിനാൻ:—
"പ്രിയതനയ! ശൃണുവചന മഹതവ സഹോദരൻ
പ്രേതാധിപാലയം പുക്കതു കേട്ടിലേ?
മമസുതനെ രണശിരസി കൊന്ന കപീന്ദ്രനെ
മാർത്താണ്ഡജാലയത്തിന്നയച്ചീടുവാൻ
ത്വരിതമഹമതുലബലമൊടു പോയീടുവൻ
തൽക്കനിഷ്ഠോദകം പിന്നെ നൽകീടുവൻ"
ഇതിജനകവചനമലിവോടു കേട്ടാദരാൽ
ഇന്ദ്രജിത്തും പറഞ്ഞീടിനാൻ തൽക്ഷണേ:—
"ത്യജമനസി ജനക! തവ ശോകം മഹാമതേ!
തീർത്തുകൊള്ളുവൻ ഞാൻ പരിഭവമൊക്കവേ
മരണവിരഹിതനവനതിനില്ല സംശയം
മററൊരുത്തൻ ബലാലത്ര വന്നിടുമോ?
ഭയമവനു മരണകൃതമില്ലെന്നു കാൺകിൽ ഞാൻ
ബ്രഹ്മാസ്ത്രമെയ്തു ബന്ധിച്ചു കൊണ്ടീടുവൻ
ഭുവനതലമഖില മരവിന്ദോത്ഭവാദിയാം
പൂർവ്വദേവാരികാംതന്ന വരത്തിനാൽ
വലമഥന മപിയുധി ജയിച്ചനമ്മോടൊരു
വാനരൻ വന്നെതിരിട്ടതുമത്ഭുതം!
അതുകരുതുമളവിലിഹ നാണമാമെത്രയും
ഹന്തുമശക്യോപി ഞാനവിളംബിതം.
കൃതിഭിരപിനി കൃതിഭിരപിഛദ്മനാപിവാ
കൃഷ്ട്വേണഞാൻ ത്വത്സമീപേ വരുത്തുവൻ
സപദി വിപദുപഗതമിഹ പ്രമദാകൃതം
സമ്പദ്വിനാശകരം പരം നിർണ്ണയം

സ്വസുഖമിഹ നിവസമയിജീവതിത്വംവൃഥാ
സന്താപമുണ്ടാകരുതു കരുതുമാം."
ഇതിജനകനൊടു നയഹിതങ്ങൾ സൂചിപ്പിച്ചുട-
നിന്ദ്രജിത്തും പുറപ്പെട്ടു സന്നദ്ധനായ്
രഥകവച വിശിഖധനുരാദികൾ കൈക്കൊണ്ടു
രാമദൂതം ജേതുമാശുചെന്നീടിനാൻ
ഗരുഡനിഭനഥ ഗഗനമുൽപതിച്ചീടിനാൻ
ഗർജ്ജനപൂർവ്വകം മാരുതി വീര്യവാൻ
ബഹുമതിയുമകതളിരിൽ വന്നു പരസ്പരം
ബാഹുബലവീര്യ വേഗങ്ങൾ കാൺകയാൽ
പവനസുതശിരസി ശര മഞ്ചുകൊണ്ടെയ്തിതു
നാകാരിജിത്തായ പഞ്ചാസ്യ വിക്രമൻ
രഥസപദിഹൃദി വിശിഖമെട്ടു കൊണ്ടെയ്തുമ-
റാറാരുബാണം പദങ്ങളിലും തഥാ
ശിതവിശിഖമധിക തരമൊന്നു വാൽമേലെയ്തു
സിംഹനാദേന പ്രപഞ്ചം കലുക്കിനാൻ;
തദനു കപികുലതിലകനമ്പുകൊണ്ടാർത്തനായ്
സ്തംഭേന സൂതനെക്കൊന്നിതു സത്വരം;
തുരഗയുതരഥവുമഥ ഝടിതി പൊടിയാക്കിനാൻ
ദൂരത്തു ചാടിനാൻ മേഘനിനാദനും
അപരമൊരു രഥമധികവിതതമുടനേറിവ-
ന്നസ്ത്ര ശസ്ത്രൗഘ വരിഷം തുടങ്ങിനാൻ
രുഷിതമതി ദശവദന തനയശരപാതേന
രോമങ്ങൾ നന്നാലുകീറി കപീന്ദ്രനും
അതിനുമൊരു കെടുതിയവനില്ലെന്നു കാൺകയാൽ
അംഭോജ സംഭവ ബാണമെയ്തീടിനാൻ
അനിലജനു മതിനെ ബഹുമതിയൊടുടനാദരി-
ച്ചാഹന്ത മോഹിച്ചു വീണിതു ഭൂതലെ;
ദശവദനസുതനനില തനയനെ നിബന്ധിച്ചു
തൽപ്പിതാവിൻ മുമ്പിൽ വച്ചു വണങ്ങിനാൻ,

പവനജന്മനസിയൊരു പീഡയുണ്ടായീല
പണ്ടുദേവന്മാർ കൊടുത്ത വരത്തിനാൽ
നളിനദലനേത്രനാം രാമൻ തിരുവടി
നാമാമൃതം ജപിച്ചീടും ജനം തദാ
അമലഹൃദി മധുമഥന ഭക്തിവിശുദ്ധരാ-
യജ്ഞാനകൎമ്മ കൃതബന്ധനം ക്ഷണാൽ
സുചിരവിരചിതമപി വിമുച്യ ഹരിപദം
സുസ്ഥിരം പ്രാപിക്കുമില്ലൊരു സംശയം
രഘുതിലക ചരണയുഗമകതളിരിൽ വച്ചൊരു
രാമദൂതന്നു ബന്ധം ഭവിച്ചീടുമോ
മരണജനിമയ വികൃതി ബന്ധമില്ലാതോൎക്കു
മറവുള്ള ബന്ധനം കൊണ്ടെന്തു സങ്കടം?
കപടമതികലിത കരചരണ വിവശതാവും
കാട്ടിക്കിടന്നു കൊടുത്തൊരനന്തരം
പലരുമതി കുതുകമൊടു നിശിചരരണഞ്ഞുടൻ
പാശബന്ധേന ബന്ധിച്ചതു കാരണം
ബലമിയലുമമരരിപു കെട്ടിക്കിടന്നെഴാ
ബ്രഹ്മാസ്ത്ര ബന്ധനം വേർപെട്ടിതപ്പൊഴേ;
വ്യഥയുമവനകതളിരിലില്ല യെന്നാകിലും
ബദ്ധനെന്നുള്ളഭാവം കളഞ്ഞീലവൻ
നിശിചരരെടുത്തു കൊണ്ടാൎത്തുപോകുംവിധൌ
നിശ്ചലനായ്ക്കിടന്നാൻ കാൎയ്യഗൌരവാൽ
അനിലജനെ നിശിചരകുലാധിപൻ മുമ്പിൽവ-
ച്ചാദിതേയാധി പാൎത്തി ചൊല്ലീടിനാൻ:—
"അമിതനിശിചരവരരെ രണശിരസികൊന്നവൻ
ആശുവിരിഞ്ചാസ്ത്ര ബദ്ധനായീടിനാൻ
ജനക! തവമനസി സചിവന്മാരുമായിനി
ചെമ്മെ വിചാൎയ്യകാൎയ്യം നീ വിധേയതാം
പ്ലവഗകുലവരനറിക സാമാന്യനല്ലിവൻ
പ്രത്യൎത്ഥി വൎഗ്ഗത്തിനെല്ലാമൊരന്തകൻ"

നിജതനയ വചനമിതി കേട്ട ദശാനനൻ
നിൽക്കും പ്രഹസ്തനോടൊത്തു ചൊല്ലീടിനാൻ
"ഇവനിവിടെ വരുവതിനു കാരണമെന്തെന്നു-
മെങ്ങുനിന്നത്ര വരുന്നതെന്നുള്ളതും
ഉപവനവുമനിശമതു കാക്കുന്നവരെയും
ഊക്കോടു മററുള്ള നക്തഞ്ചരരെയും
ത്വരിതമതിബലമൊടുതകർത്തുപൊടിച്ചതും
ത്തുമയോടാരുടെ ദൂതനെന്നുള്ളതും
ഇവനൊടിനിവിരവിനൊടു ചോദിക്കനീ"യെന്നു-
മിന്ദ്രാരി ചൊന്നതു കേട്ടു പ്രഹസ്തനും
പവനസുതനൊടു വിനയനയസഹിതമാദരാൽ
[illegible]പ്രാഹ "നീയാരയച്ചുവന്നു കപേ!
[illegible]സദസി കഥയ മമ സത്യം മഹാമതേ
ന്നെയയച്ചുവിട്ടെന്നൊണ്ടു നിർണ്ണയം.
ഖിലമകതളിരിൽ നിന്നു കളഞ്ഞാലും
മസഭയ്യൊക്കമിസ്സഭപാക്ക നീ.
[illegible]തവചനവുമലമധർമ്മകർമ്മങ്ങളു-
മ ലങ്കേശരാജ്യത്തിങ്കലില്ലെടോ!"
[illegible]പിലനിശിചരകുലബലാധിപൻ ചോദ്യങ്ങൾ
നീതിയോടേ കേട്ടു വായുതനയനും
മനസി രഘുകുലവരനെ മുഹുരപി നിരൂപിച്ചു
മന്ദഹാസേന മന്ദേതരം ചൊല്ലിനാൻ
സ്ഫുടവചനമതിവിശദമിതി "ശൃണുജളപ്രഭോ!
പൂജ്യനാം രാമദൂതൻ ഞാനറിക നീ
ഭുവനപതിമമപതി പുരന്ദരപൂജിതൻ
പുണ്യപുരുഷൻ പുരുഷോത്തമൻപരൻ
ഭുജഗകുലപതിശയനനമലനഖിലേശ്വരൻ
പൂർവ്വദേവാരാതിഭുക്തിമുക്തിപ്രദൻ
പുരമഥനഹൃദയമണിനിലയനനിവാസിയാം
ഭൂതേശസേവിതൻ ഭൂതപഞ്ചാത്മകൻ

ഭുജഗകുലരിപുമണിരഥധ്വജൻ മാധവൻ
ഭൂപതിഭൂതിവിഭൂഷണസമ്മിതൻ
നിജ ജനകവചനമതു സത്യമാക്കീടുവാൻ
നിർമ്മലൻ കാനനത്തിന്നു പുറപ്പെട്ടു
ജനകജയുമവരജനുമായ് മരുവുന്ന നാൾ
ചെന്നു നീ ജാനകിയെക്കട്ടുകൊണ്ടില്ലെ?
തവമരണമിഹവരുവതിന്നൊരു കാരണം
താമരസോത്ഭവ കല്പിതം കേവലം
തദനു ദശരഥതനയനും മതംഗാശ്രമേ
താപേന തമ്പിയുമായ് ഗമിച്ചീടിനാൻ
തപനതനയനൊടനലസാക്ഷിയായ് സഖ്യവും
താല്പര്യമുൾക്കൊണ്ടു ചെയ്തോരനന്തരം
അമരപതിസുതനെയൊരു ബാണേന കൊന്നുടൻ
അർക്കാത്മജന്നു കിഷ്കിന്ധയും നൽകിനാൻ
അടിമലരിലവനമനമഴകിനൊടു ചെയ്തവ-
ന്നാധിപത്യം കൊടുത്താധിതീർത്തീടിനാൻ.
അതിനവനുമവനിതനയാന്വേഷണത്തിനാ-
യാശകൾ തോറുമേ കൈകന്ത്രായിരം
പ്ലവഗകുലപരിവൃഢരെ ലഘുതരമയച്ചതി-
ലേകനഹമിഹവന്നു കണ്ടീടിനേൻ.
വനജവിടപികളെയുടനുടനിഹതകർത്തതും
വാനരവംശപ്രകൃതിശീലം വിഭോ!
ഇകലിൽ നിശിചരവരരെയൊക്കെ മുടിച്ചതു-
മെന്നെ വധിപ്പതിനായ് വന്ന കാരണം.
മരണഭയമകതളിരിലില്ല്യാതെ ഭുവി
മറെറാരു ജന്തുക്കളില്ലെന്നു നിർണ്ണയം.
ദശവദന! സമരഭുവി ദേഹരക്ഷാർത്ഥമായ്
ത്വൽഭൃത്യവർഗ്ഗത്തെ നിഗ്രഹിച്ചേനഹം
ദശനിയുത ശതവയസി ജീർണ്ണമെന്നാകിലും
ദേഹികൾക്കേററം പ്രിയം ദേഹമോർക്ക നീ

തവതനയകരഗളിതവിധി വിശിഖപാശേന
തത്ര ഞാൻ ബദ്ധനായേനൊരു കാൽക്ഷണം
കമലഭവമുഖസുരവരപ്രഭാവേനമേ
കായത്തിനേതുമേ പീഡയുണ്ടായ്‌വരാ
പരിഭവവുമൊരുപൊഴുതുമരണവുമകപ്പെടാ
ബദ്ധഭാവേന വന്നീടിനേനത്ര ഞാൻ.
അതിനുമിതുപൊഴുതിലൊരുകാരണമുണ്ടുകേ-
ളദ്യ്രഹിതം തവ വക്തൃമുദ്യുക്തനായ്
അകതളിരിലറിവുകുറയുന്നവർക്കേററമു-
ള്ളജ്ഞാനമൊക്കെ നീക്കേണം ബുധജനം
അതുജഗതികരുതു കരുണാത്മനാം ധമ്മമെ-
ന്നാത്മോപദേശമജ്ഞാനിന്നാം മോക്ഷദം.
മനസി കരുതുക ഭുവനഗതിയെ വഴിയേ ഭവാൻ
മഗ്നനായീടൊലാ മോഹമഹാംബുധൌ
ദ്വിജമനസിദശവദന! രാക്ഷസീം ബുദ്ധിയെ
ദൈവീംഗതിയെ സമാശ്രയിച്ചീടുനീ.
അതുജനനമരണഭയനാശിനീ നിർണ്ണയ-
മന്യയായുള്ളതു സംസാരകാരിണീ
അമൃതഫലനവിമലപരമാത്മബോധോചിത-
മത്യുത്തമാന്വയോൽ ഭൂതനല്ലോ ഭവാൻ
കളകതവഹൃദിസപദി തത്വബോധേന നീ
കാമകോപദ്വേഷലോഭമോഹാദികൾ
കമലഭവസുതതനയനന്ദനനാകയാൽ
കർബുരഭാവം പരിഗ്രഹിയായ്കനീ
ദനുജസുരമനുജഖഗമൃഗഭുജഗഭേദേന
ദേഹാത്മബുദ്ധിയെസ്സന്ത്യജിച്ചീടുനീ
പ്രകൃതിഗുണപരവശതയാബദ്ധനായ്‌വരും
പ്രാണദേഹങ്ങളാത്മാവല്ലറികെടോ!
അമൃതമയനജനമലനദ്വയനവ്യയ-
നാനന്ദപൂർണ്ണനേകൻ പരൻ കേവലൻ

നിരുപമനമേയനവ്യക്തൻ നിരാകുലൻ
നിർഗ്ഗുണൻ നിഷ്ക്കളൻ നിമ്മമൻ നിമ്മലൻ
നിയമപരനിലയനനന്തനാദ്യൻ വിഭു
നിത്യൻ നിരാകാരനാത്മാ പരബ്രഹ്മം
വിധിഹരിഹരാദികൾക്കും തിരിയാതവൻ
വേദാന്തവേദ്യനവേദ്യനജ്ഞാനിനാം
സകലജഗദിദമറികമായാമയം വിഭോ
സച്ചിന്മയം സത്യബോധം സനാതനം
ജഡമഖിലജഗദിദമനിത്യമറികനീ
ജന്മജരാമരണാദിദുഃഖാന്വിതം
അറിവതിനുപണിപരമപുരുഷമറിമായങ്ങ-
ളാത്മാനമാത്മനാകണ്ടുതെളിക നീ
പരമഗതിവരുവതിനു പരമൊരുപദേശവും
പാർത്തുകേട്ടീടു ചൊല്ലിത്തരുന്നുണ്ടുഞാൻ
അനവരതമകതളിരിലമിത ഹരിഭക്തികൊ-
ണ്ടാത്മവിശുദ്ധിവരുമെന്നു നിർണ്ണയം
അകമലരുമംഘമകലുമളവതിവിശുദ്ധമാ-
യാശ്രുതതത്ത്വജ്ഞാനവുമുദിക്കും ദൃഢം
വിമലതരമനസിഭഗവത്തത്ത്വവിജ്ഞാന
വിശ്വാസകേവലാനന്ദാനുഭൂതിയാൽ.
രജനിചരവനദഹനമന്ത്രാക്ഷരദ്വയം
രാമരാമേതി സദൈവാജപിക്കയും
രതിസപദിനിജഹൃദിവിഹായ,നിത്യംമുദാ
രാമപാദധ്യാനമുള്ളിലുറയ്ക്കയും
അറിവുചെറുതകതളിരിലൊരുപുരുഷനുണ്ടെങ്കി-
ലാഹന്തവേണ്ടുന്നതാകയാലാശുനീ
ഭജഭവഭയാപഹം ഭക്തലോകപ്രിയം
ഭാനുകോടിപ്രഭംവിഷ്ണു പാദാംബുജം
മധുമഥനചരണ സരസിജയുഗളമാശുനീ
മൌഢ്യംകളഞ്ഞു ഭജിച്ചുകൊണ്ടീടെടോ!

കുസൃതികളുമിനിമനസികനിവൊടുകളഞ്ഞുവൈ-
കുണ്ഠലോകം ഗമിപ്പാൻ വഴിനോക്കുനീ!
പരധനകളത്രദ്രോഹേണനിത്യം വൃഥാ
പാപമാർജ്ജിച്ചുകീഴ്പെട്ടുവീണീടൊലാ
നളിനദലനയനമഖിലേശ്വരം മാധവം
നാരായണം ശരണാഗതവത്സലം
പരമപുരുഷം പരമാത്മാനമദ്വയം
ഭക്തിവിശ്വാസേന സേവിക്കസന്തതം
ശരണമിതിചരണകമലേ പതിച്ചീടെടോ
ശത്രുഭാവത്തെ ത്യജിച്ചു സന്തുഷ്ടനായ്
കല്മഷമനവധിഘടിതിചെയ്തിതെന്നാകിലും
കാരുണ്യമീവണ്ണമില്ല മററാക്കുമേ
രഘുപതിയെമനസികരുതുകിലവനു ഭൂതലേ
രണ്ടാമതുണ്ടാകയില്ലജന്മം സഖേ!
സനകമുഖമുനികൾ വചനങ്ങളിതോക്കെടോ
സത്യം മയോക്തം വിരിഞ്ചാദിസമ്മതം"
അമൃതസമവചനമിതിപവനതനയോദിത-
മത്യന്തരോഷേണകേട്ടുദശാനനൻ
നയനമിരുപതിലുമഥകനൽ ചിതറുമാറുടൻ
നന്നായുരുട്ടിമിഴിച്ചു ചൊല്ലീടിനാൻ:—
"തിലസദൃശ്യമിവനെയിനി വെട്ടിനുറുക്കുവിൻ?
ധിക്കാരമിത്ര കണ്ടീലമററാർക്കുമേ
മമ നികട ഭുവി വടിവൊടൊപ്പമിരുന്നുമാം
മററൊരു ജന്തുക്കളിങ്ങനെ ചൊല്ലുമോ?
ഭയവുമൊരുവിനയവുമിവന്നുകാണ്മാനില്ല
പാപിയായോരു ദുഷ്ടാത്മാശഠനിവൻ
കഥയമമ കഥയമമ രാമനെന്നാരുചൊൽ?
കാനനവാസിസുഗ്രീവനെന്നാരെടോ?
അവരെയുമനന്തരം ജാനകീതന്നെയും
അത്യന്തദുഷ്ടനാം നിന്നെയും കൊല്ലുവൻ"

ദശവദനവചനമിതി കേട്ടുകോപംപൂണ്ടു
ദന്തം കടിച്ചു കപീന്ദ്രനും ചൊല്ലിനാൻ:—
"നിനവുതവമനസി പെരുതെത്രയുംനന്നുനീ
നിന്നോടെതിരൊരു നൂറുനൂറായിരം
രജനിചരകുലപതികളായ് ഞെളിഞ്ഞുള്ളൊരു
രാവണന്മാരൊരുമിച്ചെതിർത്തീടിലും
നിയതമിതുമമചെറുവിരൽക്കുപോരാപിന്നെ
നീയെന്തുചെയ്യുന്നിതെന്നോടു കശ്മലാ!"
പവനസുതവചനമിതി കേട്ടുദശാസ്യനും
പാർശ്വസ്ഥിതന്മാരൊടാശു ചൊല്ലീടിനാൻ:—
"ഇവിടെ നിശിചരരൊരുവരായുധപാണിയാ-
യില്ലയോ കള്ളനെക്കൊല്ലുവാൻ ചൊല്ലുവിൻ
അതുപ്പൊഴുതിലൊരുവനവനോടടുത്തീടിനാൻ
അപ്പോൾ വിഭീഷണൻ ചൊല്ലിനാൻ മെല്ലവേ
"അരുതരുതുദുരിതമിതുദൂതനെക്കൊല്ലുകെ-
ന്നാർക്കടുത്തുനൃപന്മാർക്കു ചൊല്ലീടുവിൻ
ഇവനെവയമിവിടെ വിരവോടു കൊന്നീടിനാ-
ലെങ്ങിനെയങ്ങറിയുന്നതു രാഘവൻ?
അതിനുപുനരിവനൊരടയാളമുണ്ടാക്കിനാ-
മങ്ങയയ്ക്കേണമതല്ലോ നൃപോചിതം"
ഇതിസദസിദശവദനസഹജവചനേനതാ-
നെങ്കിലതങ്ങനെ ചെയ്യെന്നു ചൊല്ലിനാൻ
വദനമപികരചരണമല്ല ശൌര്യാസ്പദം
വാനരന്മാർക്കു വാൽമേൽ ശൌര്യമാകുന്നു.

## ഹനുമാൻ ലങ്കയ്ക്കു തീവെയ്ക്കുന്നതു്.

വയമതിനുത്ഝടിതിവസനേനവാൽവേഷ്ടിച്ചു
വഹ്നികൊളുത്തിപ്പുരത്തിലെല്ലാടവും

രജനിചരപരിവൃഢരെടുത്തു വാദ്യം കൊട്ടി
രാത്രിയിൽ വന്നൊരു കള്ളനെന്നിങ്ങനെ
നിഖിലദിശിപലരുമിഹ കേൾക്കുമാറുച്ചത്തിൽ
നീളെ വിളിച്ചു പറഞ്ഞുനടത്തുവിൻ
കുലഹതകനിവനറിക നിസ്തേജനെന്നു തൻ
കൂട്ടത്തിൽ നിന്നു നീക്കീടും കപികുലം
തിലരസഘൃതാദി സംസിക്ത വസ്ത്രങ്ങളാൽ
തീവ്രം തെരുതെരെച്ചുററും ദശാന്തരേ
അതുലബലനചലതരമവിടെ മരുവീടിനാൻ.
അത്യായതസ്ഥൂലമായിതു വാൽ തദാ
വസനഗണമഖിലവുമൊടുങ്ങിച്ചമഞ്ഞിതു
വാലുമതീവ ശേഷിച്ചിതു പിന്നെയും
നിഖില നിലയന നിഹിതപട്ടാംബരങ്ങളും
നീളെത്തിരഞ്ഞു കൊണ്ടുവന്നു ചുററീടിനാർ.
അതുമുടനൊടുങ്ങി വാൽ ശേഷിച്ചുകണ്ടള-
വങ്ങുമിങ്ങും ചെന്നു കൊണ്ടുവന്നീടിനാർ
തിലജഘൃത സുസ്നേഹ സംസിക്ത വസ്ത്രങ്ങൾ
ദിവ്യ പട്ടാംശുക ജാലവും ചുററിനാർ
നികൃതി പെരിതിവനു് വസനങ്ങളിലൊന്നിനി
സ്നേഹവുമെല്ലാമൊടുങ്ങിതുശേഷവും
അലമലമിതമലനിവനെത്രയും ദിവ്യനി-
താർക്കു തോന്നീ വിനാശത്തിനെന്നാർ ചിലർ
അനലമിഹ വസനമിതിനനലമിനിവാലധി—
ക്കാശു കൊളുത്തുവിൻ വൈകരുതേതുമേ
പുനരവരുമതുപൊഴുതു തീകൊളുത്തീടിനാർ
പുച്ഛാഗ്രദേശേ പുരന്ദരാരാതികൾ
ബലസഹിതമബലമിവരജ്ജുഖണ്ഡംകൊണ്ടു്
ബദ്ധ്വാ ദൃഢതരം ധൃത്വാ കപിവരം
കിതവമതികളുമിതൊരു കള്ളനെന്നിങ്ങനെ
കൃത്വാ രവമരം ഗത്വാ പുരവരം

പാറകളെയുമുടനുടനറഞ്ഞറഞ്ഞങ്ങിനെ
പശ്ചിമദ്വാരദേശേ ചെന്നനന്തരം
പവനജനുമതികൃശ ശരീരനായീടിനാൻ
പാശവുമപ്പോൾ ശിഥിലമായ്‌വന്നിതു
ബലമൊടവനതിചപലമചലനിഭഗാത്രനായ്
ബന്ധവും വേർപെട്ടു മേല്പോട്ടു പൊങ്ങിനാൻ
ചരമഗിരി ഗോപുരാഗ്രേ വായുവേഗേന
ചാടിനാൻ വാഹകന്മാരെയും കൊന്നവൻ
ഉഡുപതിയൊടുരസുമടവ്യയരമിയലുന്നര-
ത്തോത്തുംഗ സൗധാഗ്രമേറി മേവീടിനാൻ
ഉദവസിതനികരമുടനുടനുപരിവേഗമോ-
ടുൽപ്ലുത്യപിന്നെയുമുൽപ്ലുത്യ സത്വരം
കനകമണിമയനിലയമഖിലമനിലാത്മജൻ
കത്തിച്ചുകത്തിച്ചു വർദ്ധിച്ചിതഗ്നിയും
പ്രകൃതിചപലതയൊടവനചലമോരോ മ
പ്രാസാദ ജാലങ്ങൾ ചുട്ടുതുടങ്ങിനാൻ
ഗജതുരഗരഥബല പദാതികൾ പംക്തിയ
ഗമ്യങ്ങളായുള്ള രമ്യഹർമ്മ്യങ്ങളും
അനലശിഖകളുമനിലസുതഹൃദയവും തെളി
ഞ്ഞാഹന്ത വിഷ്ണുപദം ഗമിച്ചൂതദാ
വിബുധപതിയൊടു നിശിചരാലയം വെന്തെ
വൃത്താന്തമെല്ലാമറിയിച്ചുകൊള്ളുവാൻ
അഹമഹമികാധിയാ പാവകജ്വാലക—
ളംബരത്തോളമുയന്നു ചെന്നു മുദാ
ഭുവനതലഗതവിമല ദിവ്യരത്നങ്ങളാൽ
ഭൂതി പരിപൂർണ്ണമായുള്ള ലങ്കയും
പുനരനിലസുതനിതിദഹിപ്പിച്ചിതെങ്കിലും
ഭൂതി പരിപൂർണ്ണമായ്‌വന്നിതത്ഭുതം
ദശവദനസഹജഗൃഹമെന്നിയേ മററുള്ള
ദേവാരിഗേഹങ്ങൾ വെന്തു കൂടീജവം

രഘുകുലപതിപ്രിയഭൃത്യനാം മാരുതി
രക്ഷിച്ചുകൊണ്ടാൻ വിഭീഷണമന്ദിരം
കനകമണിമയനിലയനികരമതു വെന്തോരോ
കാമിനിവർഗ്ഗം വിലാപം തുടങ്ങിനാർ
ചികുരഭരവസന ചരണാദികൾ വെന്താശു
ജീവനും വേർപെട്ടു ഭ്രമമൌ പതിക്കയും,
ഉടലുരുകിയുരുകിയുടനുഴറിയലറിപ്പാഞ്ഞു-
മുന്നതമായ സൌധങ്ങളിലേറിയും
ദഹനനടനവിടയുമടുത്തുദഹിപ്പിച്ചു,
താഴത്തു വീണു പിടഞ്ഞു മരിക്കയും,
മമ തനയ ! രമണ ! ജനക ! പ്രാണനാഥ ഹാ !
...മകം കമ്മമയ്യോ ! വിധി ദൈവമേ !
...ണമുടനുടലുരുകി മുറുകി വരികെന്നതു്
...റുവാനാരുമില്ലയ്യോ ! ശിവ ശിവ !
...മിതു രജനിചരവരവിരചിതം ദുഃഖം
...ാരു കാരണമില്ലിതിന്നേതുമേ
...നവുമമിതപരദാരങ്ങളും ബലാൽ
...ി ദശാസ്യൻ പരിഗ്രഹിച്ചാൻ തുലോം
...കിലനുചിതമിതിമദേന ചെയ്തിടായ്‌വി-
...മതിൻെറ ഫലമിതു നിർണ്ണയം
...ജതരുണിയെയൊരു മഹാപാപി കാമിച്ചു
...ളുവക്മമാംപത്തായിതിങ്ങനെ
...ുതദുരിതങ്ങളും കാര്യമകാര്യവും
...ക്ഷിച്ചു ചെയ്തു കൊള്ളേണം ബുധജനം
മദനശരപരവശതയൊടു ചപലനായിവൻ
...മാഹാത്മ്യമുള്ള പതിവ്രതമാരെയും
കരബലമൊടനു ദിനമണഞ്ഞു പിടിച്ചതി-
കാമചാരിത്ര ഭംഗം വരുത്തീടിനാൻ
അവർ മനസി മരുവിന തപോമയ പാവക-
...ദ്യരാജ്യേ പിടിപെട്ടതു കേവലം

നിശിചരികൾ ബഹുവിധമോരോന്നേ പറകയും
നിൽക്കും നിലയിലേ വെന്തുമരിക്കയും
ശാരണമിഹ കിമിതി പല വഴിയുമുടനോടിയും
ശാഖികൾ വെന്തുമുറിഞ്ഞുടൻ വീഴ്കയും
രഘുകുലവരേഷ്ട ദൂതൻ ത്രിയാമാചര—
രാജ്യമെഴുന്നൂറു യോജനയും ക്ഷണാൽ
സരസബഹു വിഭവയുതഭോജനം നൽകിനാൻ
സന്തുഷ്ടനായിതു പാവകദേവനും
ലഘുതരമനില തനയനമൃത നിധിതന്നിലേ
ലാംഗ്ലലവും തച്ചു തീ പൊലിച്ചീടിനാൻ
പവനജനു ദഹനനപി ചുട്ടതില്ലേതുമേ
പാവകനിഷ്ട സഖിയാക കാരണം
പതിനിരതയാകിയ ജാനകീ ദേവിയാൽ
പ്രാർത്ഥിതനാകയാലും കരുണാവശാൽ
അവനിതനയാ കൃപാവൈഭവമത്ഭുത—ാൻ
മത്യന്തശീതളനായിതു വഹ്നിയും
രജനിചരകുല വിപിന പാവകനാകിയ
രാമനാമസ്മൃതികൊണ്ടു മഹാജനം
തനയധന ദാരമോഹാത്തനെന്നാകിലും
താപത്രയാ നലനെക്കടന്നീടുന്നു
തദഭി മതകാരിയായുള്ള ദൂതന്നു സ-
ന്താപം പ്രകൃതാനലേന ഭവിക്കുമോ?
ഭവതിയദിമനുജ ജനനം ഭുവിസാമ്പ്രതം
പങ്കജലോചനനേബ് ഭജിച്ചീടുവിൻ
ഭുവനപതി ഭുജഗപതി ശയന ഭജനം ഭുവി
ഭൃതദൈവാത്മ സംഭൃത താപാപഹം.
തദനുകപികുലവരനു മവനി തനയാപദം
താണുതൊഴുതു നമസ്കൃത്യ ചൊല്ലിനാൻ:—
"അഹ മിനിയു മുഴറി നടകൊള്ളുവനക്കരെ—
ക്കാജ്ഞാപയാശു ഗഛഠാമി രാമാന്തികം

രഘുവരനു മവരജനു മരുണജനു മാര്യ്ദ്രതം
ആഗമിച്ചീട്ടു മനന്ത സേനാസമാ
മനസിതവ ചൊൽത്തു പരിതാപ മുണ്ടാകൊലാ
മതഭരം കാര്യ്യമിന്നി ജ്ജനകാത്മജേ!"
തൊഴുത മിതവിനയ മിതി ചൊന്നവൻ തന്നൊടു
ദുഃഖമുൾക്കൊണ്ടു പറഞ്ഞിതു സീതയും
"മമ രമണചരിത മുരചെയ്തു നിന്നെക്കണ്ടു
മാനസ താപമകന്നിതു മാമകം
കഥമിനിയു മഥമിഹ വസാമി ശോകേനമൽ-
കാന്തവൃത്താന്ത ശ്രവണസൌഖ്യം വിനാ"
ജനകനൃപദുഹിതൃഗിര മിങ്ങിനെ കേട്ടവൻ
കൊൻകമ്പം തൊഴുതുചൊല്ലീടിനാൻ:—
"കശ്ചമിനി വിരഹമലമതിനുടൻ മമ
ന്ധമാരുഹ്യ ക്ഷണേന ഞാൻ കൊണ്ടുപോ
ന സവിധ മുപഗമ്യയോജിപ്പിച്ചു
ശേഷ മദ്ദൈവതീത്തീടുവൻ"
തവചനമിതി കേട്ടുവൈദേഹിയും
പ്രസാദിച്ചു പാത്തുചൊല്ലീടിനാൾ—
ന തവ കരുത്തുമളവില്ലൊരു ബന്ധമെ-
നി വന്നിതു വിശ്വാസമദ്യമേ
രിതനതിബല മൊടാശ്ശുദിവ്യാസ്ത്രേണ
ണബന്ധനാദ്ദൈ്യ രപിസാഗരം
കുലബലേന കടന്നു ജഗത്ത്രയ-
കനെക്കൊന്നുകൊണ്ടു പോകാത്തുമാം
വൊടൊരു നിശിരഹസികൊണ്ടുപോയാലതു
ൽപ്രാണനാഥ കീത്തിയ്ക്കുപോരാദ്ദൃഢം
ലൃകുല ജവരനിവിടെ വന്നു യുദ്ധം ചെയ്തു
വണനെക്കൊന്നുകൊണ്ടു പൊയ്ക്കൊള്ളുവാൻ
രതിരഭസമയിതനയ! വേലചെയ്തീടുനീ-
മത്ര നാളും ധരിച്ചീടുവൻ ജീവനെ"

ഇതിസ്സന്ദേശമവനോടരുൾ ചെയ്തയച്ചീടിനാ-
ളിന്ദിരാദേവിയും പിന്നെ വാതാത്മജൻ
തൊഴുതഖില ജനനിയോടു യാത്രവഴങ്ങിച്ചു
തൂർണ്ണം മഹാർണ്ണവം കണ്ടു ചാടീടിനാൻ
ത്രിഭുവനവുമലയെ മുഹുരെന്നലറീടിനാൻ
തീവ്രനാദം കേട്ടു വാനരസംഘവും

## ൯. മുദ്രലംഘനവും കപികളുടെ വരവും

കരുതുവനിതൊരു നിനദ മാശുകേൾക്കായതും
കാര്യമാഹന്ത! സാധിച്ചു വരുന്നിതു
പവന സുതനതിനു നഹിസംശയം മാ
പാർത്തുകാൺകൊച്ച കേട്ടാലറിയാമതും
കപിനിവഹമിതിബഹുവിധം പറഞ്ഞവൻ
കാണായി തദ്രിശിരസി വാതാത്മജം;
"കപിനിവഹ വീരരേ! കണ്ടിതു സീതു
കാകുൽസ്ഥ വീരനനുഗ്രഹത്താലഹം ;
നിശിചരവരാലയമാകിയ ലങ്കയും
നിശ്ശേഷമുദ്യാനവും ദഹിപ്പിച്ചിതു-
വിബുധകുല വൈരിയാകും ദശഗ്രീവ
വിസ്മയ മാമ്മാറുകണ്ടു പറഞ്ഞിതു
ഝടിതി ദശരഥ സുതനൊടിക്കഥ ചൊ ർ
ജാംബവദാദികളെ! നടന്നീടുവിൻ"
അതുപൊഴുതു പവനതനയനെയുമവരാദര
ച്ചാലിംഗ്യഗാഢമാ പുംബ്യബാലാഞ്ചലം
കുതുകമൊടു കപിനിചയ മനിലജനെ മു
ക്കൂട്ടമിട്ടാർത്തുവിളിച്ചുപോയീടിനാർ
പ്ലവഗകുല പരിവൃഢരു മുഴറിനടകൊണ്ടുപേ
പ്രസ്രവണാചലം കണ്ടുമേവീടിനാർ

കുസുമദല ഫലമധുലതാതരുപൂർണ്ണമാം
ഗുല്മസമാവൃതം സുഗ്രീവപാലിതം
ക്ഷുധിതപരിപീഡിതരായകപികുലം
ക്ഷുദപിനാശാർത്ഥമമാത്ത്യാപറഞ്ഞീടിനാർ
ഫലനികര സഹിതമിഹ മധുരമധ്യപൂരവും
ഭക്ഷിച്ചുദാഹവും തീർത്തു നാമൊക്കവേ
തരണിസുതസവിധ മുപഗമ്യവൃത്താന്തങ്ങൾ
താമസം കൈവിട്ടുണർത്തിക്കസാദരം
അതിനനുവദിച്ചരുളേണമെന്നാശപൂ-
ണ്ടംഗദനോടപേക്ഷിച്ചോരനന്തരം
അതിനവനു മവരൊട്ടുടനാജ്ഞയെചെയ്തയാ-
ല[illegible]വനം പുക്കിതെല്ലാവരും.
പ[illegible]ാടതിമധുര മധുപാനവും ചെയ്തവർ
പക[illegible]ലങ്ങൾ ഭക്ഷിക്കും ദശാന്തരേ
ദധി[illegible]നിശമതു പാലനം ചെയ്‌വിതു
ദാന[illegible] സുഗ്രീവസ്യശാസനാൽ
ദധ[illegible] കങ്കരജനമൊട്ടനിയത മതുകാക്കുന്ന
ദണ്ഡ[illegible]രരുളുതതടുക്കയാൽ
പവ[illegible]മുഖ കപികൾ മുഷ്ടിപ്രഹാരേണ
പാ[illegible]ദയപ്പെട്ടവരുമതിദ്രുതം
തപ[illegible] ദധിമുഖനു മാശുസുഗ്രീവനെ-
ത്തുർ[illegible]പാക്യവൃത്താന്തങ്ങൾ ചൊല്ലിനാൻ
"തവ[illegible]വനത്തിനു ഭംഗംവരുത്തിയാർ
താര[illegible]നാദികളായ കപിബലം
സുഖ[illegible] മതു തവകരുണയാ പരിപാലിച്ച
സു[illegible]രമാധിപത്യേനവാണേനഹം.
വ[illegible]ഹന സുതതനയനാദികളൊക്കവേ
വ[illegible]ൽ ഭൃത്യജനത്തെയും വെന്നുടൻ
മധു[illegible]നവുമിതുപൊഴുതഴിച്ചതെ"ന്നിങ്ങനെ.
മാതു[illegible]വാക്യ മാകർണ്ണ്യസുഗ്രീവനും

നിജമനസി മുഹുരപി വളൎന്നസന്തോഷേണ
നിൎമ്മലാത്മാരാമനോടു ചൊല്ലീടിനാൻ
“പവനതനയാദികൾ കാൎയ്യവും സാധിച്ചു
പാരംതെളിഞ്ഞു വരുന്നിതു നിൎണ്ണയം
മധുവനമതല്ലയെന്നാകിലെന്നൊബ്രഹ്മ-
മാനിയാതെ ചെന്നുകാണ്മയില്ലാരുമേ
അവരെ വിരവൊടു വരുവതിന്നു ചൊല്ലുകചെ-
ന്നാത്മനി ഖേദിക്കവേണ്ടാ വൃഥാഭവാൻ”
അവനതുകേട്ടുഴറിച്ചെന്നു ചൊല്ലിനാ-
നഞ്ജനാ പുത്രാദികളൊടു സാദരം
അനില തനയാംഗദജാംബവദാദികള-
ളഞ്ജസാ സുഗ്രീവഭാഷിതം കേൾക്കയാൽ
പുനരവരു മതുപൊഴുതു വാച്ചസന്തോഷേ[illegible]
പൂൎണ്ണവേഗം നടന്നാശു ചെന്നീടിനാർ
പുകൾ പെരിയ പുരുഷമണി രാമൻ [illegible]
പുണ്യപുരുഷൻ പുരുഷോത്തമൻ പര[illegible]
പുരമഥന ഹൃദിമരുവു മഖിലജഗദീശ്[illegible]
പുഷ്കരനേത്രൻ പുരന്ദരസേവിതൻ
ഭുജഗപതി ശയനനമലൻ ത്രിജഗല്പരി-
പൂൎണ്ണൻ പുരുഹൂതസോദരൻ മാധവൻ
ഭുജഗനിവഹാശനവാഹനൻ കേശവൻ
പുഷ്കരപുത്രീ രമണൻ പുരാതനൻ
ഭുജഗകുല ഭൂഷണാരാധിതാംഘ്രിദ്വയൻ
പുഷ്കരസംഭവപൂജിതൻ നിൎഗ്ഗുണൻ
ഭുവനപതി മഖപതിസതാംപതി മല്പതി
പുഷ്കരബാന്ധവപുത്രപ്രിയസഖി
ഭുജബലവതാം വരൻ പുണ്യജനാന്തകൻ
ഭൂപതിനന്ദനൻ ഭൂമിജാവല്ലഭൻ
ഭുവനതലപാലകൻ ഭൂതപഞ്ചാത്മകൻ
ഭൂരിഭൂതിപ്രദൻ പുണ്യജനാൎച്ചിതൻ

ഭുജഭവകുലാധിപൻ പുണ്ഡരീകാനനൻ
പുഷ്പബാണോപമൻ ഭൂരികാരുണ്യവാൻ
ദിവസകരപുത്രനും സൌമിത്രിയും മുദാ
ദിഷ്ടപൂർണ്ണം ഭജിച്ചന്തികേ സന്തതം
വിപിനഭുവി സുഖതരമിരിക്കുന്നതു കണ്ടു
വീണു വണങ്ങിനാർ വായുപുത്രാദികൾ
പുനരഥ ഹരീശ്വരൻ തന്നെയും വന്ദിച്ചു
പൂർണ്ണമോദം പറഞ്ഞാനഞ്ജനാത്മജൻ:—
"കനിവിനൊടു കണ്ടേനഹം ദേവിയെത്തത്ര
കർബ്ബുരേന്ദ്രാലയേ സങ്കടമെന്നിയേ
കുശലവുമുടൻ വിചാരിച്ചിതു താവകം
കൂടെസ്സുമിത്രാ തനയനും സാദരം
ഥിലതര ചികുരമൊ ടശോക വനികയിൽ
ശപാ മൂലദേശേ വസിച്ചീടിനാൾ
റമൊടതി കൃശശരീരയായനഘ-
ാരീപരിവൃതയായ് ശുചാ
പെരുകിമുരുകി ബഹുബാഷ്പവും വാർത്തുവാ-
സ്സദാ രാമ രാമേതി മന്ത്രവും
രചി ജപിച്ചു ജപിച്ചു വിലാപിച്ചു
വംശാംഗി മേവുന്ന നേരത്തു ഞാൻതദാ
കൃശശരീരനായ് വൃക്ഷശാഖാന്തരേ
ദ്ദമുൾക്കൊണ്ടിരുന്നേനനാകുലം
ചരിത മമൃതസമമഖിലമറിയിച്ചഥ
ചിയോടും നിന്തിരുവടി തന്നൊടും
ചരുതുടജ ഭുവിരഹിതയായ് മരുവും വിധൌ
ചന്നു ദശാനനൻ കൊണ്ടങ്ങു പോയതും
സവിതൃസുതനൊടു ഝടിതി സഖ്യമുണ്ടായതും
സംക്രന്ദനാത്മജൻ തന്നെ വധിച്ചതും
ക്ഷിതിദുഹിതുരന്വേഷണാർത്ഥം കപീന്ദ്രനാൽ
ദിശൌഘമാശു നിയുക്തമായീടിനാൻ

അഹമവരിലൊരുവനിവിടേക്കു വന്നീടിനേൻ
അർണ്ണവം ചാടിക്കടന്നതി വിദ്രുതം
രവിതനയ സചിവനഹമാശുഗ നന്ദനൻ
രാമദൂതൻ ഹനുമാനെന്നു നാമവും
ഭവതിയെയുമിഹ ഝടിതികണ്ടു കൊണ്ടേനഹോ!
ഭാഗ്യമാഹന്ത ഭാഗ്യം! കൃതാർത്ഥോസ്മ്യഹം
ഫലിതമഖിലമ്മയാദ്യ പ്രയത്നം ഭൃശം
പത്മജാലോകനം പാപവിനാശനം
മമ വചനമിതി നിഖിലമാകർണ്ണ്യ ജാനകി
മന്ദമന്ദം വിചാരിച്ചിതു മാനസേ
"ശ്രവണയുഗളാമൃതം കേനമേശ്രാവിതം
ശ്രീമതാമഗ്രേസരനിവൻ നിർണ്ണയം
മമ നയനയുഗള പഥമായാതു പുണ്യവാൻ
മാനവവീരപ്രസാദേന ദൈവമേ!"
വചനമിതി മിഥിലതനയോദിതം കേട്ടഞാൻ
വാനരാകാരേണ സൂക്ഷ്മശരീരനായ്
വിനയമൊടു തൊഴുതടിയിൽ വീണു വണങ്ങ
വിസ്മയത്തോടു ചോദിച്ചിതു ദേവിയും
"അറിവതിനു പറക നീയാരെന്നതെന്നോടി
ത്യാദി വൃത്താന്തം വിചാരിച്ചനന്തരം
കഥിതമഖിലം മയാ ദേവവൃത്താന്തങ്ങൾ
കഞ്ജദലാക്ഷിയും വിശ്വസിച്ചീടിനാൾ
അതുപൊഴുതിലകതളിരിലഴൽ കളവതിനു
നംഗുലീയം കൊടുത്തീടിനേനാദരാൽ
കരതളിരിലതിനെ വിരവോടു വാങ്ങിത്തദാ
കണ്ണുനീർ കൊണ്ടു കഴുകിക്കളഞ്ഞുടൻ
ശിരസിദൃശി ഗളളവി മുലത്തടത്തിങ്കലും
ശീഘ്രമണച്ചു വിലാപിച്ചിതേററവും
"പവനസുത! കഥയമമ ദുഃഖമെല്ലാം ഭവാൻ
പത്മാക്ഷനോടു നീ കണ്ടിതല്ലോസഖേ!

നിശിചരികളനുദിനമുപദ്രവിക്കുന്നതും
നീയങ്ങു ചെന്നു ചൊൽകെന്നു" ചൊല്ലീടിനാം
തവ ചരിതമഖിലമലിവോടുണർത്തിച്ചു ഞാൻ
തമ്പിയോടും കപിസേനയോടും ദ്രുതം
വയമവനിപതിയെ വിരവോടു കൂട്ടിക്കൊണ്ടു
വന്നു ദശാസ്യ കുലവും മുടിച്ചുടൻ
സകുതുകമയോദ്ധ്യാ പുരിയ്ക്കാശുകൊണ്ടു പോം
സന്താപമുള്ളിലുണ്ടാകരുതേതുമേ
ദശരഥസുതനു വിശ്വാസാർത്ഥമായിനി-
ദ്ദേഹിമേ ദേവി ചിഹ്നം ധന്യമാദരാൽ
പുനരൊരടയാള വാക്കും പറഞ്ഞീടുക
പുണ്യപുരുഷനു വിശ്വാസ സിദ്ധയേ
അതുമവനിസുതയൊടഹമിങ്ങനെ ചൊന്നള-
[illegible]ശു ചൂഡാരത്നമാദരാൽ നൽകിനാം
[illegible]മുഖി കനിവിനൊടു ചിത്രകൂടാചലേ
[illegible]നമായ് വസിക്കുന്നാളൊരു ദിനം
[illegible]നരനഖരനികരേണ പീഡിച്ചൊരു
[illegible]വൃത്താന്തവും ചൊൽകെന്നു ചൊല്ലിനാം
[illegible]ചാപലതരമിവകരഞ്ഞും പറഞ്ഞുമും-
[illegible]പം കലന്നു മരുവും ദശാന്തരേ
[illegible]ളവിധവചോ വിഭാവേന ദുഃഖം തീർത്തു
[illegible]ബാധരിയേയുമാശ്വസിപ്പിച്ചു ഞാൻ
[illegible]യുമുടനഴകൊടു വഴങ്ങിച്ചു പോന്നിതു
[illegible]ഗേന പിന്നെ മറെറാന്നു ചെയ്യേനഹം
[illegible]ഖിലനിശിചര കുലപതിയ്ക്കഭീഷ്ടാസ്പദം
ആരാമമൊക്കെത്തകർത്തനതിന്നുടൻ
പരിഭവമൊടടൽകരുതി വന്ന നിശാചര-
പാപികളെക്കൊലചെയ്തേനസംഖ്യകം
ദശവദനസുതനെ മൂഢരക്ഷകുമാരനെ
ദണ്ഡധരാലയത്തിന്നയച്ചീടിനേൻ

അഥ ദശമുഖാത്മജ ബ്രഹ്മാസ്ത്രബദ്ധനാ-
യാശരാധീശനെക്കണ്ടു പറഞ്ഞുഞാൻ
ലഘുതരമശേഷം ദഹിപ്പിച്ചിതുബല
ലങ്കാപുരം പിന്നെയും ദേവിതൻ പദം 72
വിഗതഭയമടിയിണ വണങ്ങി വാങ്ങിപ്പോന്നു
വീണ്ടും സമുദ്രവും ചാടിക്കടന്നു ഞാൻ
തവചരണ നളിന മധുനൈവ വന്ദിച്ചിതു
ദാസൻ ദയാനിധേ! പാഹിമാം പാഹിമാം."
ഇതിപവനസുത വചനമാഹന്ത! കേട്ടള-
വിന്ദിരാകാന്തനും പ്രീതി പൂണ്ടീടിനാൻ
സുരജനസുദുഷ്ക്കരം കാര്യം കൃതംത്വയാ
സുഗ്രീവനും പ്രസാദിച്ചിതു കേവലം
"സദയമുപകാരമിച്ചെയ്തതിന്നാദരാൽ
സർവ്വസ്വവും മമ തന്നേൻ നിനക്കു ഞാൻ 73
പ്രണയമനസ്സാഭവാനാൽ കൃതമായതിൻ
പ്രത്യുപകാരം ജഗത്തിങ്കലില്ലെടോ!
പുനരപിരമാവരൻ മാരുതപുത്രനേ
പൂർണ്ണമോദം പുണർന്നീടിനാനാദരാൽ
ഉരസിമുഹുരപി മുഹുരണച്ചു പുൽകീടിനാ-
നോക്കെടോ മാരുതപുത്ര ഭാഗ്യോദയം!
ഭുവനതലമതിലൊരുവനിങ്ങനെയില്ലഹോ
പൂർണ്ണപുണ്യൗഘ സൌഭാഗ്യമുണ്ടായെടോ
പരമശിവനിതി രഘുകുലാധിപൻ തന്നുടെ
പാവനയായ കഥയരുൾ ചെയ്തിതു
ഭഗവതി ഭവാനി പരമേശ്വരി കേട്ടു
ഭക്തിപരവശയായ് വണങ്ങീടിനാൾ
കിളിമകളുമതി സരസമിങ്ങിനെ ചൊന്നതു
കേട്ടു മഹാലോകരും തെളിയേണമേ.

---

# സുന്ദരകാണ്ഡം.

## വ്യാഖ്യാനം.

L. L. 1—10 സകലശുകകുലവിമലതിലകിതകളേബരാ= എല്ലാ പക്ഷിവൎഗ്ഗങ്ങളിലും വെച്ചു നിൎമ്മലവും, ശ്രേഷ്ഠവും ആയ ദേഹത്തോടു കൂടിയവൾ. (ഇതിന്റെ സംബോധനാരൂപം=സകല....ളേബരേ!—അല്ലയോ തത്തേ! എന്നു ഭാവം ) തിലകിതം തിലകം (പൊട്ടു്) ആയിത്തീരത്തക്കതു=(ശ്രേഷ്ഠം). സാരസ്യ....സ്വമേ!= രസപ്രദമായ അമൃതപ്രവാഹം തന്നെയായുള്ളവളേ! (സംബോധന) കഥയ=പറഞ്ഞാലും. മമ=എന്നോടായിട്ടു്. കാകുൽസ്ഥലീലാ= ശ്രീരാമലീല. (കാകുൽസ്ഥൻ=സൂൎയ്യകുലത്തിൽപെട്ട പുരഞ്ജയൻ എന്ന പ്രസിദ്ധരാജാവു്. വൃഷഭാകൃതി കൈക്കൊണ്ട ദേവേന്ദ്രന്റെ പുറത്തു കയറിയിരുന്നുകൊണ്ടു് ഇദ്ദേഹം യുദ്ധം ചെയ്തു് അസുരന്മാരെ തോല്പിച്ചു. അതിൽപിന്നെയാണു കകുൽസ്ഥൻ എന്ന പേരുണ്ടായതു്. കകുദ്=കാളയുടെ പുറത്തേപ്പൂണ്ടു് (ഉപ്പൂണി) അതിന്മേലിരുന്നവൻ എന്നു കകുൽസ്ഥപദത്തിന്റെ ആഗമികാൎത്ഥം. കകുൽസ്ഥനേസംബന്ധിച്ച (കാകുൽസ്ഥ) വംശത്തിലെ ശ്രേഷ്ഠൻ ശ്രീരാമൻ (അതിനാൽ ശ്രീരാമനെ കാകുൽസ്ഥൻ എന്നു പറയുന്നു) രഘുകുലാധിപൻ (ന്റെ) കീൎത്തി=ശ്രീരാമന്റെ കീൎത്തി (രഘുവംശത്തിലാണല്ലൊ രാമന്റെ ജനനം.) ഹിമ....സുതാ=ഹിമശിഖരിയുടെ സുത. (പാൎവ്വതി) ഹിമശിഖരി(ഹിമവാൻ.) ഗംഗാധരൻ=ശിവൻ (ഗംഗാദേവിയെ ശിരസ്സിൽ ധരിച്ചിരിക്കയാൽ.) പരിവൃഢൻ=ശ്രേഷ്ഠൻ മന....ഢൻ=(ഇവിടെ) ശ്രീരാമൻ. ജനകൻ=അച്ഛൻ. (ഹനുമാന്റെ ജനകൻ വായു) വായുവേഗത്തിൽ എന്നു താൽപൎയ്യം. അതിചപലം=ഇളകിക്കൊണ്ടു്-അംബരം=ആകാശം. ആശരേശന്റെ ആലയത്തിൽ (ലങ്കയിൽ) ആശരൻ=രാക്ഷസൻ. അജതനയതനയൻ=രാമൻ. (അജൻ, രഘുകുലത്തിലെ മറ്റൊരു പ്രസിദ്ധനായ രാജാവു്. അദ്ദേഹത്തിന്റെ പുത്രൻ, ദശരഥൻ-ദശരഥന്റെ പുത്രൻ—ശ്രീരാമൻ) രാമബാണം പോലെ അതിവേഗത്തിൽ ഞാൻ പോകുമെന്നു ഭാവാൎത്ഥം. അദ്യ+ഏവ—

(ഇപ്പോൾതന്നെ) പശ്യാമി; അഹം—ഞാൻ കാണ്മാൻ പോകുന്നു നിശ്ചയം!

L. L. 11—20. കൃതാർത്ഥഃ+അസ്മി+അഹം=ഞാൻ കൃതാർത്ഥൻതന്നെയാകുന്നു. പ്രണത....നാമകം=നമിക്കുന്ന ബഹുജനങ്ങളുടെ ജനനമരണ (ദുഃഖ)ത്തെയില്ലാതാക്കുന്ന പേരോടുകൂടിയവനെ. (ശ്രീരാമനെ.) ജനിമരണജലനിധി=സംസാരസമുദ്രം. കിം പുനഃ=എന്തുപിന്നെ; തസ്യ, ദൂതഃ, അസ്മി, അഹം=ഞാൻ അപ്രകാരമുള്ള രാമന്റെ ദൂതനാകുന്നു. രഘുപതിഃ+അനാരതം=രാമൻ എല്ലായ്പോഴും. തരിതും=കടക്കുവാൻ; കീശപ്രവരരേ!=വാനരശ്രേഷ്ഠന്മാരെ! ഗളതലം=കണ്ഠപ്രദേശം. ആകുഞ്ചിതാംഘ്രി=കാൽ വളച്ചു കുത്തിക്കൊണ്ട്. ആലോക്യ=നോക്കിക്കൊണ്ടു. പതഗപതി=ഗരുഡൻ. ഇവ=പോലെ. പവനസുതൻ=വായുപുത്രനായ ഹനുമാൻ. വിഹായസാ=ആകാശത്തിൽകൂടെ. ഭാനുബിംബത്തിന്റെ (സൂര്യന്റെ) ആഭയാ (ശോഭയോടുകൂടുംവണ്ണം.) അമരസമുദയം=ദേവസമൂഹം. അനിലതനയൻ=വായുപുത്രനായഹനുമാൻ.

L. L. 21—30 അനിലജന്റെ (ഹനുമാന്റെ) മതിയും (ബുദ്ധിയും) ബലങ്ങളും എന്തുമാത്രമെന്നറിയുവാൻ ഗഗനപഥി=ആകാശവിഥിയിൽ. അദ്യ (ഇപ്പോൾ) ത്വയാ (നിന്നിമിത്തം) ഇഹ (ഇവിടെ—ഈയെനിക്കു) വിധിവിഹിതം (ഈശ്വരൻ വിധിച്ചതായ) അശനം (ഭക്ഷണം) ഉണ്ടാകാൻ പോകുന്നു നൂനം=നിശ്ചയംതന്നെ.) കുഹരം=ഗുഹ. അതനു=ആകൃതിവലിപ്പമുള്ള. അമരഗുരു=ശ്രീരാമൻ—അദ്യവാശ്വഃ+വാ=ഇന്നുതന്നെയൊ പക്ഷേ നാളെയൊ.

L. L. 31—40. ജനകനരപതിയുടെ ദുഹിതാവിന്റെ (സീതയുടെ) അഖിലം (എല്ലാ) ചരിതം (സംഗതികളേയും.) അപഗതഭയാകുലം=ഭയമോ മടിയോ കൂടാതെ. അനൃതം=കളവ്. ദേഹി=തന്നാലും— ഇതി=(ഇപ്പറഞ്ഞതു) തവ മനസി (അവിടുത്തെ മനസ്സിൽ) സുദൃഢം (നിശ്ചയിച്ചുറച്ചിട്ടുള്ളതുതന്നെ) യദി എങ്കിൽ ആശുഗൻ=വായു. വിവരം=വിസ്താരം (വലിപ്പം.)

L. L. 41—50. അലം അലം ഇതു്=ഞാൻ പരികു... മതി. (അലം=മതി) അയം (ഇവൻ) അമലനാകുന്നു (മാലി...മി

ല്ലാത്ത ദിവ്യൻ) അംഗുഷ്ഠം=തള്ളവിരൽ. ലാഘുതരം=നിഷ്പ്രയാസം. സുരസുഖപരേ!=ദേവന്മാരുടെ സുഖത്തിൽ താൽപര്യമുള്ളവളേ! ഭുജംഗം=സർപ്പം. ശരണ്യാ=രക്ഷിക്കാൻ ത്രാണിയുള്ളവാം. പേർത്തും=ആലോചിച്ചും. ആദിതേയന്മാർ=ദേവന്മാർ. നിർജ്ജരർ=ദേവന്മാർ.

L. L. 51—60. പാരാവാരം=സമുദ്രം. അചലവരൻ=പർവതശ്രേഷ്ഠൻ (മൈനാകം)—(പണ്ട പർവ്വതങ്ങൾക്ക ചിറക് ഉണ്ടായിരുന്നുവെന്നും, അവ പറന്നുവീണു ലോകോപദ്രവം ചെയ്തപ്പോൾ ദേവേന്ദ്രൻ തന്റെ വജ്രായുധംകൊണ്ട പർവതങ്ങളുടെ ചിറക മുറിച്ചുകളഞ്ഞുവെന്നും, ആക്കൂട്ടത്തിൽപെടാതെ സമുദ്രത്തെ അഭയം പ്രാപിച്ച പർവതമാണു മൈനാകമെന്നും പുരാണകഥ. ഈ മൈനാകം, ഹിമവാൻ എന്ന പർവതത്തിന്റെ പുത്രനും ആകുന്നു.) സമുദ്രത്തിനു സാഗരം എന്ന പേരു കിട്ടിയതു, സൂര്യവംശത്തിൽപെട്ട 'സഗരൻ' എന്ന രാജാവിന്റെ പുത്രന്മാർ പാതാളത്തിലേക്ക പോവാനുള്ള വഴിയുണ്ടാക്കുന്നതിനായിക്കുഴിച്ച കുഴിയിൽ ജലം വ്യാപിച്ചു സമുദ്രമുണ്ടാകാനിടയായതിനാലാണു. അവർ അപ്രകാരം പാതാളത്തിലേക്ക വഴിയുണ്ടാക്കാൻ കാരണം, അശ്വമേധം കഴിക്കുന്നതിനായി സഗരൻ നിശ്ചയിച്ചിരുന്ന കുതിരയെ എങ്ങും കാണ്മാനില്ലാതായപ്പോൾ അതിനെ അന്വേഷിച്ചു പാതാളത്തിൽ ചെന്നു നോക്കാനായിട്ടായിരുന്നു. പാതാളത്തിൽ അവർ ചെന്നു നോക്കിയപ്പോൾ, കപിലമുനി ഒരു ദിക്കിലിരുന്നു തപസ്സു ചെയ്യുന്നതായിട്ടും, അദ്ദേഹത്തിന്റെ മുൻവശത്തു ഈ കുതിര നിന്നു പുല്ലുതിന്നുന്നതായും കണ്ടു. കപിലനാണു കുതിരയെ മോഷ്ടിച്ചുകൊണ്ടുപോന്നതു എന്നു കരുതി, സഗരന്മാർ മുനിയെ ഉപദ്രവിക്കാൻ ഭാവിച്ചപ്പോൾ അദ്ദേഹത്തിന്റെ കോപാഗ്നിയിൽ ഇവർ ദഹിച്ചുപോയി. അതിൽപിന്നെ ഈ വംശത്തിൽപെട്ട ഭഗീരഥൻ എന്ന രാജാവു തപസ്സുചെയ്തു ഗംഗയേ സ്വർഗ്ഗലോകത്തുനിന്നും വരുത്തിയ സന്ദർഭത്തിൽ സാഗരന്മാർ കുഴിച്ചിരുന്ന കുഴിയിൽ ജലനിപാതമുണ്ടായി സമുദ്രമായിത്തീർന്നുവെന്നാണു പുരാണകഥ. തദഭിജനഭവൻ=ആ വംശത്തിൽ (സൂര്യവംശത്തിൽ) ഭവൻ (ഉണ്ടായവൻ) രാമൻ. തസ്യ=അദ്ദേഹത്തിന്റെ (രാമന്റെ) പത്തനം=താവളസ്ഥലം സാദം=ക്ഷീണം. പാക്കരുതു=അമാമാക്കരുതു.

ഗം

L. L. 61—70. പുണ്യജനേന്ദ്രപുരം (രാക്ഷസേന്ദ്രപുരി–ലങ്ക) (പുണ്യജനം എന്നു രാക്ഷസന്മാൎക്കു പേരുണ്ടു) ഛായാഗ്രഹിണി=ഛായയെ (നിഴലിനെ) ഗ്രഹിക്കുന്നവൾ (പിടിച്ചു് ജീവികളെ താഴത്തിട്ടു കൊല്ലുന്നവൾ) സരിദധിപന്റെ (സമുദ്രത്തിന്റെ) ഉപരി(മുകളിൽക്കൂടി) അന്തരാ=ഇതിനിടയിൽ. അംഘ്രിപാതം=കാലുകൊണ്ടുള്ളതൊഴി.

L.L. 71—80. ചരമ....രസി=അസ്തമയപർവ്വതത്തിന്റെ മുകളിൽ (സൂര്യൻ അസ്തമനപർവ്വത്തിലെത്തിയതോടുകൂടി ഹനുമാനും ലങ്കയിൽ എത്തി എന്നു പറഞ്ഞിരിക്കുന്നതിനാൽ സഹോക്തിയെന്ന അലങ്കാരം). വിടപി=വൃക്ഷം. വല്ലി=ലത. ആവൃതം=ചുററപ്പെട്ടതു്. അമരപുരസദൃശം=ദേവലോകത്തിനു തുല്യം. കമലമകളുടെ (സീതാദേവിയുടെ) ചരിതം. നിശി=രാത്രിയിൽ. തമസി=ഇരുട്ടത്തു. നിജമനസി=തന്റെമനസ്സിൽ. നിൎജ്ജരവൈരി=ദേവന്മാൎക്കുശത്രു (രാവണൻ).

L. L. 81—90. ചപലം=ഉത്സാഹംകൊണ്ടുള്ള ഇളക്കത്തോടുകൂടി അചലം=നല്ലഉറപ്പുള്ള. പ്രാകാരം=കോട്ട. ആകാരംസചിന്തമായ ആകൃതി. കോട്ടമുറിക്ക=കോട്ടയ്ക്കുള്ളിൽകടക്കുക. അവനിമകളുടെ (സീതയുടെ) അടിമലർ. അഞ്ജനാനന്ദനൻ=ഹനുമാൻ (കേസരിയെന്ന വാനരരാജാവിന്റെ പത്നിയായ അഞ്ജനയിൽ വായുവിനാൽ ഉദ്വാഹിക്കപ്പെട്ട ശിവബീജം കൊണ്ടുണ്ടായ സന്താനമാണു ഹനുമാൻ) അഞ്ജസാ=പെട്ടെന്നു. ലങ്കാശ്രീ=ലങ്കാപുരി കാക്കുന്നലക്ഷ്മി. അസുര...ഗാദിജന്തുക്കൾ=അസുരന്മാരോ സുരന്മാരോ (ദേവന്മാരോ) നരന്മാരോ (മനുഷ്യരോ) പശുക്കളോ (ക്രൂര) മൃഗങ്ങളോ തുടങ്ങിയുള്ള യാതൊരു ജന്തുവും രഘു....ഹാരേണ=രഘുകുലവരന്റെ (രാമന്റെ) സചിവനായഹനുമാന്റെ വാമമുഷ്ടി (ഇടത്തെക്കൈകൊണ്ടുള്ള) പ്രഹാരേണ (അടികൊണ്ടു്) വമിച്ചു=ഛർദ്ദിച്ചു. പുരാ+ഏവ (പണ്ടേതന്നെ).

L. L. 91—100. അഷ്ടവിംശതിപര്യയെ=ഇരുപത്തിയെട്ടാമത്തെ ചതുർയ്യുഗത്തിൽ. ത്രേതാ=മൂന്നാമത്തെയുഗം (കൃതം–ത്രേതാ–ദ്വാപരം. കലി ഇങ്ങനെ യുഗങ്ങൾ നാലു്) സഭ്രാ....ര്യൻ=ഭ്രാ[illegible]വായ ലക്ഷ്മണനോടും ഭാൎയ്യയായ സീതയോടും കൂടിയവ[illegible]

അരുണജനം=സൂർയ്യപുത്രനായ സുഗ്രീവനു. സാചിവ്യം=മന്ത്രിസ്ഥാനം. കാതര=ദുഃഖിത. അനുജ്ഞ=അനുമതി.

L. L. 101—110. ഗതകപടം=കപടരഹിതം. രഘു.... കൊൾക നീ=രഘുപതിയോടുകൂടി ഇനി, ഒരു ഇടർ (തടസ്സം കൊണ്ടുള്ള ദുഃഖം) ഒഴികെ (കൂടാതെ) നടകൊൾക. (ഇനി നിനക്കും രാമനും ലങ്കയിൽ തടസ്സം കൂടാതെ പ്രവേശിക്കാമെന്നു താൽപര്യം) ലങ്ക, നിന്നാൽ ജിതയായ് (ജയിക്കപ്പെട്ട്) നീ ഇതാ ലങ്കയെ ജയിച്ചിരിക്കുന്നു. ലങ്ക, സംസ്കൃതത്തിൽ സ്ത്രീലിംഗപദമാകയാൽ വിശേഷണമായ 'ജിത'യും അതേ ലിംഗത്തിൽ സംസ്കൃതാന്വയരീതിയനുസരിച്ചു പ്രയോഗിച്ചിരിക്കുന്നു. ഇപ്പോഴത്തേ ഭാഷയിൽ, ലങ്ക നിന്നാൽ ജിതമായി എന്നു പറഞ്ഞാൽ മതിയാകും) ഭഗവദനുചര! (ഭഗവാൻെറ ഭൃത്യനായുള്ളോവേ!) ഭവാനു് ഇനി ഭാഗ്യം ഭവതു (ഭവിക്കട്ടെ) ത്രിദശ....വരെ=ത്രിദശകുലരിപു (ദേവശത്രു) ആയ ദശമുഖൻെറ (രാവണൻെറ) അന്തഃപ്പുരവരത്തിൽ=ശ്രേഷ്ഠമായ അന്തഃപ്പുരത്തിൽ. (തൃതീയമായ ദശയൌവനം, അതിൽ തന്നെ എപ്പോഴും കഴിഞ്ഞുകൂടുന്നവരാകയാൽ ദേവന്മാർ എന്നു ത്രിദശപദത്തിനു അർത്ഥസിദ്ധി.) വിടപം=ശാഖ. വിടപി=(ശാഖകളോടുകൂടിയതു.) വൃക്ഷം. ശുചാ=ദുഃഖത്തോടുകൂടി. നിശിചരികളുടെ നടുവിൽ. അവളുടെ ചരിതം. (ഈ രണ്ടു ദിക്കിലും സംബന്ധികാതൽപുരുഷസമാസം. അംബരാന്തേ=ആകാശത്തുകൂടി. മാം (എന്നെ) പാതു (രക്ഷിക്കട്ടെ) സ്വസ്തി;തേ,അസ്തു=നന്മ,അങ്ങേയ്ക്കു ഭവിക്കട്ടെ. അത്യുത്തമമോത്തംസമേ!=അത്യുത്തമന്മാർക്കുശിരോഭൂഷണമായുള്ളോവേ!

L. L. 111—120. ലഘുവായും (ഹൃദയംതുറന്നും) മധുരമായും ഉള്ള വാക്കു. മലർമങ്ക=(ഇവിടെ ലങ്കാലക്ഷ്മി. ത്രികൂടാചലം എന്ന പർവതത്തിന്മേലാണു രാവണപുരിയായ ലങ്കയുടെ സ്ഥാനം. പവനാത്മജന്മനാ, അബ്ധൗ, ഉല്ലംഘിതേ—എന്നാണു ഇവിടത്തേ അന്വയം. പവനാത്മജന്മാവിനാൽ (ഹനുമാനാൽ) അബ്ധി (സമുദ്രം) ഉല്ലംഘിതം (ചാടിക്കടക്കപ്പെട്ടതു്) ആയപ്പോൾ എന്നു സംസ്കൃതശൈലിപ്രകാരമുള്ള വിഷയസപ്തമീപ്രയോഗം. ഹനുമാൻ സമുദ്രം കടന്നുകൂടിയപ്പോൾ എന്നു ഭാഷയിലർത്ഥം. 'വാമഭാഗംവിറയ്ക്കു' എന്നാ ഏകധർമ്മത്തെ സീതയും രാവണനും എന്നാ

രണ്ടു സാധനങ്ങളോടു യോജിപ്പിച്ചിരിക്കയാൽ ദീപകാലങ്കാരം. ജന....വരൻ=ജനകനരപതിയുടെ ദുഹിതാവിൻെറ (സീതയുടെ) വരന (ഭർത്താവിന്റെ) ശ്രീരാമന്റെ. ദക്ഷാംഗം=വലത്തുഭാഗം. (പുരുഷന്മാക്കു വലത്തും സ്ത്രീകൾക്കു ഇടത്തും വശങ്ങളിൽ തുടിപ്പുണ്ടാകുന്നതു ശുഭലക്ഷണവും,മറിച്ചുള്ളതു അശുഭവും ആണെന്നാതു പഴയകാലം മുതൽക്കുള്ള ഭാരതീയ വിശ്വാസം) "ജാത....ദുഃഖവും" എന്ന സാമാന്യകഥനം, രാവണൻെറ ഭാവി ദുഃഖമാകുന്ന വിശേഷകഥനത്തെ സൂചിപ്പിക്കുന്നതാകയാൽ ഇവിടെ അലങ്കാരം അപ്രസ്തുതപ്രശംസയാകുന്നു. ഈ വിശേഷകഥനത്തെ ഉപമേയവാക്യരൂപത്തിൽ സമർത്ഥിച്ചിട്ടില്ലാത്തതിനാൽ ഇവിടെ അർത്ഥാന്തരന്യാസമെന്നു പറയാൻ ന്യായം കാണുന്നില്ല. ഉദിതരവി=ഉദിച്ചിരിക്കുന്ന സൂര്യൻ. കിരണം=രശ്മി. രുചി=ശോഭ. നികരം=കൂട്ടം. അസുരപുരി=ലങ്കാലക്ഷ്മി.

L. L. 121—130. സഹ....ങ്ങളും=സഹജന്മാരുടേയും (രാവണൻെറ ഭ്രാതാക്കളുടേയും) സുതന്മാരുടെയും (മക്കളുടേയും) സചിവന്മാരുടേയും (മന്ത്രികളുടേയും) ബലപതികളുടേയും (സേനാധിപന്മാരുടേയും) ഭവനങ്ങളും. സൌ....താക=കോട്ടക്കൊടിമരങ്ങളിലെ സ്വർണ്ണനിറത്തിലുള്ള കൊടിക്കൂറകൾ. ലങ്കാപുരിയുടെ ശോഭകാണുമ്പോൾ ദിക്ക്പാലന്മാരുടെ മന്ദിരം സാരമില്ലാതെ വരുന്നു എന്നിടത്തു അതിശയോക്തി. (ഇന്ദ്രൻ-വഹ്നി പിതൃപതി. നിരൃതി-വരുണൻ-വായു-കുബേരൻ-ഈശൻ എന്നു എട്ടു ദിക്ക്പാലന്മാർ) കുസുമചയത്തിനുള്ളസുരഭി=പുഷ്പങ്ങളുടെ സൌരഭ്യം. ആശുഗൻ=വായു. രാമ+ഇതി=രാമേതി (രാമ രാമ എന്നു ജപിച്ചുകൊണ്ടിരിക്ക) നിശിചരികളുടെ നടുവിൽ.

L. L. 131—140. വിട....ഗ്ഗതൻ=വലിയ വൃക്ഷത്തിൻെറ മുകളിൽ നിബിഡ (ഇടതിങ്ങിയ) ഛദങ്ങൾക്കു് (ഇലകൾക്കു) അന്തർഗ്ഗതൻ (ഉള്ളിൽ ഇരിക്കുന്നവൻ). ദിവസകരൻ=സൂര്യൻ. രഘുത്തമൻ(ൻെറ) കാര്യം. കിം ഇദം ഇതി= ഇതു് (ഈ കോലാഹലം) എന്തെന്നു. കിസലയ (തളിർ) ചയ (കൂട്ട)ത്തിൽ നിലീനൻ (മറഞ്ഞിരുന്നവൻ) കീടവദ്=പുഴുവിനെപ്പോലെ. ദേഹം (സ്വദേഹത്തെ) മറച്ചു്. വിബുധന്മാർ=ദേവന്മാർ (വിശേഷജ്ഞാനമുള്ളവരാകയാൽ).

L.L. 141—50 നിശിതതരങ്ങളായ (വളരെ മൂർച്ചയുള്ള) ശരങ്ങളാൽ ശകലിതാംഗനായ് (തകൎക്കപ്പെട്ടഅംഗങ്ങളോടു കൂടിയവനായ്.) കേവലേ=മോക്ഷഹേതുകമായ (പദാംബുജേ എന്നതിന്റെ വിശേഷണം) വരദൻ (വരത്തെ ദാനം ചെയ്യുന്നവൻ). അജൻ (ജനനമില്ലാത്തവൻ) വൈകുണ്ഠം=വികുണ്ഠമായ (കുണ്ഠത, ഒരിക്കലും ഉണ്ടാവാത്ത) വിഷ്ണുലോകം. അതിനുള്ള സമയം ഇദം (ഇതു്) ഇതി (എന്നു) ചഞ്ചലം=ഇളക്കം കമലജൻ=ബ്രഹ്മാവു് കാലസ്വരൂപൻ=സമയസ്വരൂപിയായ ഈശ്വരൻ. സ്വാത്മനാ=തന്റെ മനസ്സുകൊണ്ടു. രഘുജനനന്മാരിൽ (രഘുവിന്റെ വംശത്തിൽ പിറന്ന രാജാക്കന്മാരിൽ) വെച്ചു തിലകനായിട്ടുള്ള (ശ്രേഷ്ഠനായ) രാമന്റെ വചനേന (വാക്കു നിമിത്തം) കശ്ചിൽ=ഏതോ ഒരു.

L. L. 151—160. കൃത്സ്നം=മുഴവൻ പുരവരത്തേയും (പട്ടണത്തിലെങ്ങും) വാക്കുകൾ തന്നെയാകുന്ന അസ്ത്രങ്ങളാൽ (രൂപകാലങ്കാരം) പന്ഥാവു്=വഴി. പാക്കുക=അമാന്തിക്ക. സുരനിവഹത്തിന്റെ മത (അഭിപ്രായ)ബലം കൊണ്ടു്, യഥാർത്ഥമായ് ഭവിക്കാൻ പോകുന്ന സ്വപ്നം ചിലപ്പോൾ ചിലൎക്കു ഒക്കണം (ഉണ്ടായീ എന്നു വരാം) നിശ്ചിത്യ=നിശ്ചയിച്ചിട്ടു്. കനകമണിമയങ്ങളായ വലയങ്ങൾ (വളകൾ), കടകങ്ങൾ (മുട്ടുകൾ) അംഗദങ്ങൾ (തോൾവളകൾ) നൂപുരങ്ങൾ (കാൽ ചിലമ്പുകൾ) കാഞ്ചി (അരഞ്ഞാൺ)എന്നിവ (മുഖങ്ങളായ) തുടങ്ങിയുള്ള ആഭരണങ്ങളുടെ ആരവം (ശബ്ദം).

L. L. 161—170. പുരോഭവി=മുമ്പിൽ. ഉരസിജം=സ്തനം. ഉത്തമാംഗം=ശിരസ്സു്. വേപഥു=ഭയംകൊണ്ടുള്ള വിറയൽ. ദശവദനൻ (രാവണൻ) അയുഗശരന്റെ (കാമദേവന്റെ) ശരങ്ങൾ നിമിത്തമുള്ള പരവശതയോടു (സമമായ്) കൂടുംവണ്ണം. അയുഗം (ഒററ—ഇരട്ടയല്ലാത്ത) ശരങ്ങളുള്ളവൻ കാമദേവൻ—(കാമദേവന്റെ ശരങ്ങൾ അഞ്ചുതരം പുഷ്പങ്ങളാണു്. അരവിന്ദം, അശോകം, ചൂതം, മല്ലിക, നീലോല്പലം. ഇവയാണു ഈ അഞ്ചു ശരങ്ങൾ) പ്രസീദ=സന്തോഷിച്ചാലും. ലോകാധിപനും അസുരേശ്വരനും ആയ എന്നെ ആലോക്യ (കണ്ടിട്ടു്) ഇപ്രകാരം നീ തുടകളെ കൊണ്ടു മേനിമറച്ചു തലകുമ്പിട്ടിരിക്കുന്നതെന്തു?

L. L. 171—180. ചിലക്ക....ഴെടൊ=ശത്രുപക്ഷമായ് വ്യാഖ്യാനിക്കുമ്പോൾ (1) ഒളിച്ചു നടക്കുന്നവനാകയാൽ വീരന്മാരോട്ട രാമൻ നേരിടുകയില്ല. (2) (ഈശ്വരപക്ഷത്തിൽ) ജ്ഞാനികൾക്കേ അദ്ദേഹത്തിൻെറ സാക്ഷാദ്രൂപം പ്രത്യക്ഷപ്പെടുകയുള്ളു. ദശരഥതനയനാൽ ധരിക്ക നീ= 1) രാമനേ ധ്യാനിച്ചു കൊണ്ടിരുന്നാൽ ആ രാമന്ന് നിന്നെയിവിടെ വന്നു വീണ്ടു കൊണ്ടു പോകാൻ സാധിക്കയില്ല. 2) പരമാത്മാവായ രാമൻ മായയായ നിനക്കും അതീതനാണ്. ഒരുപൊഴ....തോമലേ=(1) രാമന്ന നിന്നിൽ ദൃഢപ്രേമമില്ല എന്തുകൊണ്ടെന്നാൽ നിൻെറ ഗുണങ്ങൾ അറിയത്തക്ക രസികബുദ്ധി പ്രാകൃതനായ രാമനിൽ ഇല്ലതന്നെ. (2) സത്വരജസ്തമോഗുണഭേദങ്ങളും തജ്ജന്യമായ അഭിലാഷങ്ങളും ഈശ്വരനായ രാമന്നുണ്ടാകയില്ലല്ലോ. ഇടയ്ക്കുള്ള പാദങ്ങളിലെ ഈശ്ഗശമായ അർത്ഥഭേദം സ്പഷ്ടം. ഉപഗൂഹനം=ആലിംഗനം. സുഭ്രൂ=സുന്ദരി. നല്ല ഭ്രൂ) പുരികം ഉള്ളവൾ. ഭവതിയാൽ കിമപി കരണീയം ഭവതി നഹി എന്ന് അന്വയം. (നിന്നാൽ ഇവിടെ ഒന്നും ചെയ്യേണ്ടതായി ഇരിക്കുന്നില്ല എന്ന് അർത്ഥം) മദരഹിതൻ (1) ചൈതന്യമില്ലാത്തവൻ (2) അഹങ്കാരമില്ലാത്തവൻ. മാനഹീനൻ=(1)മാനവും നാണവും ഇല്ലാത്തവൻ (2) അപ്രമേയൻ (അളക്കാൻ പാടില്ലാത്തവൻ). പണ്ഡിതമാനവൻ=(1) തന്നത്താനെ പണ്ഡിതൻ എന്നു നടിക്കുന്നവൻ (2) ജ്ഞാനികളാൽ മാനിക്കപ്പെടുന്നവൻ. നിഖി.. സ്ഥിതൻ= (1) വനേചാരി (2) മുനിമാരുടെ മനസ്സിൽ സദാ വത്തിക്കുന്നവൻ. നിഷ്കിഞ്ചനപ്രിയൻ= (1) ദരിദ്രന്മാരുമായി മാത്രം സംസൎഗ്ഗം ചെയ്യുന്നവൻ. (2) ഒന്നിനോടും പ്രത്യേകപ്രതിപത്തിയില്ലാത്ത ഈശ്വരഗുണം ഉള്ളവൻ.

L. L. 181—190. ശ്വപചൻ=പറയൻ. ആത്മനാ (1) രാമൻെറ മനസ്സിൽ. (2) സാക്ഷാത്തായ ആത്മദൃഷ്ട്യാ. ഭജസ്വ=ഭജിച്ചാലും. രാവണൻെറ സംഭാഷണത്തിൽ ഇവിടംവരെ, ശ്ലേഷാമൂലകമായ "വ്യാജസ്തുതി" എന്ന അലങ്കാരം പ്രയോഗിച്ചിരിക്കുന്നു. രാവണൻ രാമനേ നിന്ദിക്കിന്നിടംകൊണ്ടു്, ഇതിന്നു് വിപരീതമായ സ്തുതിയും പ്രത്യക്ഷമാകുന്നതിനാലാണു് ഈ ചേമൽക്കാരഭംഗി ഉണ്ടാകുന്നതു്. കൈയിലിരിക്കുന്ന രത്നം ഉപേക്ഷിച്ചു് കുപ്പിക്കഷണത്തേ ആഗ്രഹിക്കുന്നതെന്തെന്നു് രാവ

ണൻ ഈ സന്ദർഭത്തിൽ ചോദിക്കുന്നതിൻെറ അർത്ഥം, തന്നെ ധിക്കരിച്ചു് രാമനിൽ ബദ്ധചിത്തയായിരിക്കുന്നതു് തൻെറ (രാവണൻെറ) മഹിമ, സീതയറിയാഴികയാൽ തന്നെയാകുന്നുവെന്നാണല്ലോ. അതിനാൽ ഇവിടത്തെ അലങ്കാരം "അപ്രസ്തുതപ്രശംസ" അല്ലെങ്കിൽ അന്യോക്തി. സുരർ (ദേവന്മാർ) ദിതിജർ (രാക്ഷസർ) ദനുജർ (അസുരർ) ഭുജഗർ (നാഗർ) അപ്സരസ്സുകൾ, ഗന്ധർവർ എന്നിങ്ങനെയുള്ള നാനാജാതീയ സുന്ദരിമാർ നിന്നെ നിയതം (എപ്പോഴും) അതിഭയസഹിതം (വളരെ ഭയഭക്തിയോടുകൂടി) പരിചരിക്കും. (നീ എൻെറ പരിഗ്രഹം (ഭാര്യ) ആയിത്തീരുന്നതായാൽ. പുരുഷഗുണം—പുരുഷനു വേണ്ട സകല ഗുണങ്ങളും തികഞ്ഞവനാണു ഞാൻ എന്നു നീ അറിയണം. പുരുഹൂതൻ=ദേവേന്ദ്രൻ. (ആരെ ഉദ്ദേശിച്ചു വളരെ ഹോമിക്കപ്പെടുന്നുവോ അവൻ.) സരസം (പ്രിയമാംവണ്ണം) അനുസര (അനുസരിച്ചാലും) സദയം (ദയവുചെയ്തു്) അയി തവ വശാനുഗാം മാം അനുസര (നിനക്കു പൂർണ്ണമായ് വശപ്പെട്ടിരിക്കുന്ന എന്നെ നീ മേൽപറഞ്ഞ പ്രകാരം അനുസരിച്ചാലും എന്നാണു് അന്വയബന്ധം) സൌ—സാരമേ= നന്മയും, മേന്മയും കാതലായുള്ളവളേ!

L. L. 191-200 പതിതഃ (കാൽക്കൽ വീണവനായ്) അസ്മി (ഞാൻ ഭവിക്കുന്നു.) പാഹി=രക്ഷിച്ചാലും. പുൽക്കൊടി—(പതിവ്രതമാർ തന്നെ കാമിക്കുന്നവനെന്നു് ബോദ്ധ്യംവന്നിട്ടുള്ള അന്യപുരുഷനോടു് നേരിട്ടു സംഭാഷണം ചെയ്ക പാപകരമാകയാൽ ഇപ്രകാരം പുല്ലുപറിച്ചിട്ടു് അതിനോടെന്ന മട്ടിൽ പറയാനുള്ളതു് പറഞ്ഞു) സവി....കനിൽ—സവിതാവിൻെറ (സൂര്യൻെറ കുലത്തിൽപെട്ട രാജാക്കന്മാരിൽ വെച്ചു ശ്രേഷ്ഠനായ രാമനിൽ അദ്ധ്വരെ (യാഗത്തിൽ) ശുനി (ഘ്രണണമില്ലാത്ത പെൺപട്ടി) ഇവ (എന്നപോലെ) ഉപമാലങ്കാരം. ദശരഥജൻെറ (രാമൻെറ) നിശിതശരങ്ങളാൽ ദലിതമായ (പിളർന്ന) വപുസ്സോടുകൂടിയവനായിട്ടു്. തോററം=തോന്നൽ. വിശിഖം=അമ്പു്. വിശേഷമായ അഗ്രത്തോടുകൂടിയതു്)

L. L. 201-210. സന്നം=നഷ്ടം. അവൻ (രാമൻ) നനിപുണതരനും (രക്ഷിക്കാൻ സമർത്ഥനും) അവനിഭരന[illegible]നും ഭൂഭാരത്തെ ഇല്ലാതെയാക്കുന്നവനും ആകുന്നു.

ധാതാവ്=ബ്രഹ്മാവ് (അവതരണംഅവനിതലമതിൽ അതിഭയാപരൻ എന്ന് ഇവിടത്തെ പദവിഛേദം) അതിചപലമായ്ത്തിന്ന( ഇളകിവശമായ) കരഭുവിങ്കൽ -കൈയിൽ-കരാളം (ഭയങ്കരം) ആയ കരവാളത്തെ (വാളിനെ) മയൻെറ തനൂജ (പുത്രി)—മണ്ഡോദരി (രാവണപത്നി) ആത്മഭത്താരം=തൻെറ ഭത്താവിനെ. ഭവാൻ മമ വചഃ ശൃണു എന്നന്വയം( അങ്ങ എൻെറ വാക്ക കേട്ടാലും) ത്യജ=ഉപേക്ഷിച്ചാലും.

L. L. 211—220. വിഭോ, വീയ്യപുംസാം ദുഷ്കീത്തി ചേരുമോ? അല്ലയോ—ഐശ്വൎയ്യമുള്ളവനേ! വീയ്യപൂമാന്മാക്ക് കീത്തിദോഷം ഉണ്ടാവുക യോഗ്യമായിട്ടുള്ളതോ? ദാക്ഷിണ്യം=മയ്യാദ. ഭയജനനവചനങ്ങളും (ഭീഷണികളും) അനുസരണവാക്കുകളും. ഭാവവികാരങ്ങൾ=അഭിനയവിശേഷങ്ങൾ. അവനിമകൾ (കളുടെ) അകതളിർ. രാവണൻെറ വചനശരമേററ സീതയുടെ ആത്മാവു ഭേദിച്ചു് (മുറിവേററ്) എന്ന പറഞ്ഞിരിക്കയാൽ പരമ്പരിതരൂപകം.

L.L. 221—230. ത്രിജട (ഒരു രാക്ഷസി) അഭിരാമൻ=മനോഹരൻ· ശരനികരങ്ങളുടെ പരിചതനം കൊണ്ടുള്ള ദഹനകണജാലത്താൽ (തീപ്പൊരിക്കൂട്ടത്താൽ) രണശിരസി (യുദ്ധത്തിൽ) മഹിഷി=ഭാൎയ്യ കുലിശധരൻെറ രിപു=ദേവേന്ദ്രശത്രു. ഗോമയം=ചാണകം. ഹ്രദഃ=കുഴി. തിലരസം=എണ്ണ. നളദമാല്യം=രാമച്ചമാല· സമേതൻ=കൂടിയവൻ.

L. L. 231—240. വയം (നാം) കതിപയദിനം _കുറേദിവസം_ നിശിചരികളിവർ (ഈ രാക്ഷസസ്ത്രീകൾ) ഉടലുമമ (എൻെറ ഉടല്) ഭക്ഷിക്കും. ഉററവർ —എനിക്കു വേണ്ടപ്പെട്ടവർ—.

L. L. 241—250. സഭ.......തരള——ഭയംകൊണ്ടു പരവശയും തരളയും (വിറയലോടുകൂടിയവളും) ആയിത്തീൎന്നിട്ട് ശിംശപാശാഖയെ ആലംബ്യ (ശാഖയിൽ തൂങ്ങിക്കൊണ്ട്) ജഗ....ഗോത്രേ=ജഗത്തിൻെറ അമലനയനമായ (നിർമ്മലനേത്രം തന്നെയാകുന്ന) രവിയുടെ (സൂൎയ്യൻെറ) ഗോത്രത്തിൽ. (രൂപകാലങ്കാരം) രതിരമണനു്=കാമദേവനു തുല്യൻ (രതിദേവി; കാമദേവൻെറ

ഭാര്യ) നിധനം=വധം പിതുഃ+ആജ്ഞയാ (അച്ഛൻെറ ആജ്ഞയനു സരിച്ച്) അവരജൻ=അനുജൻ (ലക്ഷ്മണൻ) യതി=സന്യാസി തമ്പി=അനുജൻ (തമിഴ്വാക്ക്)പരമഗതി=മോക്ഷം. മാല്യവാൻ എന്ന പർവതത്തിൻെറപാർശ്വത്തിൽ. തരണിസുതൻ=സൂര്യപുത്രനായ സുഗ്രീവൻ. ശക്രസുതൻ=ദേവേന്ദ്രപുത്രനായ ബാലി.

L. L. 251—260. ശതകം=ശതം (നൂറ്)-തരുനികരവരനായ ശിംശപാവൃക്ഷവും. വൃക്ഷം സംസ്കൃതത്തിൽ പുല്ലിംഗമാകയാൽ വിശേഷണത്തെയും 'തരുനികരവരൻ' എന്ന പുല്ലിംഗമായ് സംസ്കൃതരീതിയനുസരിച്ച് പ്രയോഗിച്ചിരിക്കുന്നു. കിം ഇതി=ഇതെങ്ങനെയുണ്ടായി? മേകീർത്തിച്ചതു് (എന്നെ ഉദ്ദേശിച്ചു പറകയുണ്ടായതു്.

L. L. 261—270. സരസതരവും കർണ്ണാമൃതവും ആയ പതിചരിതം (ഭർത്താവിൻെറ കഥ). അവനിമകൾ (കൂടെ) ചരണനളിനാന്തികത്തിങ്കൽ. ജലപിംഗം=അടയ്ക്കാക്കുരിൽ. വലീമുഖ (വാനര) വേഷം. കുസൃതി=വേണ്ടാതിനം. (ഇവിടെ രാവണൻെറ മായാപ്രയോഗങ്ങൾ).

L. L. 271—280. തഥാവിധൻ=അപ്രകാരമുള്ളവൻ (അവിടുന്നു സംശയിക്കുന്നപ്രകാരം രാവണമായകൊണ്ടെത്തിയിട്ടുള്ളവൻ). കോസലേന്ദ്രസ്യ -അയോദ്ധ്യാധിപനായ) രാമസ്യ (രാമൻെറ) ദാസഃ -ഭൃത്യൻ- അസ്മി ..ആകുന്നു ഞാൻ. സൂര്യാത്മജനായ സുഗ്രീവൻെറ ഭൃത്യനംഞാൻ്. ജഗൽപ്രാണൻ=വായു. കർമ്മ....സാപി=പ്രവൃത്തിയിലോ, വാക്കിലോ, വിചാരത്തിലോ (കപടമില്ലാത്തവൻ) ലുതവും (സത്യവും) ലൂജ്ജുവും (നിഷ്കപടവും) മൃദുവും (മധുരവും) സ്ഫുടവും (വ്യക്തവും) ആയ വർണ്ണങ്ങളാൽ (അക്ഷരങ്ങളാൽ) ഉച്ചരിക്കപ്പെട്ട വാക്യം. വട=പറഞ്ഞാലും. സംഗതി=യോജിപ്പ്.കലിതരുചിയായ (വളരെ ശോഭയുള്ള) ഗഹനഭുവിൽ (കാട്ടിൽവെച്ച്). കപികുഞ്ജര!=കപിശ്രേഷ്ഠ! തിരുമനസി=ശ്രീരാമൻെറ മനസ്സിൽ. ഭവതി=അങ്ങേ (ഹനുമാനെ) സംബന്ധിച്ച്.

L. L. 281—290. ഭവതി (ഭവാൻ എന്നതിൻെറസ്ത്രീലിംഗരൂപം) അവിടുന്നു (സീത) ഭർതൃവചനം(ആലംബ്യ) അനുസരിച്ച്

ആശ്രയാശൻ=അഗ്നി (ആശ്രയിക്കുന്നതിനെയെല്ലാം അശിക്കുന്നതുകൊണ്ടു ഈ പേരു അഗ്നിക്കു കിട്ടി) ഉടൻ, ഉടലും, ഉലയെ (ക്ഷീണിച്ചു)" മുഹുഃ(വീണ്ടും) ശ്രീരാമൻ (ഉടജഭുവി) ആശ്രമത്തിലെത്തിയപ്പോൾ. അടയ=മുഴുവൻ. അവരജേന സാകം=അനുജനായ ലക്ഷ്മണനോടുകൂടി. ശാന്താത്മകൻ=മോക്ഷസ്വരൂപിയായ ശ്രീരാമൻ. അഥ (അനന്തരം) ശബരിയുടെ വിമല വചനേന (നിർമ്മലവാക്കുകൾ കേട്ടു്) പോന്നു്+ഋശ്യമൂകാദ്രി.

L. L. 291—300. തപനസുതന്റെ (സുഗ്രീവന്റെ) ഗൃഹണി (ഭാര്യ)യായ താരയെ. താരാപതി (ബാലി) ദിവസകരൻ=സൂര്യൻ (ഏക+ഏക=ഏകൈക) ന്യൂവ (ലക്ഷം) വീതം. ജനകനൃപതി മകൾ(ളുടെ) കയ്യിൽ.

L. L. 301—310. സപദി (ഇപ്പോൾ) തവ മനസി (അവിടത്തെ മനസ്സിൽ ഗുരുവിശ്വാസസിദ്ധ്യൈ (നല്ല വിശ്വാസം ജനിക്കാനായിക്കൊണ്ടു. ഇവിടെ രാമൻ പറഞ്ഞയച്ചിട്ടുള്ള അടയാളവാക്യം, സീത അഗ്നിയിൽ പ്രവേശിച്ചു സാക്ഷാത്തായ രൂപം കൈക്കൊണ്ടിരുന്നതും, ആശ്രമത്തിൽ മായാരൂപം സ്വീകരിച്ചുകൊണ്ടതും ആയ സംഗതിതന്നെയാണെന്നു ഗണിക്കണം. ഭവതി(യുടെ) കരതളിരിൽ. ആലോ....വകം=സന്തോഷത്തോടുകൂടി വീണ്ടും വീണ്ടും നോക്കിയാലും. രമണം+ഇവ (ഭർത്താവിനെയെന്നപോലെ) നിജശിരസി=തന്റെ ശിരസ്സിൽ. മതിമാൻ=ബുദ്ധിമാൻ. പ്രാണദാതാവു് = ജീവദാനം ചെയ്യുവൻ. മേ (എനിക്കു) പ്രീതിയെ ചെയ്തവൻ പരാത്മാവും (പരമാത്മാവും, ശ്രീനിധിയും (ഐശ്വര്യത്തിന്നിരിപ്പിടവും) ആയ ഭഗവതി രാഘവേ (സാക്ഷാൽ ഭഗവാനായ രാഘവങ്കൽ) അങ്ങു് (ഹനുമാൻ) ഭക്തനും അതീവ വിശ്വാസ്യനും (വളരെ വിശ്വാസത്തിനു പാത്രമായവനും) ആകുന്നു.

L. L. 311—320. പരിചു്=വിധം. അഖിലജനനി(യുടെ) വചനങ്ങൾ. അവനിപതിസുതൻ (ദശരഥപുത്രനായ ശ്രീരാമൻ) സൂര്യാത്മജാലയം=യമപുരി. (അന്തകൻ സൂര്യന്റെ പുത്രനാണു്) ഉടമ=ധൈര്യം.

**L. L. 321—330.** വിതതം=വിസ്തൃതം. മനുജപരിവൃഢൻ, സേനയോട്ടുകൂടി, ഏതൊരുജാതി ജലനിധി കടന്നുവരുന്നതു്?" എന്നു് അന്വയം. വിചാരിക്ക=ചോദിക്ക. അവിതരജനിചരകുലത്തെ (അശേഷേണ) മുഴുവനും ലങ്കയും (ലഘുതരമാംവണ്ണം) തീരെ നിഷ്പ്രയാസമായ് (അനാകുലം) നിശ്ചയമായും ഭസ്മമാക്കുന്നതാണു്. ദ്രുതം (വേഗത്തിൽ) അല്ലയോ സുതനു (സുന്ദരി!) അതിനു മമ (എനിക്കു) അനുജ്ഞാം (അനുവാദം) ദേഹി (തന്നാലും). സരഭസം=ഉടനെ. താവകം=അവിടുത്തേതായ ചിന്മയി (മായാസ്വരൂപിണിയായ സീതാദേവി). മാരുതി(യുടെ) കയ്യിൽ.

**L. L. 331—340.** കർണ്ണേ=ചെവിയിൽ. ഭവതി=അങ്ങേക്കൽ. അമിതം=അധികം. പലലം=മാംസം. തീർത്ഥപാദൻ=പുണ്യപുരുഷൻ (തീർത്ഥം പാദത്തിങ്കലുള്ളവൻ—ബഹുവ്രീഹിസമാസം). ശക്രാത്മജൻ=ദേവേന്ദ്രപുത്രനായ ജയന്തൻ. മമ (എൻെറ) വപുഷി (വപുസ്സിൽ) നിശിതങ്ങളായ (മൂർച്ചയുള്ള) ചരണനഖരങ്ങളാലും(കാലിലെ നഖങ്ങളാലും) തുണ്ഡങ്ങളാലും(കൊക്കുകളാലും) വായ്പോട്ടു (ഒട്ടധികം).

**L. L. 341-350.** തൃണശകലത്തെ (ഒരു ചെറിയ പുൽക്കൊടിയെ) അമരപതി (ദേവേന്ദ്രൻ), കമലജൻ (ബ്രഹ്മാവു്), ഗിരീശൻ (ശിവൻ), (മുഖ്യന്മാർ) തുടങ്ങിയുള്ള മററു ദേവന്മാക്കും. രഘുതിലകൻ (ൻെറ) അടിമലർ.

**L. L. 351-360.** നിശിചരന്മാരുടെ ഓഘം (കൂട്ടം). ശാഖാമൃഗാവലി=വാനരസംഘം. നിഖിലനിശിചരർ (രാക്ഷസന്മാരിലോരോരുത്തരും) അചല(പവ്വത)ത്തിനു നിഭ(തുല്യ)മായ വിപുല (വലിയ) മൂത്തികരം (ദേഹമുള്ളവർ) അവനി മകരം (ളുടെ) വചനം. പ്രഭഞ്ജനൻ=വായു. (കരുതുക+അകമലരിൽ+ഇങ്ങനെ എന്നു പദവിച്ഛേദം) വെള്ളം (ഒരു വലിയസംഖ്യ). മൃദുവചനം (രഹസ്യമായുള്ള പറച്ചിൽ).

**L. L. 361—370.** അന്തരം=വ്യത്യാസം. ഉഴറുക=വേഗം പോകാനൊരുങ്ങുക. അതിചപലം (ഇമകിമറിയുന്ന) ജലി

നിധിയുടെ വിശേഷണം. വിരയെ=വഴിപോലെ. ഉപരോധം= തടസ്സം. വിടകൊൾവാൻ=പോകാൻ. അയി തനയ! തവ പഥി (നിനക്കു വഴിമേൽ) നിരന്തരം (തട്ടുകൂടാതെ) ശുഭം, ഭവതു (ഭവിക്കട്ടെ). അത്ര=ഇവിടെ.

**L. L. 371—380.** ജഗതി=ജഗത്തിൽ. സുചിരം=വളരെ ക്കാലം. ജീവ=ജീവിച്ചാലും. ആശീർവചനം (നത്തെ) ആദായ (വാങ്ങിയിട്ടു്) ജിതശ്രമം=ശ്രമം കൂടാതെ. പരപുരി ശത്രുവിന്റെ പട്ടണം. അഴിനില=പ്രതിബന്ധം. ഒഴിഞ്ഞു=കൂടാതെ. (മുഖ്യ കാൎയ്യസിദ്ധിക്കു പ്രതിബന്ധമായി തീരാത്തമട്ടിൽ) അന്തരം= വ്യത്യാസം. അപരം=അന്യം മുഹുഃ=പിന്നെയും+അഹം.

**L. L. 381—390.** ഗുൽമം=കാവു്. ജനനിവഹ (കൂട്ട) ത്തിനു ഭയജനന (ഭയമുണ്ടാക്കുന്ന) നാദഭേദങ്ങൾ (പലവിധ ശബ്ദങ്ങൾ). ജംഗമജാതികളായ (പറവ വർഗ്ഗത്തിൽപെട്ട) പതത്രികൾ (പക്ഷികൾ) ഇടിനികരമൊച്ച=ഒച്ചയാകട്ടെ, ഇടിമുഴക്കം പലതു കൂടിയാലത്തെപ്പോലെ ഭയങ്കരവുമായിരിക്കുന്നു. നിന്നോടു എന്തൊക്കെയോ വിശേഷങ്ങൾ പറകയുണ്ടായില്ലെ? എന്നും ഞങ്ങളോടു പറയുക. (ചൊല്ലു+ഇവൻ+ആരെടൊ).

**L. L. 391—400.** അപഗതഭയാകുലം=ഭയവും ആകുലതയും ഇല്ലാത്തവനായിട്ടു്. ആകുലത=കൂസൽ. പൊട്ടിച്ചു=തകൎത്തു കളഞ്ഞു. ചൈത്യപ്രാസാദം=രാക്ഷസന്മാരുടെ ദേവാലയമായ മാളിക. മുസലം (ഉലക്ക) ധരിക്കുന്നവനായിട്ടു് മുൽപ്പെട്ടു=അങ്ങോട്ടു ചെന്നു. ദന്ദശൂകം=സർപ്പം (പിന്നെയും പിന്നെയും ദംശിക്ക-കടിക്ക-ശീലമുള്ളവൻ) നിശിചരകുലാധിപന്റെ ആജ്ഞാകരന്മാർ (ഭൃത്യന്മാർ.)

**L. L. 401—410** സഭ....ദയം=ഭയപ്പെട്ട ഹൃദയത്തോടു കൂടുംവണ്ണം. വിശിഖമുഖശസ്ത്രങ്ങൾ=വിശിഖാദ്യായുധങ്ങൾ. മുൽഗരം=മുൾത്തടി. നിയുതം=പതിനായിരം. ബലപതിവരരിൽ (സേനാനായകന്മാരിൽ വെച്ചു) ഐവർ=അഞ്ചുപേർ. പഞ്ചതാം= മരണം. (പഞ്ചത്വതാവസ്ഥയെ പ്രാപിക്കയെന്നതു്, മരണശേഷമുള്ള അവസ്ഥാന്തരമാകയാൽ) ഉദിതക്രുധാ=ഉണ്ടായ കോപത്തോടു കൂടി. മരഭ....ദം ഏതന്റെ ഭയത്തിനു ഉൽപ്പത്തിയെ (ഉൽഭവത്തെ) ദാനം ചെയ്യുന്നതു (ഉണ്ടാക്കുന്നതു്) പരിഭവം=കോപം.

L. L. 411—420. മഹിത (വളരെ) മതി (ബുദ്ധിയും) ബലം (ബലവും)സഹിത (ഉള്ള) എഴുവർ(ഏഴുപേർ) ദണ്ഡം=വടി. കർബ്ബുരേന്ദ്രൻമാർ=രാക്ഷസശ്രേഷ്ഠന്മാർ. ഉലയെ=ഇളകത്തക്കവണ്ണം അനുക്ഷണം=മുഹൂർത്തംപ്രതി നിർജ്ജരലോകം ഗമിക്ക=സ്വർഗ്ഗാരോഹണം ഭവിക്ക=(മരിക്ക.)

L. L. 421—430. വീരപുംസാം=വീരന്മാരായ പുമാന്മാക്കു ഇദം (ഈ വല്ലായ്മ) ഭൂഭൃതാം=രാജാക്കന്മാൎക്കു, ആത്മഖേദം (മനോവ്യഥ) അനുചിതം=യോഗ്യമല്ല. ധൈൎയ്യംകൊണ്ടും ശൌൎയ്യംകൊണ്ടും ഉണ്ടാകുന്ന തേജസ്സിനെ ഹരിക്കുന്നതാകുന്നു. അരിവരൻ=ശത്രുശ്രേഷ്ഠൻ. തോരണം=ഗോപുരക്കെട്ടിലെ മുകളിലുള്ള വളച്ചുവാതൽ. മുനിവു=കോപം. ശമന(അന്തക)പുരി പുക്കു (മരിച്ചു) അമരപതിജിത്തായും (ദേവേന്ദ്രനെ ജയിച്ചിട്ടുള്ളവനും) അമിതബലസഹിതനായും ഉള്ള ആത്മജനെ (പുത്രനെ.)

L. L. 431—440. പ്രേതാധിപാലയംപുക്കതു=മരിച്ചതു മാൎത്താണ്ഡജാലയം=യമപുരി. തൽകനിഷ്ഠോദകം=നിന്റെ അനുജനുവേണ്ടിയുള്ള ഉദകക്രിയ. ബലാൽ=ബലാൽക്കാരമായ്. ഭുവനതലമഖിലം=ഭൂമി മുഴുവനും. വലമഥനമപി=വലമഥനനായ ഇന്ദ്രനേക്കൂടിയും അരവിന്ദോൽഭവനാദിയാം=ബ്രഹ്മാവു് തുടങ്ങിയുള്ള പൂർവദേവാരികൾ അസുരശത്രുക്കളായ ദേവന്മാർ തന്നവരത്തിനാൽ യുധി (യുദ്ധത്തിൽ) ജയിച്ച നമ്മോടു്. പൂർവദേവന്മാർ=അസുരന്മാർ അശക്യഃ+അപി (അശക്യൻ എങ്കിലും)അവിളംബിതം=താമസംകൂടാതെ.

L. L. 441-450. കൃതിഭിഃ(+)അപി (ഞാൻ അങ്ങോട്ടു ചെയ്യുന്ന പ്രവൃത്തികളെക്കൊണ്ടോ നികൃതിഭിഃ(+)അപി (ശത്രു ഇങ്ങോട്ടു ചെയ്യുന്നതിനേ തട്ടത്തു ഞാൻചെയ്യുന്ന പ്രവൃത്തികളെകൊണ്ടോ (ഛത്മനാ അപി വാ) (മായാപ്രയോഗം കൊണ്ടോ), കൃഛ്റേണ (ഏതുവിധമെങ്കിലും വളരെ പണിപ്പെട്ടു്) ഇഹ (ഇവിടെ) സമ്പദ്വിനാശകരമായിരിക്കുന്ന വിപത്തു് പ്രമദാ (സ്ത്രീ) കൃതം (നിമിത്തം) ആയിട്ടുതന്നെ പരം (ഏററവും) ഉപഗതമായി (വന്നുകൂടി) നിർണ്ണയം (നിശ്ചയം) മയി ജീവതി ഞാൻ ജീവിക്കും വിഷയത്തിൽ (വിഷയസപ്തമി) ഞാൻ ജീവിക്കുമ്പോൾ എന്നർ

ഥം.ത:ം=അങ്ങ്- ഇഹ-ഇവിടെ സസുഖം നിവസ-സുഖമായ് വസിച്ചാലും-ധനുഃ -+- ആദി -വില്ല് മുതലായ-ആയുധങ്ങൾ. ജേതും =ജയിക്കാനായിട്ട്. നിഭൻ=തുല്യൻ. ഉൽപതിക്ക=ചാട്ടുക ബാഹു ബലം=കയ്യൂക്ക് പാകാരിജിത്ത്=ഇന്ദ്രജിത്ത് പഞ്ചാസ്യവിക്രമൻ =സിംഹപരാക്രമൻ. ഹൃദി=നെഞ്ചിൽ. സിംഹനാദേന=സിംഹനാദംപോലെയുള്ള ഗർജ്ജനംകൊണ്ട്. പ്രപഞ്ചംഎല്ലാ ലോകങ്ങളും.

L.L.451....460. സ്തംഭേന=തൂണുകൊണ്ട്.സൂതൻ=തേരാളി. തുരഗയുതരഥവും=കുതിരകളോടുകൂടി തേരിനേയും. മേഘനിനാദൻ =ഇന്ദ്രജിത്ത് -മേഘഗർജ്ജനംപോലെ ശബ്ദിക്കുന്നവൻ-അധികവിതതമായിരിക്കുന്ന അപരമൊരുരഥംഏറി വന്നിട്ട്. രുഷിതമതി -കോപിഷ്ഠൻ- ആയ ദശവദനതനയൻെറ —ഇന്ദ്രജിത്തിൻെറ-ശരപാതം -ബാണപ്രയോഗം-നിമിത്തം. അംഭോ....ബാണം =ബ്രഹ്മാസ്ത്രം -തിരുവടി-യുടെ-നാമാമൃതം- മധുമഥന -വിഷ്ണുവിനോടുള്ള- ഭക്തികൊണ്ട് വിശുദ്ധരായിട്ട്; അജ്ഞാനകമ്മം കൊണ്ട് കൃതമാകുന്ന -ഉണ്ടാകുന്ന- ബന്ധനത്തെ. ക്ഷണാൽ=ഉടനടി.

L.L. 461-470. സുചി....മപി=വളരെ അധികമായിരുന്നാൽ കൂടി. വിമുച്യ=ഉപേക്ഷിച്ചിട്ട്. സുസ്ഥിരമായ ഹരി(വിഷ്ണു) പദത്തെ പ്രാപിക്കും. മരണം (ജനി =ജനനം- (എന്നീ) വികൃതി)മാറമുള്ള- ബന്ധം ഇല്ലാത്തവക്ക് ഹനുമാൻെറ വിശേഷപ്രസ്താവത്തെ സമർത്ഥിക്കാനാണ് ഇവിടെ ഈ സാമാന്യപ്രസ്താവം ചെയ്യുന്നത്. അതിനാൽ അർത്ഥാന്തരന്യാസാലങ്കാരം. രാമദൂതന്നുബന്ധം ഭവിച്ചിട്ടുമോ എന്നുള്ളിടത്ത് കൈമുതികന്യായേന അർത്ഥാപത്തി എന്ന അലങ്കാരവും ഉണ്ട്. കപട...........ശതാവും, കൈക്കും കാലിനും, കള്ളസമ്പ്രദായത്തിലുള്ള ക്ഷീണം നടിച്ച് പാശഖണ്ഡം=കയറ്. അമരരിപു=ഇന്ദ്രജിത്ത്. ബദ്ധൻ=കെട്ടപ്പെട്ടവൻ. ആദിതേയാധിപൻെറ.(ഇന്ദ്രൻെറ)അരാതി(ശത്രു)ആയ ഇന്ദ്രജിത്ത്.

L. L. 471-480. വിധീക്കതാം=വിധിച്ചാലും. പ്ലവഗം=കുരങ്ങ് (ചാടിഗ്ഗമിക്കുന്നതു) പ്രത്യർത്ഥി=ശത്രു. ഉപവനം=ഉദ്യാനം. നക്തം=രാത്രി. (രാത്രിയിൽ ചരിക്ക ശീലമുള്ളവർ നക്ത

ഞ്ചരർ=രാക്ഷസർ) ഇന്ദ്രാരി=രാവണൻ. പ്രഹസ്തൻ=രാവണമന്ത്രി യുടെ പേരു്. പപ്രച്ഛ=ചോദിച്ചു (സംസ്കൃതക്രിയാപദം)

L. L. 481—490. അനൃതവചനം=കള്ളം പറച്ചിൽ) (അലം=(ഇവിടെ)അതുപോലെയുള്ള, (നിഖി........ധിപൻ(ന്റെ) ചോദ്യങ്ങൾ (രാക്ഷസസേനകൾക്കെല്ലാം അധിപനായ പ്രഹസ്ത ന്റെ ഈ ചോദ്യങ്ങൾ). മന്ദേതരം=മന്ദതകൂടാതെ (ഉത്സാഹമാ യ്) പുരന്ദരൻ=ദേവേന്ദ്രൻ, ഭുജ....നൻ=ഭുജഗ (സർപ്പ) കുലപതി (അനന്തൻ), ശയനം -കിടക്ക- ആയിട്ടുള്ളവൻ=മഹാവിഷ്ണു പൂർവ്വ ദേവന്മാർ (അസുരന്മാർ) അരാതി(ശത്രു) ആയുള്ളവൻ=വിഷ്ണു. പുരമഥന (ശിവ) ഹൃദയം മണിനിലയം (നല്ലഭവനം) ആക്കി നി വസിക്കുന്നവൻ_നിവാസി—വിഷ്ണു. ശിവൻ,സദാ, ശ്രീരാമനെ ധ്യാനിച്ചു കൊണ്ടിരിക്കുന്നു— ഭൂതേശൻ=ശിവൻ. ഭുക്തിമുക്തിപ്ര ദൻ=ഭുക്തി_ അനുഭവസുഖം—മുക്തി=മോക്ഷം- രണ്ടിനേയും ദാനം ചെയ്യുന്നവൻ —വിഷ്ണുവിന്റെ വിശേഷണം— ഭുജഗ കുലരിപുവി നെ (ഗരുഡനെ) മണി_നല്ല-രഥത്തിൽ ധ്വജം=കൊടിയടയാളം ആക്കിയിട്ടുള്ളവൻ. ഭൂപതി=രാജാവു്.ശ്രീരാമൻ. ഭൂതിവിഭൂഷണ(ശിവ) സമ്മിതൻ (സമാനൻ)

L. L. 491—500. അമരപതിസുതൻ=ബാലി. അവന മനം=നമസ്കാരം. ആശകൾ=ദിക്കുകൾ_ഇകൽ=യുദ്ധം.

L. L. 501—510. ദശ (പത്തു) നിയുത (പതിനായിരം) ശത (നൂറു്) വയസി=വയസ്സിൽ—ജീർണ്ണം=ക്ഷീണിച്ചതു്. (കോടി വർഷം ജീവിച്ചിരിക്കയാൽ ഏററവുംജീർണ്ണിച്ച ദേഹത്തോടു കൂടിയ തെങ്കിലും) ദേഹികൾ=ജീവികൾ. തവ....ശേന=നിന്റെ തനയ ന്റെകരത്തിൽ നിന്നു ഗളിതമായ=പ്രയോഗിച്ച_ വിധിവിശിഖം — ബ്രഹ്മാസ്ത്രം ആകുന്ന പാശേന=ബന്ധത്തിനാൽ- കമ....ന=കമല ഭവൻ-ബ്രഹ്മാവു്_തുടങ്ങിയുള്ള സുരവര—ദേവ-പ്രഭാവംകൊണ്ടു. കായം=ദേഹം പരിഭവം=തോൽവി. അദ്യ—ഇപ്പോൾ—തവ—നിന ക്കു-ഹിതം-ഉപദേശംവക്തും_ പറഞ്ഞുതരുവാനായ്-ഉദ്യുക്തൻ-ക രുതിവന്നിരിക്കുന്നവൻ_അതുജഗതി-ഈരലോകത്തു-കരുണാത്മനാം _ദയവുള്ളവർ-ധർമ്മമെന്നു കരുതു-കരുതിയാലും-രാക്ഷസിംബുദ്ധിമയ —അജ്ഞാനമയമായ ആലോചനകളെത്യജ_ മനസ്സിൽ നിന്നും ദൂരികരിച്ചാലും-ദേവിംഗതിയെ=സാത്വികവഴികളേ.

L. L. 511—520. അതു-സാത്വികഗതി-ജനനമരണഭയത്തെ നശിപ്പിക്കുന്നതും-നാശിനി,-അന്യയായുള്ളതു—രാക്ഷസീ, ബുദ്ധി—സംസാരദുഃഖത്തെ ഉണ്ടാക്കുന്നതും—കാരിണി—ആകുന്നു. അമൃത.... ഭവാൻ=അമൃതഘനവും-അത്യാനന്ദമയവും—വിമലവും—നിൎമ്മലവും ആയ ആത്മബോധത്തിന് ഉചിതമാംവണ്ണം-അത്യുത്തമമായ-അന്വയത്തിൽ—വംശത്തിൽ—ഉൽഭൂതൻ—വന്നു ജനിച്ചവൻ—ആണെല്ലോ ഭവാൻ—അങ്ങ്—കളക....മോഹാദികൾ=നീ, സപദി—ഇപ്പോൾ—തവ ഹൃദി-നിന്റെ ഹൃദയത്തിലെ—കാമകോപദ്വേഷലോഭമോഹാദികളെ തത്വബോധേന—തത്വബോധം കൊണ്ട്—കളക—അകററിക്കൊൾക.— കമലഭവന്റെ—ബ്രഹ്മാവിന്റെ—സുതന്റെ_പുലസ്ത്യമുനിയുടെ_ തനയന്റെ-വിശ്രവസ്സിന്റെ -നന്ദനൻ—രാവണൻ—കർബ്ബുരഭാവം=ഹിംസിക്കുന്ന—രാക്ഷസഭാവം. ദനുജ....ച്ചീട്ടുനീ=ദനുജന്മാർ, സുരന്മാർ, മനുജന്മാർ, ഖഗങ്ങൾ,—പക്ഷികൾ,—മൃഗങ്ങൾ, ഭുജഗങ്ങൾ,—സർപ്പങ്ങൾ—എന്നുള്ളഭേദേന—ഭേദങ്ങളെ—ഭിന്നസൃഷ്ടികളെ—ശാശ്വതമെന്നു തെററിദ്ധരിച്ചിട്ട്—ഉണ്ടാകുന്ന ദേഹാത്മബുദ്ധിയെ—ഇക്കാണുന്ന ദേഹംതന്നെയാണ് ആത്മാവെന്നും അല്ലാതെ സാക്ഷാൽ പരമാത്മാവായ ഈശ്വരൻ ഇതുകളിൽ നിന്നും അന്യമായൊന്നില്ലെന്നും ഉള്ള ബുദ്ധിയെ—നീ സന്ത്യജിച്ചിട്ട്—പാടെ ഉപേക്ഷിക്ക.— പ്രകൃതി....കെടൊ=പ്രകൃതിയുടെ—മായയുടെ— ഗുണങ്ങൾക്കു—സത്വ,രജസ്—തമോഗുണങ്ങൾക്കു— പരവശമായ്ഭവിക്കകൊണ്ടു—പരവശതയാ—അടിപ്പെടുകകൊണ്ടു—മനുഷ്യൻ—ബദ്ധനായ്വരും. പ്രാണദേഹങ്ങൾ—പ്രാണൻ—ജീവാത്മാവ്-ആകട്ടെ, ദേഹമാകട്ടെ രണ്ടും_ആത്മാവല്ലറികെടൊ. അജൻ=ജനനമില്ലാത്തവൻ. അവ്യയൻ=ഇളക്കവുംനാശവും ഇല്ലാത്തവൻ. കേവലൻ=സർവപ്രധാനി. അമേയൻ=അളക്കാൻപാടില്ലാത്തവൻ. അവ്യക്തൻ=തിരിച്ചറിയാൻ പാടില്ലാത്തവൻ. നിരാകുലൻ=ഇളക്കമില്ലാത്തവൻ. നിർമ്മമൻ=അഹങ്കാരമില്ലാത്തവൻ. നിയമപരനിലയനൻ=അനുഷ്ഠാനം കൊണ്ടു മാത്രം സാന്നിദ്ധ്യത്തെ അറിയിക്കുന്നവൻ. നിരാകാരൻ=ആകൃതിയില്ലാത്തവൻ. വിധി—ബ്രഹ്മാവു_ഹരി-വിഷ്ണു-ഹരൻ—ശിവൻ—ആദികൾക്കു—തുടങ്ങിയുള്ള ദേവന്മാക്കു—വേദാന്തം കൊണ്ടു മാത്രം വേദ്യൻ-അറിയപ്പെടത്തക്കവൻ_അജ്ഞാനിനാം—അറിവില്ലാത്തവൎക്കു—അവേദ്യൻ—അറിയാൻ തരമില്ലാത്തവൻ.

L. L. 521—530. ഇദം_ഈ_സകലജഗദ്—ലോകംമുഴവ
രം_മായാമയം—ആണെന്നു—അറിക. സച്ചിന്മയം—സത്തും എന്നു
മുള്ളതും—ചിത്തും—ചൈതന്യമുള്ളതും—ആയതു കൊണ്ടു നിറഞ്ഞ
തു്. സനാതനം=എന്നും നിലനിൽക്കുന്നതു്. ജഡമായിരിക്കുന്ന
ചൈതന്യരഹിതമായ—ഈ എല്ലാലോകവും അനിത്യവുമാകുന്നു.
ഏതു ദേഹവും നശിക്കും. ആത്മാനം_പരമാത്മാവിനെ-ആത്മ
നാ—മനസ്സു കൊണ്ടു-കണ്ടറികനീ—നീ വഴിപോലെ ആലോചി
ച്ചു് അറിയുക. പരമഗതി=മോക്ഷം. ഹരി=വിഷ്ണു. അഘം=പാ
പം. അകമലരു....ഭൂതിയാൽ=ഭഗവൽ തത്വങ്ങളേപ്പററിയുള്ള വി
ജ്ഞാനവും വിശ്വാസവും നിമിത്തം നിൻെറ നിമ്മലമനസ്സിനു
നിത്യമായ ആനന്ദാനുഭൂതിയുണ്ടാകുമ്പോൾ, പാപത്തേപോക്കുന്ന
തത്വജ്ഞാനത്തിൻെറ ഉദയവും നിനക്കു ജനിക്കുന്നതാണ്. രജ
നി....ദ്വയം=രജനിചര—രാക്ഷസന്മാരാകുന്ന വനത്തിനു ദഹനൻ
അഗ്നി—ആയുള്ളമന്ത്രാക്ഷരദ്വയം—രണ്ടക്ഷരങ്ങളുള്ള മന്ത്രം—ആണ്
"രാമ" ഇതി—എന്നുള്ളതു—പരമ്പരിതരൂപകം-രതി=മോഹം. വി
ഹായ=ഉപേക്ഷിച്ചിട്ടു്.

L. L. 531—540. ഭവഭയാപഹം_സംസാരദുഃഖത്തെ ഇല്ലാ
യ്മ ചെയ്യുന്നതു— വിഷ്ണുപാദാംബുജത്തിൻെറ വിശേഷണം-
ഭാനു=സൂര്യൻ. ഭക്തലോകപ്രിയം=ഭക്തജനങ്ങളേ സ്നേഹിക്കുന്ന
വൻ. മധുമഥനൻ=വിഷ്ണു. ചരണകമലേ—കാൽത്തളിരിൽ
ശരണമിതി—രക്ഷിക്കണമെന്നു പറഞ്ഞു്—പതിച്ചീടുക_വീണു നമ
സ്ക്കരിക്ക_കലുഷം=(ഇവിടെ) വിരോധം-മുനികൾ-കളുടെ-വചന
ങ്ങൾ-മയോക്തം-എന്നാൽ ഇപ്പോൾ പറയപ്പെട്ടതു—വിരിഞ്ചൻ—
ബ്രഹ്മാവു—മുതൽപേക്കുകൂടി സമ്മതമായുള്ള സത്യമാകുന്നു.—(സന
കാദി=സനകൻ സനന്ദൻ, സനാതനൻ,സനൽകുമാരൻ എന്ന
നാലു നിത്യബ്രഹ്മചാരികളെ ബ്രഹ്മാവിൻെറ പുത്രരായിട്ടും ബ്ര
ഹ്മമുഖത്തു നിന്നും വേദങ്ങളേ ലോകത്തിൽ വിതരണം ചെയ്യുന്ന
വരിയിട്ടുംപറയപ്പെടുന്നു.)

L. L. 541—550. പവ....ദിതം=പവനതനയനാൽ—ഹനു
മാനാൽ-ഉദിതം—പറയപ്പെട്ടതു—തിലസദൃശം_എണ്മണിപ്രായം-(എ
ള്ളിൻ പ്രായം ശിഥിലമാക്കുക.)

L. L. 551—560. നിയതം=നിശ്ചയമായിട്ടും. വസനേന_
വസനം-(വസ്ത്രം)-കൊണ്ടു്. വേഷ്ടിച്ചു=ചുററിയിട്ടു്.

L. L. 561—570. കലഹതകൻ=കൂട്ടത്തിൽ പിഴച്ചവൻ. നിസ്തേജൻ=തേജസ്സില്ലാത്തവൻ. സംസിക്തം=നനച്ച. അചലതരം=തീരെ ഇളകാതെ. അത്യായതസ്ഥൂലമായ്=വളരെ വിസ്താരത്തിൽ നീളവുംവണ്ണവുംഉള്ളതായ്. നിഖിലനിലയനങ്ങളിലും നിഹിതങ്ങളായ—സൂക്ഷിക്കപ്പെട്ടിരുന്ന—പട്ടാംബരങ്ങൾ— പട്ടവസ്ത്രങ്ങൾ—അംശുകം=വസ്ത്രം. നികൃതി=ധിക്കാരം.

L. L. 571—580. (അലം, അലം, ഇത്; അമലൻ, ഇവൻ എത്രയും എന്ന പദവിഭേദം—അനല....വാലധി=ഇഹ—ഇവിടെ—ഇതിനു—വാൽ മുഴവൻ ചുററുന്നതിനു വസനം, അനലം—(പോരാതെയാണിരിക്കുന്നതു്.) എന്നിരുന്നാലുംകാര്യനടപ്പിനു വേണ്ടി താമസിക്കാതെ വാലധിക്കു-വാലിനു-ഇനിഅനലം—തീ—കൊളുത്തുക. ബലസഹിതമബലമിവ=വാസ്തവത്തിൽ വളരെ ബലമുള്ളതിനേ, അബലം—തീരെ ദുർബലം—എന്നു കരുതീട്ടെന്നപോലെ രജ്ജുഖണ്ഡം=കയർ. ബദ്ധ്വാ=കെട്ടീട്ട്. ധൃത്വാ=എടുത്തുപൊക്കീട്ട്. കിതവമതികൾ=ദുർബുദ്ധികൾ. അരം—വേഗത്തിൽ—ആരവം കൃത്വാ-അട്ടഹസിച്ച് ശബ്ദം പുറപ്പെടുവിച്ച്—അതിചപലം=അധികം ഇളക്കിയിട്ട്. ചരമഗിരി—പടിഞ്ഞാറെ_ഗോപുരം. വാഹകന്മാർ=എടുത്തുകൊണ്ടു നടന്നവർ. ഉഡുപതി=ചന്ദ്രൻ. ഉത്തുംഗം=ഉന്നതം.

L. L. 581—590. ഉദവസിതം=ഭവനം. ഉൽപ്ലുത്യ=മേൽപോട്ട്ചാടീട്ട്. പ്രകൃതിചപലതയൊട്=വാനരചാപല്യത്തോടുകൂടി. അചലമായുള്ള—സുസ്ഥിരമായ—ഓരോ മണിപ്രാസാദങ്ങളെ വലിയ എടുപ്പുകളേകത്തിച്ചു.—ഇവിടെ അചലത്തെ തൽക്കാലവിശേഷണമായിട്ടും എടുക്കാം. അങ്ങിനെയാവുമ്പോൾ, ഹനൂമാൻ പ്രകൃതിചാപല്യം കൊണ്ടെന്നമട്ടിലെങ്കിലും തീരെ അചലമാംവണ്ണം—നല്ലനല്ലകെട്ടിടങ്ങൾ കത്തിച്ചു കളയുന്നതിൽ ലേശവും ഹൃദയചാഞ്ചല്യം കൂടാതെ—ലങ്കയിലെ പ്രാസാദങ്ങളേ ദഹിപ്പിച്ചുഎന്നാർത്ഥയോജന. ഏതായാലും വിരോധാഭാസംഎന്ന അലങ്കാരം ഇവിടെ പ്രയോഗിച്ചിരിക്കുന്നു—പദാതി-കാലാൾപ്പടകളുടെ പംക്തി—കൂട്ടം_ഗമ്യങ്ങൾ—ചെന്നെത്താവുന്ന—ഹർമ്മ്യം=മാളിക. അനില....ഗമിച്ചുതദാ=അഗ്നിജ്വാല തെളിഞ്ഞു വിഷ്ണുപദത്തെ—ആകാശത്തിൽ-ഗമിച്ചു; അതേസമയം, ഹനുമാൻെറ

ഹൃദയവും, വിഷ്ണുപാദത്തെ—ശ്രീരാമപാദത്തെ—ഗമിച്ചു=ഭക്തിപൂരസ്സരം സ്മരിച്ചു—ഇവിടെ അഗ്നിജ്വാലയും ഹനുമാന്റെ ഹൃദയവും, രണ്ടും വർണ്ണ്യങ്ങളാകയാൽ. ദീപകത്തിന്റെ വകഭേദമായ തുല്യയോഗിതയാണു അലങ്കാരം. എന്നാൽ ഇതു്, 'വിഷ്ണു'ശബ്ദത്തിനുള്ള ദ്വയാർത്ഥങ്ങളെ ആശ്രയിച്ചു സമർത്ഥിച്ചിരിക്കയാൽ ശ്ലേഷമൂലകമായ തുല്യയോഗിത എന്നു പറയണം. അഹ....ധിയാ="ഞാൻ മുമ്പേ" "ഞാൻ മുമ്പേ" എന്നുള്ള മത്സരബുദ്ധിയോടുകൂടി. ഇവിടെ ഫലോൽപ്രേക്ഷാലങ്കാരം. ഭുവനതല....വന്നിതദ്ഭുതം=ദിവ്യരത്നങ്ങളാൽഭൂതിപരിപൂർണ്ണമായ_ഐശ്വര്യസമ്പന്നമായ-ലങ്കാപുരി, ഇപ്രകാരം അനിലസുതൻ ദഹിപ്പിച്ചുകഴിഞ്ഞുവെങ്കിലും, പിന്നെയും ഭൂതിപരിപൂർണ്ണമായ്വന്നതു_ചാമ്പൽകൊണ്ടു നിറഞ്ഞുവശമായതു—അദ്ഭുതമല്ലയോ:ഇവിടെ അത്ഭുതത്തിനു കാരണമായിട്ടുള്ളതു് രണ്ടു സന്ദർഭങ്ങളിലും ലങ്കാപുരിക്കു ചേരുന്ന ഭൂതിപരിപൂർണ്ണമെന്ന ഏക വിശേഷണത്വം കൊണ്ടാണല്ലോ. എന്നാൽ ഭൂതിയെന്നപദത്തിനു "ഐശ്വര്യ"മെന്നും "ചാമ്പൽ" എന്നും അർത്ഥാന്തരങ്ങൾ ഉണ്ടെന്നറിഞ്ഞു വിശേഷണത്തെ അതാതു വിശേഷ്യത്തോടു യോജിപ്പിച്ചു വ്യാഖ്യാനിക്കുമ്പോൾ പ്രഥമദൃഷ്ടിയിൽ തോന്നിയ വിരുദ്ധത അസ്തമിക്കയും ചെയ്യുന്നു. അതിനാൽ ഇവിടെ ശ്ലേഷമൂലകമായ വിരോധാഭാസാലങ്കാരം. ദശ....ഗൃഹം=വിഭീഷണാലയം.

**L. L. 591_600.** മുറുക്കുക=ദണ്ഡിപ്പിച്ചുംകൊണ്ടു അടുക്കുക. പരദാരങ്ങൾ=അന്യന്റെ ഭാര്യ.—ദാരങ്ങൾ എന്നു സംസ്കൃതത്തിൽ നിത്യബഹുവചനമായിട്ടേ പ്രയോഗമുള്ളു. എങ്കിലും അർത്ഥം, ഭാര്യയെന്നു് ഏകവചനത്തിലാണു്.-പരിഗ്രഹിക്ക=സ്വീകരിക്ക.

**L. L. 601_620.** തരുണി=സ്ത്രീ. ചാരിത്രം=പാതിവ്രത്യം അവർമനസി....കേവലം=പതിവ്രതമാരുടെ ഉള്ളിലെ അന്തസ്താപം വർദ്ധിച്ചാണു് ഇപ്പോൾ രാജ്യത്തു അഗ്നിയായ് പിടിപെട്ടിരിക്കുന്നതു്. ഇവിടെ ഗമ്യോൽപ്രേക്ഷ. ഇഹ-ഇവിടെ_ശരണം-രക്ഷ- കിംഇതി _എന്താകുന്നുവെന്നു— വര+ഇഷ്ട=വരേഷ്ട-രാമന്റെ ഇഷ്ടദൂതൻ; ഹനുമാൻ. ത്രിയാമാചര_(രാക്ഷസ)രാജ്യം അർദ്ധരാത്രികഴിഞ്ഞുള്ള രാത്രി, മൂന്നാമത്തെ യാമം ആകുന്നു. അ

പ്പോഴാണു രാക്ഷസന്മാരുടെ സഞ്ചാരസമയം. അമൃതനിധി=സമുദ്രം. ലാംഗൂലം=വാൽ. പൊലിച്ചു–തീകെടുത്തി-പാവകൻ=അഗ്നി.പതിനിരത=പതിവ്രത തന....ഹാത്തൻ=തനയൻ, ധനം-ദാരങ്ങൾ(ഭാര്യ)–ഇവർ നിമിത്തമുള്ള അതിമോഹങ്ങളാൽ, പീഡിതൻ താപത്രയാനലൻ=താപത്രയം ആകുന്ന അഗ്നി._ഭൌതികം-ദൈവീകം ആത്മികം ഇവയാണു്, അഗ്നിസമാനമായ്, മനുഷ്യരെ പീഡിപ്പിക്കുന്ന മൂന്നു തരം താപങ്ങൾ- തദഭിമതകാരി=അപ്രകാരമുള്ള രാമന്നു ഇഷ്ടമായുള്ളതു പ്രവൎത്തിക്കുന്നവൻ. പ്രകൃതാനലൻ= ഈ അഗ്നി(പ്രകൃതിയിലുള്ള അഗ്നിയെന്നും)–ഭുവിമനുജജനനം യദി ഭവതി=ഭൂമിയിൽ മനുഷ്യജന്മം സിദ്ധിക്കുന്നുവെങ്കിൽ, ഭുവനപതിയായ ഭുജഗപതിശയനന്റെ –അനന്തശായിയുടെ–ഭജനം. ഭൂത.... പഹം=ഭൌതികവും, ദൈവീകവും ആത്മീകവും ആയ താപങ്ങളെ ഇല്ലാതാക്കുന്നതു്. ആജ്ഞാപയ=അനുവദിച്ചാലും, ആശുരാമാന്തികംഗച്ഛാമി. വേഗത്തിൽ ഞാൻരാമസന്നിധിയെ പ്രാപിക്കാൻ പോകുന്നു.

L. L. 621-640. അരുണജൻ=സുഗ്രീവൻ. അനന്തസേന– അവസാനമില്ലാത്തസേന.മൽഭരം–ഞാൻഏററതു്. കഥംവസാമി–ഞാൻഎങ്ങനെവസിക്കുന്നു? ജാതാനുകമ്പം–അനുകമ്പയോടുകൂടുംവണ്ണം. ശുചം=ദുഃഖത്തെ. ആരുഹ്യ–കയററീട്ടു്. ഉപഗമ്യ–അടുത്തുകൊണ്ടുപോയിട്ടു്. ആത്മനി–എന്റെമനസ്സിൽ. ദിവ്യാസ്ത്രേ....സാഗരം–ദിവ്യാസ്ത്രപ്രയോഗംകൊണ്ടു സമുദ്രത്തെ ശോഷിപ്പിച്ചും –വെള്ളംവററിച്ചും–ബന്ധിപ്പിച്ചും– ചിറകെട്ടിയും- മററും. ജഗത്രയത്തിനുകണ്ടകനായ ... സ്വൎഗ്ഗം, പാതാളം എന്നുജഗത്രയം. കണ്ടകം=ശല്യം-മറിവു= പരസ്യമായിട്ടല്ലാതെ. രഭസം–വേഗം.

L .L. 641-670. കാകുൽസ്ഥവീരനനുഗ്രഹത്താൽ =കാകുൽസ്ഥവീരന്റെ അനുഗ്രഹത്താൽ–കാകുൽസ്ഥവംശം –രഘുവംശം അതിൽപ്പെട്ടവീരൻ -ശ്രീരാമൻ_ വാലാഞ്ചലം–വാലിങ്കൽ- ആചുംബ്യ- ചുംബനം ചെയ്തിട്ടു്_ പ്രസ്രവണമെന്ന അചലം _ പൎവതം_ ദാനമാനേന =ദാനം ചെയ്തും മ നത്തോടുകൂടിയും -ഉദാരമായ്_ സുഗ്രീവസ്യ ശാസനാൽ= സുഗ്രീവന്റെ ആജ്ഞയനുസരിച്ചു്. ദണ്ഡധരന്മാർ– വടിയും കൊണ്ടു അവിടെ കാവൽനി

ൽക്കുന്നവർ.(പവനസുതമുഖകപികൾ -ളുടെ- മുഷ്ടിപ്രഹരം നിമിത്തം- വലമഥനൻെറ -ദേവേന്ദ്രൻെറ- സുതൻെറ -ബാലിയുടെ- തനയൻ = അംഗദൻ.

L.L. 671–690. പുരുഹൂത- ദേവേന്ദ്ര-സോദരൻ = വിഷ്ണു. -ദേവമാതാവായ അദിതിയുടെ പുത്രനായിട്ടാണ് മഹാവിഷ്ണു, മഹാബലിയുടെ മദം ശമിപ്പിക്കുവാൻ വാമനമൂർത്തിയായ് വന്നവതരിച്ചതു. അതുകൊണ്ടു ദേവേന്ദ്രൻെറ അനുജനെന്നസ്ഥാനം വിഷ്ണുവിനു കിട്ടുകയുണ്ടായി.— ഭുജഗനിവഹത്തെ —സർപ്പക്കൂട്ടത്തെ— അശനം ചെയ്യുന്നവൻ. ഗരുഡൻ. പുഷ്കരപുത്രി = ലക്ഷ്മി. ഭുജ.... താംഘ്രിദ്വയൻ =ഭുജഗ-സർപ്പ- കുലഭൂഷണ-ശിവ- നാൽ ആരാധിതമയ അംഘ്രി- പാദ- ദ്വയത്തോടു കൂടിയവൻ-ദ്വയം= രണ്ടു- പുഷ്കരബാന്ധവൻ — സൂര്യപുത്രൻെറ — സുഗ്രീവൻെറ— പ്രിയസഖി. ഭുജബലമുള്ളവരിൽ വെച്ചു ശ്രേഷ്ഠൻ. പുണ്യജനങ്ങൾക്കു -രാക്ഷസന്മാൎക്കു— അന്തകൻ.ഭൂതപഞ്ചാത്മകൻ= പഞ്ചഭൂതങ്ങൾ തന്നെയായവൻ. ഭൂരി -ധാരാളമായുള്ള- ഭൂതി-യെ-പ്രദാനംചെയ്യുന്നവൻ· പുണ്യജനങ്ങളാൽ -പുണ്യവാന്മാരാൽ- അർച്ചിതൻ-പൂജിക്കപ്പെടുന്നവൻ. ഭുജഭവകുലം= ക്ഷത്രിയകുലം, —ബ്രഹ്മാവിൻെ ഭുജങ്ങളിൽ നിന്നാണ് ക്ഷത്രിയോല്പത്തി- ദിഷ്ടപൂർണ്ണം= ഭാഗ്യപൂർണ്ണം. ഹരീശ്വരൻ = വാനരശ്രേഷ്ഠനായ സുഗ്രീവൻ. വിചാരിച്ചു= ചോദിച്ചു. അനശനം = ഭക്ഷണംകഴിക്കാതിരിക്ക. അന്വഹം= ദിനംതോറും. ആശരനാരി =രാക്ഷസി. ശുചാ= ദുഃഖത്തോടുകൂടി.

LL. 691-710 ഉടജഭുവി = ആശ്രമത്തിൽ. രഹിത= ഏകാകിനി. സംക്രന്ദനാത്മജൻ —ദേവേന്ദ്രൻെറപുത്രൻ. ബാലി—ക്ഷിതിദുഹിതാവിൻെറ —ഭൂപുത്രിയായ സീതയുടെ — അന്വേഷണാർത്ഥം. പ്രയാസം= യത്നം. മേശ്രവണയുഗളാമൃതം കേന, ശ്രാവിതം =എൻെറ രണ്ടു ചെവികൾക്കും ആനന്ദപ്രവാഹമായ ഈ വർത്തമാനം, ആരാൽ കേൾപ്പിക്കപ്പെട്ടു? ശ്രീമതാം—ശ്രീമാന്മാരിൽവെച്ച്— അദ്ദേഹം അഗ്രേസരൻ—ആകുന്നു.— ആ പുണ്യവാൻ, മമ —എൻെറ— നയനയുഗളപഥത്തെ —എൻെറ രണ്ടു കണ്ണുകളുടെയും നേർവഴിക്ക്— നേരേമുമ്പിൽ— ആയാതു-വരട്ടെ- മാനവവീരനായ ശ്രീരാമൻെറ പ്രസാദത്താൽ ആ ആൾ, എനിക്കു പ്രത്യക്ഷ

മാകട്ടെ. മയാ വൃത്താന്തങ്ങൾ അഖിലം കഥിതം. =എന്നാൽ എല്ലാവൃത്താന്തങ്ങളും പറയപ്പെട്ടു. കണ്ണുനീർകൊണ്ടു കഴുകിക്കളഞ്ഞു എന്നു പറഞ്ഞിരിക്കുന്നിടത്തു ഗമ്യോൽപ്രേക്ഷ.

LL 111—787 ധന്യംചിഹ്നംമേദേഹി= ധന്യമായ ചിഹ്നത്തെ എനിക്കായിക്കൊണ്ടു തന്നാലും. സിദ്ധയെ= സിദ്ധിക്കായിട്ട്. ബഹു....ദുഃഖം തീർത്ത്= പലതരത്തിലുള്ള വാക്കുകളും ഭാവങ്ങളും പ്രയോഗിച്ച്. വിടവഴങ്ങിച്ച്= യാത്രഅനുവദിപ്പിച്ചു. രാവണനു അഭീഷ്ടാസ്പദമായ (വളരെ താൽപര്യമുള്ള) ആരാമം (അശോകവനികയെന്ന ഉദ്യാനം) ദശമുഖാത്മജൻെറ (ഇന്ദ്രജിത്തിൻെറ- ബ്രഹ്മാസ്ത്രത്താൽ ബന്ധിക്കപ്പെട്ടവനായിട്ട്.. അധുനാ+ഏവ. (ഇതാ ഇപ്പോൾ തന്നെ)

ഇന്ദിരാ =ലക്ഷ്മി. സുരന്മാർക്കുപോലും ദുഷ്ക്കരമായ (ദുസ്സാധമായ) കാര്യം, ത്വയാകൃതം നിന്നാൽ ചെയ്യപ്പെട്ടിരിക്കുന്നു. മമ(എൻെറ) സർവസ്വവും ഞാൻ നിനക്കു തന്നേൻ. പ്രണയമനസാ= ഉററസ്നേഹം നിമിത്തം. രമാവരൻ =ലക്ഷ്മീകാന്തനായ ശ്രീരാമൻ. ഉരസി- മാർവിൽ. പൂർണ്ണ.... ഭാഗ്യം= തികഞ്ഞപുണ്യാതിരേകത്താലുള്ള സൌഭാഗ്യം. ഓഘം= കൂട്ടം.

അദ്ധ്യാത്മരാമായണം ആദ്യന്തം ശ്രീ പരമേശ്വരൻ പാർവതിയോടുപറയുന്നതായിട്ടാണു ആഖ്യാനം ചെയ്തിരിക്കുന്നതു്. അതിനാൽ ഈ കാണ്ഡവും ഇപ്രകാരമുള്ള അവരുടെ സംഭാഷണത്തിൽ സമാപിക്കുന്നു.

........

## വൃത്തം

ദ്രാവിഡഗാനവൃത്തങ്ങളിൽ, അക്ഷരങ്ങളെ ഗുരുവെന്നും ലഘുവെന്നും തിരിക്കേണ്ടതു്, പാട്ടിൽ അതാതു അക്ഷരങ്ങൾക്കു കിട്ടുന്നസ്വരോച്ചാരണം അനുസരിച്ചാണു്. ഉച്ചാരണത്തിൽ രണ്ടു മാത്രവേണ്ട അക്ഷരങ്ങളെ 'ഗുരു" വെന്നും ഒരു മാത്രയുള്ളവയെ "ലഘു" വെന്നും ഗണിക്കാം. ദീർഘസ്വരങ്ങൾക്കും, ഉറപ്പിച്ചുച്ചരിക്കേണ്ട കൂട്ടക്ഷരങ്ങളുടേയും അനുസ്വാരത്തിൻെറയും മുമ്പിൽ വരുന്ന ഹ്രസ്വസ്വരങ്ങൾക്കും, പാട്ടിൽ അവശ്യം, രണ്ടു മാത്ര

കിട്ടുന്നു. വിസർഗ്ഗത്തിന്, ഉറപ്പിച്ചുച്ചരിക്കേണ്ട കൂട്ടക്ഷരത്തിന്റെ സ്ഥാനം തന്നെയാകയാൽ, ദ്രാവിഡഗാനങ്ങളുടെ വിഷയത്തിൽ വിസർഗ്ഗത്തിന്റെ കാര്യം പ്രത്യേകമെടുത്തുപറയേണ്ടതില്ല. അതിനാൽ ദീർഘസ്വരങ്ങളും മേൽ പറഞ്ഞസ്ഥാനങ്ങളിലുള്ള ഹ്രസ്വസ്വരങ്ങളും ഗുരുവാകുന്നു. ഇവിടെ സ്വരങ്ങളെന്നുള്ളതിൽ അതാതു സ്വരാന്ത്യങ്ങളായ വ്യഞ്ജനങ്ങളും ഉൾപ്പെടുന്നു. അപ്പോൾ മാത്രമേ, വ്യഞ്ജനങ്ങൾക്കുഅക്ഷരസ്ഥാനം തികഞ്ഞു കിട്ടുകയുള്ളുവല്ലൊ.

ഇങ്ങനെയുള്ള അയ്യഞ്ചു മാത്രകളുടെസംഘാതത്തിനു "ഗണം" എന്നുപേരു്. മലയാളത്തിൽ മുമ്മൂന്നു അക്ഷരങ്ങളെക്കൊണ്ടു അഞ്ചുമാത്രവരുത്തുവാൻ വളരെ എളുപ്പമാകയാൽ അങ്ങനെയുള്ള നാലുഗണങ്ങൾ ഓരോവരിയിലുമുള്ള ഈരടി, ആദ്യകാലത്തു ധാരാളമായി പ്രചരിച്ചു. ഇതാണു് "കാകളി" വൃത്തം. ഗണമൊന്നിനു മൂന്നക്ഷരവും അഞ്ചുമാത്രയുമുള്ള നാലുഗണം ഓരോ വരിയിലുമുണ്ടാകുമ്പോൾ, കാകളിയിലെ ഓരോ വരിയ്ക്കും പന്ത്രണ്ടക്ഷരവും, ഇരുപതു മാത്രയും ഉണ്ടാകുമല്ലൊ. ഇങ്ങനെയുള്ള ഈരടിയാണു് കാകളി. ഉ-ം.

നി ന്നു ടെ | ഭ ത്താ വു | ദേ ഹ മോ | ജീ വ നോ ?
ധ ന്യേ! പ | ര മാ ർ ത്ഥ | മെ ന്നോ ടു | ചൊ ല്ലു നീ

ഇവിടെ അക്ഷരങ്ങളുടെ മുകളിലിട്ടിരിക്കുന്ന ചെറിയനെടുവര, താഴെയുള്ള അക്ഷരം ഗുരുവെന്നും, മീത്തൽ അടയാളം അതിനു താഴെയുള്ള അക്ഷരം ലഘുവെന്നും കാണിക്കുന്നു.

എന്നാൽ; "നിന്നുടെ" എന്നുള്ള ആദ്യഗണത്തിലെ ഒടുവിലത്തെ അക്ഷരമായ 'ടെ' യെന്നതു ഹ്രസ്വമായ എകാരമാണെങ്കിലും "പാടുംപോൾ അവിടം നീട്ടി"ടേ"എന്നു ദിർഘസ്വരാന്തമായി ഉച്ചരിക്കേണ്ടിയിരിക്കുന്നതിനാൽ അതിനെ ഗുരുവാക്കിഅടയാളപ്പെടുത്തിയിരിക്കുന്നതു നോക്കുക. അതുപോലെ രണ്ടാമത്തെ വരിയിൽ രണ്ടാം ഗണത്തിലെ ഒടുവിലത്തെ അക്ഷരമായ "ത്ഥ", ഹ്രസ്വസ്വരാന്ത്യമെങ്കിലും പാട്ടിനു വേണ്ടി ദീർഘിപ്പിക്കേണ്ടിയിരിക്കുന്നു. അതിനാൽ അതിനേയും ഗുരുവായിട്ടെണ്ണണം. ഇതാണു് സം

സ്കൃതവൃത്തത്തിനുവേണ്ടിയുള്ള ഗുരു ലഘു നിർണ്ണയത്തിൽ നിന്നും ദ്രാവിഡ നിയമത്തിനുള്ള പ്രധാന വ്യത്യാസം.

അഞ്ചുമാത്ര വരത്തക്കവണ്ണം സാധാരണമായുള്ള മൂന്നക്ഷരങ്ങൾക്കുപകരം അഞ്ചു ലഘുക്കളെക്കൊണ്ടുള്ള ഗണം രണ്ടോ മൂന്നോ ആദ്യവരിയിൽ പ്രയോഗിക്കയും ബാക്കി കാര്യങ്ങളിൽ കാകളീലക്ഷണങ്ങളെ അനുവർത്തിക്കയും ചെയ്താൽ അതു "കളകാഞ്ചി"യായി.

[illegible]പൊഴുതു | പവനസുത | നരികുശശ | രീരനാ
യം ഗ്ല ഷ്ഠ | തുല്യനാ | യകം പ്പുക്ക | രുളിനാൻ

ഇവിടെ ആദ്യവരിയിലെ ആദ്യഗണങ്ങൾ മൂന്നും ലഘുമയമായ് പ്രയോഗിച്ചിരിക്കുന്നു. ശേഷം ഗണങ്ങളിലെല്ലാം കാകളിയെ അനുസരിക്കയും ചെയ്യുന്നു. ഒടുവിലത്തെ വരിയിലുള്ള അന്ത്യഗണത്തിലെ ആദ്യക്ഷരമായ 'രു" ഹ്രസ്വസ്വരാന്ത്യമെങ്കിലും പാട്ടിനുവേണ്ടി നീട്ടിച്ചൊല്ലേണ്ടിയിരിക്കുന്നു. അതിനാൽ അതും ഗുരുവാണ്.

ശൃണുസുമുഖി | സുരസുഖപ | രേ!സുര | സേശുഭേ!
ശു ദ്ധോ ഭ | ജംഗ മാ | താ വേ ന | മോ സ്തു തേ

ഇവിടെ ആദ്യത്തെ രണ്ടുഗണങ്ങൾ മാത്രമേ ലഘുമയമായുള്ളു. ശേഷം എല്ലാ ഗണങ്ങളിലും കാകളി ലക്ഷണം തന്നെ. ആദ്യവരിയിലെ മൂന്നാം ഗണത്തിലെ രണ്ടാമക്ഷരമായ 'സു' പാട്ടിനുവേണ്ടി ഗുരുവായതാണെന്ന് ഇവിടെയും കണ്ടറിയുക.

ഈ കാണ്ഡത്തിൽ, ഇടയ്ക്കു ചിലപ്പോൾ ആദ്യഗണംമാത്രം ലഘുമയമായി പ്രയോഗിച്ചിട്ടുള്ളതായും കാണാം. ഉ-ം.

നിരുപമന | മേയന | വ്യക്തൻ നി | രാ കു ല ൻ
നിർഗ്ഗുണൻ | നിഷ്ക്കളൻ | നിർമ്മമൻ | നിർമ്മലൻ

ഇങ്ങനെ നോക്കുമ്പോൾ "കാകളി" യുടെ ഒരു വകഭേദമായ് തന്നെ ഗണിക്കാവുന്ന "കളകാഞ്ചി"യാണ് ഈ കാണ്ഡത്തിലെവൃത്തം

DHARMARAM LIBRARY

BANGALORE-560 029

| Due Date | Due Date | Due Date |
|---|---|---|
| | | |

DC Library
*00011765*
T61 A42

T61
A42

T61
A42

Indic Digital Archive Foundation
gpura.org